# FMPB മിത്രാസമാചാർ

(for private circulation only)

വാല്യം : 12 ലക്കം : 6 ജൂൺ : 2022

## നാം അവരുടെ മക്കളോടു അവയെ മറെച്ചു വെക്കാതെ വരുവാനുള്ള തലമുറയോടു യഹോവയുടെ സ്തുതിയും ബലവും അവൻ ചെയ്ത അത്ഭുതപ്രവൃത്തികളും വിവരിച്ചു പറയും

(സങ്കീർത്തനം 78:4)



ജാർഖണ്ഡിലെ FMPB കമ്യൂണിറ്റി കോളജിൽ വിശ്വാസികളുടെ മക്കൾക്കായി നടത്തിയ പത്തു ദിവസത്തെ വേനൽക്കാല ആത്മീയ ക്യാമ്പ്

# ആമുഖം ...



**ദൈവത്തിനു കൊച്ചുമക്കൾ ഇല്ല!**

ദൈവത്തിനു മക്കൾ മാത്രമേ ഉള്ളു. ശ്രേഷ്ഠ ആചാര്യനായ മിഷനറി ഇ. സ്റ്റാൻലി ജോൺസ് പറയുന്നതു പോലെ ദൈവത്തിനു പേരക്കുട്ടികളില്ല. യേശുക്രിസ്തു, പൗലൊസ്, യോഹന്നാൻ ഇവരാരും പുതിയ വിശ്വാസികളെ സൂചിപ്പിക്കുന്നതിനായി കൊച്ചുമക്കൾ എന്ന പദം ഉപയോഗിച്ചിട്ടില്ല. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:12). "നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു" (2 കൊരി.6:18). നമ്മുടെ അപ്പന്റെയോ അമ്മയുടെയോ വിശ്വാസം നമ്മുടെതാണ് എന്ന് നമുക്കാർക്കും അവകാശപ്പെടുവാൻ കഴികയില്ല. 'ആത്മീയ കൊച്ചുമക്കൾ' എന്ന ഒരു സംഗതിയെ ഇല്ല.

മിഷൻ വയലിൽ നമ്മുടെ വിശ്വാസികളുടെ മക്കളാകുന്നു നമ്മുടെ ശുശ്രൂഷയുടെ ഭാവി. ഒന്നാം തലമുറ വിശ്വാസികളുടെ മക്കളെ ക്രസ്തീയ വിശ്വാസം അവരുടെ അവകാശമാക്കുന്നതിനു നാം പഠിപ്പിക്കുന്നു. അതു വ്യക്തിപരമായ അനുഭവമാക്കുവാൻ നാം അവരെ ഉത്സാഹിപ്പിക്കുന്നു. നാം അവർക്കു ക്രിസ്തുവിനെ ചൂണ്ടികാണിക്കുവാൻ ശ്രമിക്കുന്നു, അങ്ങനെ അവരും ദൈവത്തെ പിതാവ് എന്നു വിളിക്കുന്നതിന്റെ മഹത്വകരമായ അനുഗ്രഹം സ്വയം അനുഭവിച്ചറിയണം. മിഷൻ വയലുകളിൽ രണ്ടാം തലമുറ വിശ്വാസികളുടെ മദ്ധ്യത്തിൽ നാം സുവിശേഷവേലചെയ്യുന്നതിനാൽ അവരുടെ ജീവിതത്തിലും വിവിധ തരത്തിലുള്ള സമ്പൂർണ്ണമായ രൂപാന്തരീകരണം കാണുവാൻ സാധിക്കും.

മാത്രമല്ല, കുട്ടിക്കാലത്തെ വിദ്യാഭ്യാസം എന്നത് ഏറ്റവും സാധാരണമായ മിഷനറി പ്രവർത്തന ശൈലികളിൽ ഒന്നാണെന്നു ഞങ്ങൾ കരുതുന്നു. നമ്മുടെ സ്കൂളുകൾ, ഹോസ്റ്റലുകൾ, ദിന പരിപാലന കേന്ദ്രങ്ങൾ എന്നിവയെ സുവിശേഷീകരണത്തിന്റെ തയ്യാറെടുപ്പായി നാം കാണുന്നു. വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ലോക വീക്ഷണത്തിനു മാറ്റമുണ്ടാകും. അവരുടെ നീതിബോധം, ധാർമ്മികത, സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി തുടങ്ങിയവ മെച്ചപ്പെടും. വേദപുസ്തകം പറയുന്നു, "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടു മാറുകയില്ല" (സദൃ.22:6). നമ്മുടെ മിഷൻ വയലുകളിൽ നാം ചെയ്യുന്ന ശിശു പരിപാലന ശുശ്രൂഷയെ ഇതു സാധൂകരിക്കുന്നു. ദൈവം തീർച്ചയായും നമ്മുടെ വിശ്വാസികളുടെ മക്കളിലൂടെ വരും നാളുകളിൽ പ്രവർത്തിക്കും, അങ്ങനെ അവർ യുവസഭകളുടെ നേതാക്കന്മാരും അവരുടെ സമൂഹത്തിന്റെ നെടുംതൂണുകളും ആയി തീരും. ഇവരിലൂടെ ഇവരുടെ തലമുറയുടെ ലോക വീക്ഷണത്തിൽ മാറ്റമുണ്ടാകും.

ദുഷ്ട ലോകത്തോടു യുദ്ധം ചെയ്യുന്നതിനോ അതിൽ നിന്നു ഓടി ഒളിക്കുന്നതിനോ അല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. നാം ഉപ്പും പുളിമാവും, വെളിച്ചവും പോലെയാകണം, ഈ ലേകത്തിൽ രൂപാന്തരീകരണം വരുത്തണം. മാറ്റാനാകാത്ത വിധം ലോകത്തെ സ്വാധീനിക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞു. അവനെക്കാൾ വലിയ കാര്യങ്ങൾ നമുക്കു ചെയ്യുവാൻ കഴിയുമെന്നു ക്രിസ്തു വാഗ്ദാനം നൽകിയിരിക്കുന്നു (യോഹ.14:12-14). അതിനാൽ നമുക്ക് മിഷൻ വയലിലുള്ള അടുത്ത തലമുറയെ രൂപപ്പെടുത്തുന്ന ശുശ്രൂഷ തുടരാം. ദൈവത്തോടു ചേർന്നു ലോകത്തിൽ സ്വാധിനം ചെലുത്താം!

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

"വീണ്ടും ജീവിക്കുവാൻ എനിക്കു ഒരു അവസരം കൂടി ലഭിച്ചാൽ
കുഞ്ഞുങ്ങളെ ദൈവത്തിനായി നേടുന്നതിനായി
എന്റെ എല്ലാ ശുശ്രൂഷയും സമർപ്പിക്കും."
– ഡി എൽ മൂഡി

"തലമുറതലമുറയോടു നിന്റെ ക്രീയകളെ പുകഴ്ത്തി
നിന്റെ വീര്യപ്രവൃത്തികളെ പ്രസ്താവിക്കും." (സങ്കീ.145:4)

"നിങ്ങൾക്കു കഴിയുന്നയിടത്തോളം കാലം നിങ്ങൾക്കു കഴിയുന്ന എല്ലാ സമയത്തും നിങ്ങൾക്കു കഴിയുന്ന എല്ലാ സ്ഥലത്തുമുള്ള നിങ്ങൾക്കു കഴിയുന്ന എല്ലാ ആളുകൾക്കും നിങ്ങൾക്കു കഴിയുന്ന എല്ലാ മാർഗ്ഗത്തിലൂടെയും നിങ്ങൾക്കു കഴിയുന്ന എല്ലാ നന്മകളും ചെയ്യുക."
– ജോൺ വെസ്ളി

"അവന്റെ അടയാളങ്ങൾ എത്ര വലിയവ! അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ! അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും അവന്റെ ആധിപത്യം തലമുറതലമുറയായുള്ളതും ആകുന്നു". (ദാനി.4:3)

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-
FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
Rev. **സുദർശൻ തോമസ്**

**FMPB** യുടെ പ്രതിമാസ സൂനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in



Layout and Preparation:
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തിയുള്ള നാമത്തിൽ സ്നേഹവന്ദനം.

ഇതുവരെയുള്ള ജീവിതത്തിൽ ദൈവം നമുക്കു നല്ലവനായിരുന്നു. നമ്മുടെ ഭാവി എന്തെന്നു നമുക്കു അറിയില്ല. എന്നാൽ നമ്മുടെ ഭാവി ദൈവകരങ്ങളിൽ സുരക്ഷിതമാണെന്നു നമുക്ക് അറിയാം. അതുകൊണ്ട് ആശ്രയത്തോടും പ്രത്യാശയോടും കൂടെ ഓരോ ദിവസത്തെയും നമുക്കു അഭിമുഖീകരിക്കാം. സങ്കീർത്തനം 25:1–3 ൽ ദാവിദ് പറയുന്നത്, അവൻ ദൈവത്തിൽ ആശ്രയിക്കുമായിരുന്നു. ദൈവത്തിൽ ആശ്രയിച്ചതിനാൽ ദൈവം അവനെ ലജ്ജിപ്പിച്ചില്ല. ഒടുവിൽ ദാവിദ് ഉറപ്പു നൽകുന്നു ദൈവത്തിൽ ആശ്രയിക്കുന്ന ആരും ഒരു നാളും ലജ്ജിക്കയില്ല. ദൈവം തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം നിങ്ങളെ അനുഗ്രഹിക്കും.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിലെ ബിരുദദാനം

പത്തുമാസത്തെ പരിശീലനം പൂർത്തീകരിച്ചു ദൈവത്തിന്റെ കയ്യിലെ ഇണങ്ങുന്ന ആയുധമായി തീർന്ന മിഷനറി പരിശീലനാർത്ഥികളായ 19 പേർക്കു 2022 ഏപ്രിൽ 20 ന് ബിരുദം നൽകി. ബിരുദധാരികളായ മിഷനറിമാരെ ഇന്ത്യയുടെ വിവിധ മിഷൻ വയലുകളിൽ കർത്താവിനെ സേവിക്കുവാനായി നിയോഗിച്ചയച്ചു. ഈ മിഷനറിമാർ പ്രാദേശിക ഭാഷ വേഗത്തിൽ പഠിക്കേണ്ടതിനും അവർ ആയിരിക്കുന്ന ഇടങ്ങളിലെ സംസ്കാരവുമായി പരിചിതരാകേണ്ടതിനായും ധൈര്യത്തോടെ സുവിശേഷം പ്രഘോഷിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

## നിത്യതയിൽ പ്രവേശിച്ച മിഷനറിമാർ

നമ്മുടെ മിഷനറി ശ്രീമതി. അരുൾ പാക്കിയ ബായ് യോശുവ കാൻസർ രോഗത്തോടു മാസങ്ങളോളം ധീരമായി പോരാടി ഒടുവിൽ 2022 ഏപ്രിൽ 30ന് നിത്യതയിൽ പ്രവേശിച്ചു. സഹോദരൻ. കെ എസ് യോശുവെക്കും അവരുടെ മകൻ ടൈറ്റസിനും നിങ്ങളുടെ പ്രാർത്ഥന വളരെ സഹായകരമാണ്.

മാൾട്ടോ ജനങ്ങളുടെ മദ്ധ്യെ പ്രവർത്തിച്ച നമ്മുടെ മിഷനറി ശ്രീമതി. ലൈസാമ്മ ബാബു അനേക നാളുകൾ ആശുപത്രിയിലും അല്ലാതെയുമുള്ള ചികിത്സകൾക്കു ശേഷം 2022 മെയ് 3 ന് കർത്താവിനോടു ചേർന്നു. നമ്മുടെ മിഷനറി ബാബുവിനും മക്കളായ യോശുവ, ജാനസ്, ജെസ്സി എന്നിവർക്കും നിങ്ങളുടെ പ്രാർത്ഥന ആവശ്യമാകുന്നു.

## മൊബലൈസേഷൻ സെക്രട്ടറിമാരുടെ യോഗം

തമിഴ്നാട്, പോണ്ടിച്ചേരി എന്നീ മൊബലൈസേഷൻ മേഖലയിലുള്ള സെക്രട്ടറിമാരുടെ എല്ലാ വർഷവും നടത്താറുള്ള യോഗം രണ്ടു വർഷത്തെ ഇടവേളക്കു ശേഷം 2022 ഏപ്രിൽ 22 മുതൽ 24 വരെ കന്യാകുമാരിയിൽ വെച്ചു നടത്തി. മോബലൈസേഷൻ സെക്രട്ടറിമാരും ഹോണററി മൊബലൈസേഷൻ സെക്രട്ടറിമാരും കുടുംബാംഗങ്ങളോടൊപ്പം ഏറിയ ആവേശത്തോടെ ഈ യോഗത്തിൽ സംബന്ധിച്ചു. യോഗത്തിലെ എല്ലാ പ്രോഗ്രാമുകളും കുടുംബ അന്തരീക്ഷത്തിൽ നടത്തി.

## റീജിണൽ, സോണൽ സെക്രട്ടറിമാരുടെ യോഗം നേത്രാംഗിൽ

2022 ഏപ്രിൽ 23 മുതൽ 25 വരെ ഗുജറാത്തിലെ നേത്രാംഗിലുള്ള ഫൊക്സ്ടിയിൽ വെച്ചു മിഷൻ വയലിലുള്ള റീജിണൽ സെക്രട്ടറിമാരുടെയും സോണൽ

സെക്രട്ടറിമാരുടെയയും യോഗം നടത്തി. വരുന്ന വർഷങ്ങളിലെ പ്രവർത്തനത്തെ കുറിച്ചു ആലോചിച്ചു പദ്ധതികൾ തയ്യാറാക്കുന്നതിനു ഈ യോഗത്തെ ദൈവം അനുഗ്രഹിച്ചു. പുതിയ ആശയങ്ങളോടും തിരുമാനത്തോടും കൂടി സെക്രട്ടറിമാർ തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിലേക്കു മടങ്ങിപ്പോയി.

## നാഗർകോവിലിൽ വാർഷിക യോഗം

എല്ലാ വർഷവും മെയ് ഒന്നിനു നടത്തുന്ന വാർഷീക യോഗം ഏപ്രിൽ 30 ന് നടത്തി. വലിയൊരു സമൂഹം നേതാക്കന്മാരും സഹകാരികളും ഈ യോഗത്തിൽ സംബന്ധിച്ചു.

## പൂണ്ടി യോഗം

തിരുവള്ളൂർ FMPB നേതാക്കന്മാരുടെ കുടുംബ സംഗമം 2022 മെയ് 3 ന് നടത്തി. FMPB യുടെ ഭാവി പദ്ധതി പ്രസ്തുത യോഗത്തിൽ ഞാൻ പങ്കുവെച്ചു.

## ഹിമാചൽ എക്സിക്യൂട്ടിവ് കമ്മറ്റിയോഗം

2022 മെയ് 7 മുതൽ 9 വരെ ഹിമാചലിൽ വെച്ചു എക്സിക്യൂട്ടിവ് കമ്മറ്റി ചേർന്നു. എല്ലാ കമ്മറ്റിയംഗങ്ങളും ചിലർ കുടുംബസമേതം മെയ് 5, 6 തീയതികൾ ചണ്ഡിഗണ്ഡിൽ കൂടിവന്നു. അവിടെ നിന്നു ഞങ്ങൾ ഹിമാചലിലെ റാമ്പൂറിലേക്കു യാത്ര ചെയ്തു. 7, 9 തീയതികളിൽ എക്സിക്യൂട്ടിവ് കമ്മറ്റി യോഗം നടത്തി. എട്ടാം തീയതി ഞങ്ങൾ രണ്ടു സംഘമായി പിരിഞ്ഞു. ഒരു സംഘം റിക്കോങ്പിയോ മിഷൻ വയൽ സന്ദർശിച്ചപ്പോൾ അടുത്ത സംഘം തനൈദാർ മിഷൻ ഫീൽഡ് സന്ദർശിച്ചു. വിശ്വാസികളോടു ചേർന്നു ദൈവത്തെ ആരാധിക്കുന്നതിനായി ഞങ്ങൾ അപകട സാധ്യതയുള്ള റോഡുകളിലൂടെ സഞ്ചരിച്ചു. ഇത്രയധികം ദൂരത്തിലുള്ള നമ്മുടെ രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ സുവിശേഷം എത്തിക്കുന്നതിനു നമ്മുടെ മിഷനറിമാർ എടുക്കുന്ന സാഹസിക പ്രയത്നം കണ്ടപ്പോൾ എന്റെ ഹൃദയം ആനന്ദത്താൽ നിറഞ്ഞു. അതി കഠിനമായ ശൈത്യത്തിൽ ജീവിച്ച് ദുഷ്കരമായ പാതകളിലൂടെ സഞ്ചരിച്ചു പ്രവർത്തിക്കുന്ന മിഷനറിമാർക്കു നിങ്ങളുടെ പ്രാർത്ഥന അത്യാവശ്യമാകുന്നു.

## SEED, INTERSERVE എന്നിവയുമായുള്ള അഭിമുഖം

വിക്ലിഫിനോടു ചേർന്നു പ്രാദേശിക ഭാഷകളിൽ വേദപുസ്തകം നൽകുന്നതിനു അഭിനിവേശമുള്ള സമൂഹമാകുന്ന SEED. പരസ്പരമുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനും പരിഭാഷ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗം കണ്ടെത്തുന്നതിനായി SEED ലെ പ്രവർത്തകർ നമ്മുടെ ഓഫിസ് സന്ദർശിച്ചു. നമ്മുടെ മുൻ ജനറൽ സെക്രട്ടറി റവ. സുദർശൻ തോമസും നമ്മോടൊപ്പം ഉണ്ടായിരുന്നു.

മിഷനറിമാരുടെ ചെറുപ്രായത്തിലുള്ള കുട്ടികൾക്കായി അവരുടെ വീടുകളിൽ ഗൃഹശിക്ഷ പ്രോഗ്രാം നടത്തുന്ന ഇന്റർ സേർവുമായി ഞാൻ ഒരു കൂടിക്കാഴ്ച നടത്തി. ഈ പ്രോഗ്രാം നമ്മുടെ മിഷനറിമാരുടെ മക്കൾക്കും പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത മനസ്സിലാക്കി.

## മാനേജ്മെന്റ് കമ്മറ്റി

പുതുതായി രൂപീകരിച്ച മനേജ്മെന്റ് കമ്മറ്റി മെയ് 14,15 തീയതികളിൽ നടത്തി.

## ഡിവിഷണൽ നേതൃത്വത്തിന്റെ യോഗം

2022 മെയ് 17 മുതൽ 19 വരെ ഡിവിഷണൽ സെക്രട്ടറിമാരുടെ ത്രിദിന സമ്മേളനം നടത്തി. സംഘടനയെ സംബന്ധിച്ചുള്ള ചെറിയ കാര്യങ്ങൾ പോലും ഞങ്ങൾ വിശദമായി ചർച്ച ചെയ്തു.

## തമിഴ്നാട് വാർഷീക സമ്മേളനം

ഈ മാസിക നിങ്ങളുടെ കൈകളിൽ എത്തുമ്പോൾ ജൂൺ 2 മുതൽ 5 വരെ തമിഴ്നാട് വാർഷിക യോഗം സേലത്തു ഡാനീഷ്പേട്ടിലെ ബഥേലിൽ നടന്നു കൊണ്ടിരിക്കയാകും. ഈ യോഗം അനുഗ്രഹകരമായി സംഘടിപ്പിക്കുന്നതിനു ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാർ ആ



# രണ്ടാം തലമുറ വിശ്വാസികളെ മിഷൻ വയലുകളിൽ വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യത

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹാനിയോഗത്തിൽ "പഠിപ്പിക്കുക" എന്ന വസ്തുതയും അടങ്ങിയിട്ടുണ്ട്. "ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ട്..." (മത്തായി 28:20). എന്നാൽ മിഷൻ വയൽ പ്രവർത്തനത്തിൽ ഈ വസ്തുതക്കു അധിക പ്രാധാന്യം നൽകുന്നല്ല എന്നതു ദുഃഖകരമാകുന്നു. ഇതു കാരണം രണ്ടാം തലമുറ വിശ്വാസികളുടെ വിശ്വാസം ഒന്നാം തലമുറയേക്കാൾ ശോഷിച്ചിരിക്കുന്നു. ഒന്നാം തലമുറ വിശ്വാസികളുടെ പരിതാപകരമായ സാക്ഷരത നിരക്ക്, അവർക്കു മനസ്സിലാകുന്ന അവരുടെ മാതൃഭാഷയിൽ വേദപുസ്തകം ഇല്ലാത്തത്, പഠിക്കുന്നതിനുള്ള താല്പര്യ കുറവ്, ശൈശവ വിവാഹം, മാതാപിതാക്കളിൽ ഒരാൾ മാത്രം വിശ്വാസി, വിശ്വാസികളായ രക്ഷിതാക്കളുടെ ഉപജീവന മാർഗ്ഗം തേടിയുള്ള കുടിയേറ്റം, വേണ്ടവിധം പരിശീലനം ലഭിച്ചിട്ടില്ലാത്ത സുവിശേഷകരും പാസ്റ്ററന്മാരും, അറിവില്ലായ്മ തുടങ്ങിയവയാണ് ഒന്നാം തലമുറ വിശ്വാസികൾക്കു അവരുടെ മക്കളെ പഠിപ്പിക്കുവാൻ കഴിയാതെ പോയതിന്റെ കാരണങ്ങളിൽ ചിലത്. ഈ തടസ്സങ്ങളെ അതിജീവിച്ച് രണ്ടാം തലമുറക്കു വിദ്യാഭ്യാസം നൽകുന്നതിനാണ് നമ്മുടെ മിഷനറിമാർ ബാലഭവനങ്ങൾ, സാമൂഹ്യ വികസന കേന്ദ്രങ്ങൾ ആരംഭിച്ചത്. ഒന്നാം തലമുറ വിശ്വാസികളുടെ ശരീരികവും മാനസീകവും ആത്മീകവുമായ ആവശ്യങ്ങൾ സന്ധിക്കുന്നതിനു ഈ സ്ഥാപനങ്ങൾ പര്യാപ്തമാകുന്നു. രണ്ടാം തലമുറ വിശ്വാസികളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത വേദപുസ്തകം, ചരിത്രം, പ്രായോഗിക വീക്ഷണം എന്നിവകളിലൂടെ നമുക്കു പഠിക്കാം.

---

ത്മാർത്ഥമായി ക്രമീകരണങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു.

## ഇന്റർവ്യൂ

പുതിയ മിഷനറിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള അഭമുഖം ജൂൺ 14, 15 തീയതികളിൽ നടത്തുന്നതാണ്. അനേക യുവതിയുവാക്കന്മാർ ഈ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതിനും ശരിയായ വ്യക്തികളെ ദൈവം തിരഞ്ഞെടുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ

റവ. ജോൺ ബർലിൻ എസ്.

## വേദപുസ്തക വീക്ഷണം

മക്കൾ ദൈവത്തിന്റെ ദാനമാകുന്നു എന്നു ക്രിസ്ത്യാനികളായ നാം വിശ്വസിക്കുന്നു. അവരോടുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ ഈ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. (1) അവരെ ശരിയായി പരിപാലിക്കുക (2) എങ്ങനെ ജീവിക്കണമെന്നും അധികാരം സ്വീകരിക്കണമെന്നും അവരെ പഠിപ്പിക്കുക (3) അവർക്കു ദൈവീക പരിജ്ഞാനം നൽകുക. (4) സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ അവരെ വളർത്തിയെടുക്കുക. വിശ്വാസികൾക്കു അവരുടെ മക്കളുടെ ആത്മീക വളർച്ച പ്രക്രീയയിൽ പ്രധാന പങ്കുണ്ട്. കുട്ടികളിൽ ക്രിസ്തീയ ലോക വീക്ഷണം വളർത്തുന്നതിനുള്ള അവസരം വിശ്വാസികൾക്കുണ്ട്. ഇതു പലവിധത്തിൽ നേടിയെടുക്കുവാൻ സാധിക്കും. 1) കുട്ടികളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക. 2) കുട്ടികളെ സഭാ ആരാധനയിൽ കൊണ്ടു പോകുക. 3) കുട്ടികളെ സണ്ടേ സ്കൂളുകളിൽ അയയ്ക്കുക. 4) സ്നാനപ്പെടുന്നതിനു കുട്ടികളെ ഉത്സാഹിപ്പിക്കുക. ഈ വിഷയങ്ങളിൽ പരാജയപ്പെട്ടാൽ മാതാപിതാക്കളുടെ ദൈവത്തെ അറിയാതെ കുട്ടികൾ വളർന്നുവരും എന്നതായിരിക്കും അനന്തരഫലം. "**പിന്നെ ആ തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു; അവരുടെ ശേഷം യഹോവയെയും അവൻ യിസ്രായേലിനു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും അറിയാത്ത വേറൊരു തലമുറ ഉണ്ടായി. എന്നാൽ യിസ്രായേൽ മക്കൾ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു ബാൽ വിഗ്രഹങ്ങളെ സേവിച്ചു**" (ന്യായാ.2:10,11). യഹോവയെയും യഹോവ യിസ്രായേലിനു ചെയ്ത പ്രവൃത്തികളെ അറിയാത്ത തലമുറ വളർന്നു വന്നതിന്റെ കാരണങ്ങളിൽ ഒന്ന് യുവതലമുറയെ ദൈവവചനം പഠിപ്പിക്കുക എന്ന ദൈവീക കല്പന അനുസരിക്കാതിരുന്നതാണ് (ആവ.6:1-9; യോശു.24:14-28). അതു നിമിത്തം ദേശം വിഗ്രഹാരാധനക്കാരായി (അതായത് അവർ ദൈവത്തെ മറന്നു, ന്യായാ. 2:11-15). മാതാപിതാക്കളുടെ വിലയേറിയ വിശ്വാസത്തിൽ വ്യതിചലിച്ചതു മൂലമുണ്ടായ പ്രശ്നങ്ങളും അതിന്റെ പരിഹാരവും നമുക്കു നോക്കാം.

മക്കൾ ദൈവീക മാർഗ്ഗത്തിൽ നടക്കുന്നതിനായി അവരെ ദൈവവചനം പഠിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. മക്കളെ ദൈവവചനം പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യത പഴയ നിയമവും പുതിയ നിയമവും ഊന്നൽ നൽകുന്നു. ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശങ്ങളിൽ ഒന്ന് ഇതാണെന്നു ഉല്പത്തി.18:19 കാണുന്നു. "... **അബ്രഹാം തന്റെ മക്കളോടും ... യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിനു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു.**" ദൈവം തന്റെ ദാസനായ മോശെയിലൂടെ ഈ കല്പന യിസ്രായേൽ മക്കൾക്കു നൽകി. "**വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ അവയെ കുറിച്ചു സംസാരിച്ചു കൊണ്ട് നിങ്ങളുടെ മക്കൾക്കു അവയെ ഉപദേശിച്ചു കൊടുക്കണം**' (ആവ.11:19). നീ അവരെ ജാഗ്രതയോടെ പഠിപ്പിക്കണം (ആവ.6:7). "**... ഞാൻ എന്റെ വചനങ്ങൾ അവരെ കേൾപ്പിക്കും; അവർ ഭൂമിയിൽ ജിവിച്ചിരിക്കുന്ന നാൾ ഒക്കെയും എന്നെ ഭയപ്പെടുവാൻ പഠിക്കയും തങ്ങളുടെ മക്കളെ പഠിപ്പിക്കുകയും വേണം എന്നു കല്പിച്ചുവല്ലോ**" (ആവ. 4:10).

ഒന്നാം തലമുറ വിശ്വാസികൾക്കു ജനിച്ചു വളർത്തപ്പെട്ട മക്കളിൽ അധികം പേരുടെയും ആത്മീകത അവരിലേക്കു

പകർന്നു കിട്ടിയതാണ് അല്ലാതെ അവരുടെ ബോധപൂർവ്വമായ വ്യക്തിപരമായ തിരഞ്ഞെടുപ്പല്ല. എന്തുകൊണ്ടാണ് അവർ യേശുവിൽ വിശ്വസിക്കുന്നത് എന്ന ചോദ്യത്തിന് ഈ കുട്ടികളിൽ ഭൂരിപക്ഷത്തിനും ഉത്തരം ഇല്ല. രണ്ടാം തലമുറയിലെ വിശ്വാസികൾ മാതാപിതാക്കളുടെ ആത്മീകതയുമായി പൊരുത്തപ്പെടാൻ കഴിയാത്തതിന്റെ പോരാട്ടത്തെ അഭിമുഖീകരിക്കുന്നു. അവരുടെ വിശ്വാസം വിശ്വാസികളായ രക്ഷിതാക്കളിൽ നിന്നു പാരമ്പര്യമായി ലഭിച്ചതാണ്. അനേകയിടങ്ങളിൽ മതാപിതാക്കൾ വിശ്വാസത്തിൽ നിന്നു പിന്മാറിയാൽ സ്വഭാവികമായി അവരുടെ മക്കളും വിശ്വാസത്തിൽ നിന്നു വ്യതിചലിക്കും. വേദപുസ്തക കഥകളിലൂടെയും സണ്ടെസ്കൂളിലൂടെയും ദൈവത്തെ അറിയുവാൻ സാധിച്ചത് ക്രിസ്തീയ മാതാപിതാക്കൾക്കു ജനിച്ചതിന്റെ അനുഗ്രഹമാണ്. അനുഭവിച്ചറിഞ്ഞ വിശ്വാസവും പഠിച്ചറിഞ്ഞ വിശ്വാസവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. രണ്ടാം വിഭാഗത്തിലുള്ളവർക്കു ദൈവം അവരുടെ മുത്തച്ഛൻ ആകുന്നു. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം അവർക്കു ഇല്ലാതാകുന്നു. അവർ നിലനിർത്തുന്ന അല്ലെങ്കിൽ തുടരുന്ന വിശ്വാസം പരമ്പരാഗതമായി തീരുന്നു. ഒന്നാം വഭാഗത്തിലുള്ളവർക്കു ദൈവം അവരുടെ സ്വർഗ്ഗീയ പിതാവാകുന്നു. അവർക്കു ദൈവവുമായി വ്യക്തപരമായ ബന്ധമുണ്ട്.

## ചരിത്രപരമായ വീക്ഷണം

ദക്ഷിണേന്ത്യയിൽ കടന്നു വന്ന സുവിശേഷം പ്രഘോഷിച്ച എല്ലാ വിദ്ദേശ മിഷനറിമാരും ഒന്നാം തലമുറ വിശ്വാസികളുടെ മക്കളുടെ ആത്മീകവും മാനസീകവും ശാരീരികവുമായ എല്ലാ ആവശ്യങ്ങളും സന്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു. ആ നാളുകളിൽ അടിക്കടിയുണ്ടാകുന്ന കോളറ പോലെയുള്ള പകർച്ചവ്യാധികളാലും ജലപ്രളയം, ക്ഷാമം പോലെയുള്ള പ്രകൃതി ദുരന്തത്താലും മരണ നിരക്ക് വളരെ ഉയർന്നതായിരുന്നു. നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ദക്ഷിണേന്ത്യയിൽ വന്ന മിഷനറിമാരുടെ അഭിനിവേശം സ്കുളുകളും കോളജുകളും ബാലഭവനങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകമായി സ്ഥാപിക്കുവാൻ അവരെ പ്രേരിപ്പിച്ചു. കാനോൻ മാർഗാസിസ്, റവ. റീനിയസ്, ബിഷപ്പ് കോൾഡ്‌വെൽ, ബിഷപ്പ് പോപെ എന്നിവർ അവരിൽ ചില മിഷനറിമാരായിരുന്നു. ഈ സ്കൂളുകളിൽ വേദപുസ്തകം പഠിപ്പിക്കുന്നതിന് പ്രത്യേക അദ്ധ്യപകരെ നിയമിച്ചിരുന്നു.

ഇന്ന് നമ്മുടെ മിഷൻ വയലുകളിൽ ഉള്ള ഒന്നാം തലമുറ വിശ്വാസികളിൽ ഭൂരിപക്ഷവും രോഗ സൗഖ്യം ലഭിച്ചതിലൂടെയും അത്ഭുതങ്ങൾ കണ്ടതിലൂടെയും പൈശാചിക ബന്ധനത്തിൽ നിന്നും പാപസ്വഭാവത്തിൽ നിന്നും വിടുതൽ പ്രാപിച്ചതിലൂടെയുമാണ് ക്രിസ്തീയ വിശ്വാസത്തിലേക്കു വന്നത്. ഒരു കാലത്ത് ഇവർ അന്ധകാരത്തിന്റെ അധികാരത്തിൻ കീഴിലും അധാർമ്മികത, മദ്യപാനം, ആഭിചാരം, പരസ്പരമുള്ള പോരാട്ടം തുടങ്ങിയ പാപ പ്രവർത്തികൾക്കു അടിമകളും ആയിരുന്നു. മലേറിയ, കാലാസാർ തുടങ്ങിയ മാരകമായ രോഗങ്ങൾ നിമിത്തം ഇവരുടെ മരണനിരക്ക് ഉയർന്നതായിരുന്നു. അവരുടെ ജീവനും ഭാവിയും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് അവർ ജീവിച്ചിരുന്നത്. അവരിൽ ഭുരിപക്ഷത്തിനും ധാരാളം മക്കളുണ്ടായിരുന്നു. ദാരിദ്ര്യാവസ്ഥ നിമിത്തം ഈ കുട്ടികളിൽ ഭൂരിപക്ഷത്തെയും സ്കൂളിൽ ആയച്ചിരുന്നില്ല. പ്രഭാതം മുതൽ പ്രദോഷം വരെ അവർ കന്നുകാലികളെ മേയിച്ചു കാട്ടിൽ അലഞ്ഞു

നടന്നു. മാതാപിതാക്കളാൽ പഠിപ്പിക്കപ്പെടുവാൻ ഭാഗ്യം ലഭിക്കാത്തവരായിരുന്നു ഈ കുഞ്ഞുങ്ങൾ. ഈ വിശ്വാസികൾ ഞായറാഴ്ച ആരാധനക്കായി ഭവനങ്ങളിൽ കൂടിവന്നു.

ഡാങ്സ് ജില്ലയിലെ കുക്ന ജനവിഭാഗങ്ങളിൽ ആത്മീക ഉണർവ്വിന്റെ വാതിൽ തുറക്കപ്പെട്ടതിന്റെ പിന്നാലെ 1979 ൽ നമ്മുടെ നേതാക്കന്മാരുടെ ഒരു സംഘം അതായത് ഡോ. സാം കമലേശൻ, ഡോ. ചന്ദ്രശേഖർ, ശ്രീ. പി. ശാമുവേൽ, ശ്രീ. നവനീഥർ, ശ്രീ. പാട്രിക് ജോഷ്വ, ശ്രീ. പി ഡി പാണ്യൻ എന്നിവരോടു ചേർന്നു ഒരു സംഘം പിപ്പൽവാഡ സന്ദർശിച്ചു. ഘോരവനത്തിലൂടെ നടന്നുവന്ന അവർ ഒരു രാത്രി പ്രാർത്ഥനയിൽ സമയം ചിലവിട്ടു. അടുത്ത പ്രഭാതത്തിൽ അവർ ഗ്രാമം വിട്ടു പോകുന്നതിനു മുമ്പ് അർദ്ധനഗ്നരായ ആൺകുട്ടികളും പെൺകുട്ടികളും കാലികളുടെ പിന്നാലെ കാട്ടിലേക്കു പോകുന്ന കാഴ്ച കണ്ടു. അതു അവരുടെ കണ്ണു തുറക്കുന്നതിനു കാരണമായി. കുട്ടികളുടെ ആത്മീകവും ഭൗതികവും മാനസികവുമായ പരിപോഷണത്തിനു എന്തെങ്കിലും ചെയ്യണമെന്നുള്ള ചിന്ത അവരുടെ ഉള്ളിൽ ആ പ്രഭാതത്തിൽ ഉണ്ടായി. പ്രാരംഭത്തിൽ ബഥേൽ ഫെലോഷിപ്പ് ഒരു ബാലഭവനം പിപ്പൽവാടയിൽ ആരംഭിച്ചു. പിന്നീട് ബഥേൽ അവിടെ നിന്നു വ്യാരയിലേക്കും പിന്നീട് വൽസാഡിലേക്കും അങ്ക്നേശ്വറിലേക്കും ഉമ്മാല്ലയിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. 1984 ൽ വേൾഡ് വിഷന്റെ സഹായത്തോടെ നവജീവൻ സേവ മണ്ഡൽ എന്ന സംഘടന രൂപീകരിക്കുകയും എതാനും ചില ബാലഭവനങ്ങൾ ആരംഭിക്കുകയും ചെയ്തു. പിന്നീട് FMPB യും ഒന്നാം തലമുറ വിശ്വാസികളുടെ മക്കളുടെ സമഗ്രമായ ആവശ്യം നിറവേറ്റുന്നതിനായി ബാലഭവനങ്ങൾ സ്ഥാപിച്ചു. ഈ ബാലഭവനങ്ങളിലൂടെ പഠനം പൂർത്തീകരിച്ച അനേക ബാലീക ബാലന്മാർ ഇന്ന് അദ്ധ്യാപകരായും കോളജ് അദ്ധ്യാപകരായും നേഴ്സുമാരായും, പാസ്റ്ററന്മാരായും സുവിശേഷകരായും ഡോക്ടേഴ്സായും എഞ്ചിനീയറന്മാരായും സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ നമുക്ക് 70 ബാലഭവനങ്ങളിലൂം ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററുകളിലൂമായി 12,496 കുട്ടികൾക്കു വിദ്യാഭ്യാസം നൽകി പരിപാലിക്കുന്നു.

## പ്രായോഗിക വീക്ഷണം

FMPB, NSM അല്ലെങ്കിൽ ബഥേൽ ആരംഭിച്ച ബാലഭവനങ്ങളിൽ പഠിക്കുന്ന 12,496 കുട്ടികളെ പിന്തുണയ്ക്കുന്ന ഉത്തരവാദിത്വം FMPB യുടെതാണെങ്കിലും ഇവരിൽ പല കുട്ടികൾക്കും രൂപാന്തരീകരണത്തിന്റെ നിമിഷം വിവരിക്കുന്നതിനു അവസരം ലഭിക്കുന്നില്ല. ബാലഭവനത്തിൽ വളരുന്നതിനാൽ വചനധ്യാനം, ആരാധന യോഗങ്ങളിൽ പങ്കെടുക്കുക, ക്യാമ്പുകളിൽ സംബന്ധിക്കുക തുടങ്ങിയവ അവരുടെ ജീവിതത്തിന്റെ ഭാഗമാകുന്നു. ഇത് ഓരോന്നും കുട്ടികളെ രൂപപ്പെടുത്തിയെടുക്കുന്നതിനു പ്രധാന പങ്കു വഹിക്കുന്ന ഭാഗമാകുന്നു. വർത്തമാനകാലത്തിൽ സംഗീതവും നവമാധ്യമങ്ങളും നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്ന ശക്തമായ ഘടകമാകുന്നു എന്നതിൽ നിന്നു രക്ഷപെടുവാൻ സാധ്യമല്ല. അതിനാൽ നമ്മുടെ ആദ്യ തലമുറ വിശ്വാസികളുടെ മക്കളുടെ ആവശ്യം നിറവേറ്റുന്നതിനു ഈ പ്രാധാന്യതകളെ മറക്കാതെ നമ്മുടെ മിഷൻ തന്ത്രപരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിക്കേണ്ടത് അനിവാര്യമാകുന്നു. ഭാവിയിൽ സഭാനേതൃത്വം ഏറ്റെടുക്കുവാൻ തക്കവിധം ഈ തലമുറയെ നാം വാർത്തെടുക്കണം.

**– ക്രിസ്റ്റോഫർ തോമസ്**
FMPB **മിഷനറി** (Rtd)



## രണ്ടാം തലമുറ ക്രിസ്ത്യാനികളെ ശുശ്രൂഷിക്കുന്നതിൽ നമ്മുടെ പങ്ക്

ഒരു തലമുറയിൽ നിന്നു അടുത്ത തലമുറയിലേക്കു വിശ്വാസം കൈമാറ്റം ചെയ്യുക എന്നത് ക്രിസ്ത്യാനിയുടെ കടമയാകുന്നു. പൗലൊസ് തിമൊഥെയോസിനു എഴുതുന്നു, "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ഥരായ മനുഷ്യരെ ഭരമേല്പിക്ക" (2.തിമൊ.2:2). ഈ തലമുറക്കു ആശ്രയമായി ഈ സുവിശേഷം നൽകിയിരിക്കുന്നു.

നമ്മുടെ മിഷനറിമാർ ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിച്ച നാളുകളിൽ അനേക കുട്ടികൾ കാലികളെ മേയിച്ചു കൊണ്ട് അലഞ്ഞു നടക്കുന്നതു കണ്ടു. നമ്മുടെ പുതിയ വിശ്വാസികളുടെ മക്കൾക്കു പാർപ്പിടവും ഭക്ഷണവും വിദ്യാഭ്യാസവും ആവശ്യമായിരുന്നു. അതിനാൽ അവർക്കു വിദ്യാഭ്യാസം നൽകുന്നതിനായി ബാലഭവനങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ചു മിഷനറിമാർ ചിന്തിച്ചു. ബാലഭവനങ്ങൾ, ശിശു പരിപാലന കേന്ദ്രങ്ങൾ, ഗ്രാമീണ പ്രൈമറി സ്കൂളുകൾ എന്നിവ ആരംഭിക്കുന്നതിന് എക്സിക്യൂട്ടിവ് കമ്മറ്റി തിരുമാനിച്ചതിനാൽ നമ്മുടെ വിശ്വാസികളുടെ മക്കൾക്കു മെച്ചമായ വിദ്യാഭ്യാസം നൽകുന്നതിനും ഉത്തമ പൗരന്മാരായി വളരുന്നതിനു അവരെ ഉത്സാഹിപ്പിക്കുന്നതിനും കഴിവുള്ള സഭാ നേതാക്കന്മാർ ആകുന്നതിനും എല്ലാ കുട്ടികളും രക്ഷയുടെ സന്തോഷം അനുഭവിക്കേണ്ടതിനുമായി ഞങ്ങൾ ബാലഭവനങ്ങൾ ആരംഭിച്ചു.







ദൈവകൃപയാൽ കഴിഞ്ഞ അഞ്ചു ദശാംബ്ദങ്ങളായി FMPB രണ്ടാം തലമുറ വിശ്വാസികളുടെ ഇടയിൽ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ നമുക്ക് ഗുജറാത്തിലും (സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ജാവഡ) ജാർഖണ്ഡിലുമായി (സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പന്ഥേനി) രണ്ടു സ്കൂളുകൾ ഉണ്ട്. ഇപ്പോൾ നമുക്ക് 70 ബാലഭവനങ്ങൾ, 34 സാമൂഹ്യ വികസന കേന്ദ്രങ്ങൾ, 16 പ്രൈമറി സ്കൂളുകൾ ഉണ്ട്. ഈ സ്ഥാപനങ്ങളിലൂടെ 12,496 കുട്ടികൾ പഠിക്കുന്നു.

നമ്മുടെ സ്കൂളുകളിൽ പഠിക്കുകയും ബാലഭവനങ്ങളിൽ താമസിക്കുകയും ചെയ്യുന്ന കുട്ടികളെ ശാരീരികമായും ആത്മീകമായും ഭൗതീകമായും പരിപോഷിപ്പിക്കുന്നു. അവരുടെ സമഗ്രമായ വികസനത്തിന് ഞങ്ങൾ ഊന്നൽ നൽകു

ന്നു. തീർച്ചയായും ഈ പദ്ധതികളിലൂടെ ഇവർ ഉത്തമ പൗരന്മാരായി യുവ സഭ യുടെയും സമൂഹത്തിന്റെയും നെടുംതൂണുകളായി തീരുമെന്നു ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

നമ്മുടെ ബാലഭവനത്തിലൂടെയും സ്കൂളുകളിലൂടെയും നന്മ പ്രാപിച്ച ചില കുട്ടി കളുടെ സാക്ഷ്യം ഇവിടെ കൊടുക്കുന്നു.

## പ്രതീക്ഷ



എന്റെ പേര് പ്രതീക്ഷ ദിലീപ്ബായ് വസാവ, FMPB യുടെ ശുശ്രൂ ഷയിലൂടെ രക്ഷയിലേക്കു വന്ന ശ്രീ. ദീലിപ് ബായിയുടെയും ശ്രീമതി. ലളിതബന്നിന്റെയും മകളായി 2002 ജൂൺ 2 നു ഞാൻ ജനിച്ചു. ഞാൻ ജനിക്കുന്നതിനു മുമ്പ് എന്റെ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിരുന്നു. മിഷനറിമാരുടെ സഹായത്താൽ ജാവഡയിലുള്ള സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എനിക്കു പഠിക്കുന്നതിനു അവസരം ലഭിച്ചു. ഈ സ്കൂളിൽ പഠിക്കുന്ന വേളയിൽ ഞാൻ യേശുവിനെ രക്ഷിതാ വായി സ്വീകരിച്ചു. എന്റെ ഗ്രാമത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന ആദ്യത്തെ കുട്ടി ഞാനാകുന്നു. എന്റെ പഠന യാത്ര എൽ കെ ജി മുതൽ ആരംഭിച്ചു 12 -ാം ക്ലാസ്സ് വരെ എത്തി. പത്താം ക്ലാസ്സിൽ എനിക്കു 91.95% മാർക്ക് ലഭിച്ചു. ദൈവകൃപയാൽ പന്ത്രണ്ടാം ക്ലാസ്സിൽ എനിക്കു 68.22% മാർക്ക് കിട്ടി. 2019 ൽ ഞാൻ NEET പരീക്ഷ എഴുതി. NEET പരീ ക്ഷയിൽ മാർക്ക് കുറവായതിനാൽ എനിക്ക് MBBS നു സീറ്റ് കിട്ടിയില്ല. എനിക്കു മെഡിക്കൽ സീറ്റ് കിട്ടാഞ്ഞത് ദൈവഹിതമായിരുന്നു എന്ന് പിന്നീട് മനസ്സിലായി. ഒരു വർഷത്തെ ഇടവേളയിൽ എന്റെ മാതാപിതാക്കളുടെ സഹായത്തോടെ ഞാൻ വേദപുസ്തകം പഠിച്ചു. അത് എന്റെ ആത്മീക ജീവിതത്തിനു പ്രയോജനപ്പെട്ടു. 2021 ൽ ഞാൻ വീണ്ടും NEET പരീക്ഷ എഴുതി. നല്ല മാർക്കു കരസ്ഥമാക്കുവാനും അങ്ങനെ ബറോഡ ജില്ലയിലുള്ള പരുൾ യൂണിവേഴ്സിറ്റിയിൽ MBBS നു ചേർന്നു പഠിക്കുന്നതിനും ദൈവം എന്നെ സഹായിച്ചു. ഗുജറാത്തിലെ ഏറ്റവും ഉന്നത നില വാരത്തിലുള്ള പരുൾ യൂണിവേഴ്സ്റ്റിയിൽ ഒന്നാം വർഷ MBBS വിദ്യാർത്ഥിനി യായി ഞാൻ പഠനം ഇപ്പോൾ തുടരുന്നു. ഞാൻ വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്റെ വിദ്യാഭ്യാസത്തിനു FMPB യിലൂടെ എന്നെ സ്പോൺസർ ചെയ്തു സഹായിച്ചവരോടുള്ള നന്ദി അറിയിക്കുന്നു. ഒടുവിലായി പ്രാർത്ഥനയിലൂടെയും സാമ്പത്തീക സഹായത്തിലൂടെയും എന്നെ സഹായിച്ച എന്റെ എല്ലാ അദ്ധ്യപകരോടും ബാലഭവനത്തിലെ വാർഡന്മാരോടും എല്ലാ സ്നേ ഹിതരോടുമുള്ള നന്ദിയെയും കടപ്പാടിനെയും ഈ അവസരത്തിൽ ഞാൻ രേഖ പ്പെടുത്തുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ തുടർന്നും എന്നെ ഓർക്കുക.



## അങ്കുഷ്

നമ്മുടെ ബാലഭവനത്തിൽ ആറാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി യാണ് അങ്കുഷ്. Word power championship സംഘം ഗവൺമെന്റ് സ്കൂളുകളിൽ ജില്ലാതല മത്സരം നടത്തി. അൽവാർ ജില്ലയിൽ നിന്നു മത്സരത്തിനായി തിരഞ്ഞെടുത്ത 60 കുട്ടികളിൽ ഒരാൾ നമ്മുടെ അൽവാർ ബാലലഭവനത്തിലെ അങ്കൂഷ് ആണ്. അവ സാന റൗണ്ട് മത്സരം സംഘടിപ്പിച്ചത് അൽവാറിലുള്ള പ്ര താപ് സ്റ്റേഡിയത്തിലായിരുന്നു. ഹിന്ദിയിൽ നിന്നും ഇംഗ്ലീഷ്

ലേക്കും ഇംഗ്ലീഷിൽ നിന്നു ഹിന്ദിയിലേക്കും പരിഭാഷപ്പെടുത്തുക എന്നതിലായിരുന്നു മത്സരം. ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ അങ്കൂഷിനു രണ്ടാം സ്ഥാനം ലഭിച്ചു. വെള്ളി മെഡലിനും ട്രോഫിക്കും പുറമെ സമ്മാനമായി ഒരു സൈക്കിളും ലഭിച്ചു. പ്രാദേശിക പത്രത്തിൽ ഈ വാർത്ത പ്രസിദ്ധീകരിച്ചു. അങ്ങനെ നമ്മുടെ ബാലഭവനത്തിൽ പഠിച്ച അങ്കൂഷിന്റെ പ്രകടനത്തിലൂടെ ദൈവനാമം മഹത്വപ്പെട്ടു. നമ്മുടെ ബാലഭവവനത്തിലെ കുട്ടികളുടെ പഠനത്തിനായി അവർക്കു ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മത്ഥിയാസ് മാൾട്ടോ



ഞാൻ ജാർഖണ്ഡിൽ പാക്കുട് ജില്ലയിലുള്ള മുസാബിൽ ഗ്രാമത്തിലെ മത്ഥിയാസ് മാൾട്ടോ ആകുന്നു. എന്റെ പിതാവിന്റെ പേര് മനുവേൽ മാൾട്ടോ അമ്മയുടെ പേര് മറിയം മാൾട്ടോ എന്നാകുന്നു. 2010 ൽ FMPB മിഷനറിമാരുടെ പ്രവർത്തനത്തിലൂടെ എന്റെ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. തുടർന്ന് എന്റെ പിതാവ് സഭാമൂപ്പനായി പ്രവർത്തിച്ചു. കുടുംബമായി ഞങ്ങൾ ക്രിസ്തേശുവിലുള്ള യഥാർത്ഥ സന്തോഷം അനുഭവിച്ചു മാതൃകാപരമായ ജീവിതം നയിച്ചു. ജീവിത യാത്രയിൽ എല്ലാ മേഖലയിലും എന്റെ കുടുംബം ക്രമേണ അനുഗ്രഹം പ്രാപിച്ചു. കാർഷിക മേഖലയിൽ നിന്നു ഞങ്ങൾക്കു സമൃദ്ധിയായ വിളവ് ലഭിച്ചു. എന്റെ കുടുംബത്തിൽ ഞങ്ങൾ കുട്ടികൾക്കെല്ലാം പഠനത്തിലുള്ള അവസരം ലഭിച്ചു. കെപ്കുടിയായിൽ FMPB നടത്തുന്ന RCPS സ്കൂളിൽ പഠിക്കുന്നതിനുള്ള ഭാഗ്യം  എനിക്കു ലഭിച്ചു.

ദൈവം ഞങ്ങളുടെ ജീവിതത്തിൽ ചൊരിഞ്ഞു നൽകിയ അനുഗ്രഹത്താൽ വിജയകരമായ സാക്ഷ്യമുള്ള ജീവിതം നയിച്ചു കൊണ്ടിരിക്കെ 2015 ഏപ്രിൽ 15 ന് എന്റെ മാതാപിതാക്കളെ എന്റെ അമ്മാവനും രണ്ടു ബന്ധുക്കളും ചേർന്നു മൃഗീയമായി കൊലപ്പെടുത്തി. ഇതു ഞങ്ങളുടെ ജീവിതത്തിൽ പെട്ടെന്നുണ്ടായ ഞെട്ടിക്കുന്ന ദുരന്തമായിരുന്നു. എന്നാൽ ദൈവം ഞങ്ങളെ പരിപാലിച്ചു. എന്നെയും ഇളയ സഹോദരങ്ങളെയും FMPB യുടെ ചപ്പാണ്ടെ ബാലഭവനത്തിൽ കൊണ്ടുവന്നു. ചപ്പാണ്ടെ ബാലഭവനത്തിനു സമീപത്തുള്ള സർക്കാർ സ്കൂളിൽ പഠിച്ച് 78 ശതമാനം മാർക്കോടെ ഞാൻ പത്താം ക്ലാസ് പാസ്സായി. സെന്റ് സേവ്യഴ്സ് ഇന്റർ കോളജിൽ +2 പഠിക്കുന്നതിനു FMPB മിഷനറിമാർ എന്നെ സഹായിച്ചു. +2 പഠനവും വിജയകരമായി ഞാൻ പൂർത്തീകരിച്ചു.

എന്റെ ജീവിതത്തിൽ ഞാൻ കടന്നു പോയ പ്രതികൂല സാഹചര്യത്തിലും മാനസിക സംഘർഷത്തിലും ശക്തിയും ബലവും പ്രത്യാശയും നൽകിത്തന്നത് യേശുക്രിസ്തു മാത്രമാകുന്നു. ഈ വർഷം ഞാൻ NEETപരീക്ഷ എഴുതുവാൻ തയ്യാറെടുക്കുകയാണ്. എന്റെ ഗ്രാമത്തിലും ചുറ്റുപാടുമുള്ള നൂറു കണക്കിനു ഗ്രാമങ്ങളിലും പ്രവർത്തിക്കുന്നതിനു ഒരു ഡോക്ടറുടെ സേവനം അത്യാവശ്യമാണെന്നു എനിക്കു ബോധ്യമായി. ഒരു ഡോക്ടറുടെ സഹായം ലഭ്യമായിരുന്നെങ്കിൽ രക്ഷിക്കാമായിരുന്ന അനവധി ജീവിതങ്ങൾ പൊലിയുന്നതു ഞാൻ കണ്ടു നിന്നിട്ടുണ്ട്. മിഷനറിമാരിലൂടെ എനിക്കു പഠിക്കുവാൻ അവസരം ലഭിച്ച നാളു മുതലെ എന്റെ സ്വപ്നം ഇത്തരത്തിലുള്ള ഒരു ഡോക്ടറായി എന്നാൽ ആവോളം എന്റെ സമൂഹത്തെ സേവിക്കുക എന്നതായിരുന്നു.

ആദിവാസി മേഖലയിലുള്ള രണ്ടാം തലമുറ ക്രിസ്ത്യാനികളെ പണിതെടുക്കുന്നതിനു പലവിധ വെല്ലുവിളികൾ നാം അഭിമുഖീകരിക്കുന്നു. അവയിൽ ചിലത് താഴെ കൊടുക്കുന്നു :-

1. ലോക്ഡൗണിനു ശേഷം രക്ഷിതാക്കൾ കൊറോണ രോഗത്തെ ഭയന്നു കുട്ടികളെ ബാലഭവനത്തിലേക്കു അയക്കുവാൻ തയ്യാറാകുന്നില്ല.
2. ലോക്ഡൗൺ കാലഘട്ടത്തിൽ അനേക കുട്ടികൾ വിവാഹിതരായി. മാതാപിതാക്കൾ ചെറുപ്രായത്തിൽ തന്നെ മക്കളുടെ വിവാഹം ക്രമീകരിക്കുന്നു.
3. ഉപജീവനത്തിനായി ജോലി തേടി കുടിയേറി പോകുന്ന രക്ഷിതാക്കൾ കുട്ടികളെയും അവരുടെ കൂടെ കൊണ്ടു പോകുന്നു.
4. ലോക്ഡൗൺ നിമിത്തം ഗ്രാമത്തിൽ ആയിരുന്ന കുട്ടികൾക്കു പഠനത്തിൽ ഉള്ള താൽപര്യം കുറഞ്ഞു.

**പ്രാർത്ഥന വിഷയങ്ങൾ :**

1. വിശ്വാസികളുടെ മക്കളുടെ പഠനം വിഘ്നമില്ലാതെ തുടരേണ്ടതിനായി പ്രാർത്ഥിക്കുക.
2. ലോക്ഡൗണിൽ ഓൺലൈൻ ക്ലാസ്സുകളിൽ സംബന്ധിക്കുന്നതിനു സാധിക്കാതിരുന്ന കുട്ടികളെയും ഉയർന്ന ക്ലാസ്സുകളിലേക്കു കടത്തിവിട്ടു. ഈ കുട്ടികൾക്കു പഠന വിഷയം ശരിക്കു മനസ്സിലാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇപ്പോൾ പഠിക്കുന്നതിനു അവർ പ്രയാസപ്പെടുന്നു.
3. നല്ല ട്യൂഷൻ അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
4. ഉത്തർപ്രദേശിലെ ഗോണ്ട ബാലഭവനത്തിലും ജാർഖണ്ഡിലെ ചാന്ദന ബാലഭവനത്തിലും നിലവിലുള്ള വസ്തു സംബന്ധമായ തർക്കത്തിനു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.
5. നമ്മുടെ വിശ്വാസികളുടെ മദ്ധ്യത്തിൽ ഇപ്പോഴുമുള്ള ശൈശവ വിവാഹം പൂർണ്ണമായി ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.
6. കുട്ടികൾ സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും ദൈവം അവരെ സുരക്ഷിതമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
7. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്കു നല്ല മാർക്ക് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
8. ബാലഭവനത്തിന്റെ ചുമതലക്കാർക്കായി പ്രാർത്ഥിക്കുക.
9. പ്രാദേശിക സ്റ്റാഫിന്റെ താമസ സൗകര്യത്തിനായി പ്രാർത്ഥിക്കുക. ചില ബാലഭവനങ്ങളിൽ മുറികൾ, ശൗച്ചാലയങ്ങൾ, കുഴൽ കിണറുകൾ, പമ്പുകൾ, സ്കൂൾ ബസ്, ഭക്ഷണ മുറികൾ, വിവിധ ഉപയോഗത്തിനായുള്ള ഹാളുകൾ തുടങ്ങിയവ ആവശ്യമായിരിക്കുന്നു. ഇവ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

അതിലുപരി നമ്മുടെ ബാലഭവനം, സ്കൂളുകൾ, ശിശു പരിപാലന കേന്ദ്രം എന്നിവകളിൽ നിന്നു പഠനം പൂർത്തീകരിച്ചു പുറത്തു വരുന്ന കുട്ടികൾ സുവിശേഷവേലയോടു താൽപര്യമുള്ളവരാകേണ്ടതിനും അവരുടെ സ്നേഹിതരെയും സ്വന്തക്കാരെയും സുവിശേഷത്താൽ നേടുന്നതിനായി FMPB യുടെ ശുശ്രൂഷയിൽ പങ്കുചേരേണ്ടതിനുമായി പ്രാർത്ഥിക്കുക.

# കോതമ്പു മണിയായി വീണു



**ശ്രീമതി. അരുൾ പാക്കിയബായി യോശുവ**

(27.07.1967 - 30.04.2022)

റവ. യോശുവയുടെ ഭാര്യയായ നമ്മുടെ പ്രിയപ്പെട്ട മിഷനറി ശ്രീമതി. അരുൾ പാക്കിയ ബായി 54 -ാം വയസ്സിൽ കാൻസർ രോഗം ബാധിച്ച് 2022 ഏപ്രിൽ 30 ന് നിത്യതയിൽ പ്രവേശിച്ചു.

കന്യാകുമാരി ജില്ലയിൽ ജയിംസ് ടൗണിലെ ഭഗവതിപുരത്തുള്ള ക്രിസ്തീയ ദമ്പതികളായ ശ്രീ. യേശുദാസിന്റെയും ശ്രീമതി. പരൻജ്യോതിയുടെയും ആറു മക്കളിൽ നാലാമത്തവളായി 1967 ജൂലൈ 27 ന് സഹോദരി അരുൾ പാക്കിയ ബായി ജനിച്ചു. അവളുടെ പിതാവ് കർഷകനും മാതാവ് വീട്ടമ്മയും ആയിരുന്നു. രക്ഷിതാക്കൾ കുഞ്ഞുങ്ങളുടെ ആത്മീക ജീവിതത്തിനു കൂടുതൽ ഊന്നൽ നൽകി അവരെ പള്ളി ആരാധനയിലും സണ്ടെ സ്കൂളിലും ക്രമമായി അയച്ചിരുന്നു.

1985 ൽ ശ്രീമതി. അരുൾ പാക്കിയ ബായി 12 -ാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ സ്വന്ത ദൈവാലയത്തിൽ നടത്തിയ യുവജനയോഗത്തിൽ സംബന്ധിക്കുന്നതിന് ഇടയായി. 2.കൊരി. 5:17 ലൂടെ ദൈവം അവളോടു സംസാരിച്ചു. അവൾ സ്വന്ത പാപങ്ങൾ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞു യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അതിനെ തുടർന്നു അവൾ ദിനംതോറും വേദപുസ്തകം വായിച്ചു ധ്യാനിക്കുവാൻ തുടങ്ങി. അവൾ സ്വന്ത സഭയിലെ സണ്ടെ സ്കൂൾ ആദ്ധ്യാപികയായി അനേക കുഞ്ഞുങ്ങളെ ക്രിസ്തുവിങ്കലേക്കു നയിച്ചു. +2 പഠനം പൂർത്തീകരിച്ച് തമിഴിലും ഇംഗ്ലീഷിലുമുള്ള ടൈപ്പ് റൈറ്റിംങ്ങും ഷോർട്ട് ഹാൻഡും പഠിച്ച് പരീക്ഷ പാസ്സായി. 1989 ൽ അവൾ ചെന്നയിലേക്കു വന്നു ഒരു ബന്ധുവിന്റെ വീട്ടിൽ താമസിച്ചു കൊണ്ട് സുവിശേഷകൻ സാം ജപദുരയുടെ “അന്നന്നുള്ള അപ്പം” എന്ന പുസ്തകത്തിന്റെ വായനക്കാരുടെ കത്തുകൾക്കു മറുപടി എഴുതുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടു. ഈ കാലങ്ങളിൽ രാജ്യത്തു നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന സ്വഭാവം അവൾ വളർത്തിയെടുത്തു. FMPB, IEM, NIM, IMS തുടങ്ങിയ സംഘടനയിലെ മിഷനറിമാർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി.

ഒരു ദിവസം അവളുടെ ധ്യാന നേരത്തു ദൈവം അവളെ യിരെ.1:5–8 വാക്യങ്ങളിലൂടെ പൂർണ്ണ സമയ സുവിശേഷ വേലക്കായി വിളിച്ചു. ഒരു മിഷനറിയായി പ്രവർത്തിക്കുന്നതിനു തന്റെ ജീവിതത്തെ ദൈവസന്നിധിയിൽ സമർപ്പിച്ചു. ഈ നാളുകളിൽ ചെന്നയിൽ തിരുമംഗലത്തുള്ള ശ്രീ. പി. ഡേവിഡിന്റെ വീട്ടിൽ വെച്ചു ചൊവ്വാഴ്ച തോറും നടത്തുന്ന പ്രാർത്ഥന യോഗത്തിൽ അവൾ സംബന്ധിച്ചു വന്നു. മിഷനറിമാരുടെ സാക്ഷ്യത്തിലൂടെയും പ്രസംഗത്തിലൂടെയും നശിച്ചു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരം അവളിൽ വർദ്ധിച്ചു വന്നു. മാതാപിതാക്കളുടെ അനുഗ്രഹത്തോടെ 1994 ൽ അവൾ FMPB യിൽ മിഷനറിയായി ചേർന്നു.

പരിശീലനത്തിനു ശേഷം സഹോദരി. അരുൾ പാക്കിയ ബായിയെ ഉത്തർപ്രദേശിലെ ഗോണ്ടയിലേക്കു FMPB ഉത്തർപ്രദേശ് സംസ്ഥാനത്തു നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിനു നേതൃത്വം നൽകുന്നതിനായി നിയോഗിച്ചു. 1996 ആഗസ്റ്റ് 17 ന് റവ. യോശുവ

ശ്രീമതി അരുൾ പാക്കിയ ബായിയെ വിവാഹം ചെയ്തു. വിവാഹാനന്തരം അവരെ സതേൺ സോണിൽ സഭാ സ്ഥാപന ശുശ്രൂഷയിൽ നിയോഗിച്ചു. അവർ തമിഴ്നാട്ടിലെ ഡെങ്കണി കൊട്ടൈ, ഇല്ലംപള്ളി, അരണി എന്നീ മിഷൻ വയലുകളിൽ ശുശ്രൂഷ നിർവഹിച്ചു. 1997 ൽ ദൈവം അവർക്കു ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. മകൻ ടൈറ്റസ് ഇപ്പോൾ MPT കോഴ്സ് പഠിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷമായി സഹോദരി മാരകമായ കാൻസർ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. വെല്ലൂർ സി എം സി യിലെ ചികിത്സയിലായിരുന്നു. എന്നാൽ ഒരോ ദിവസം കഴിയുന്തോറും അവളുടെ ആരോഗ്യം ക്ഷയിച്ചു കൊണ്ടിരുന്നു. ഡോക്ടറന്മാരുടെ ശ്രമങ്ങൾക്കൊന്നു നല്ല ഫലം കിട്ടിയില്ല. 2022 ഏപ്രിൽ 30 ന് കുടുംബത്തെ വിട്ടു അവൾ കർത്തൃ സന്നിധിയിൽ അണഞ്ഞു. അവളുടെ ഭൗതീക ശരീരം 2022 മെയ് ഒന്നാം തീയതി ഈസ്റ്റ് താമ്പരത്ത് പുനരുത്ഥാനത്തിന്റെ പ്രത്യാശയോടെ സംസ്കരിച്ചു. മരണ ശയ്യയിലായിരുന്ന വേളയിൽ സംസാരിക്കുവാനോ ചലിക്കുവാനോ കഴിയാത്ത അവസ്ഥയിലും അവൾ വേദവചനമായ മീഖാ 6:8 ഉരുവിട്ടിരുന്നു "മനുഷ്യാ നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു; ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?" ദൈവ സന്നിധിയിൽ താഴ്മയോടെ നടക്കുവാൻ അവൾ ബന്ധുക്കളെ ഉപദേശിച്ചു. ദൈവവനാമ മഹത്വത്തിനായി അവൾ നല്ല ഓട്ടം ഓടി. FMPB കുടുംബമായി റവ. കെ. എസ്. യോശുവായുടെയും മകൻ ടൈറ്റസിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ദൈവമായ കർത്താവ് അവരെ ആശ്വസിപ്പിക്കുമാറാകട്ടെ.

– റവ. ഡോ. ഇ രാജൻ, FMPB

# കോതമ്പു മണിയായി വീണു



**ശ്രീമതി. ലൈസാമ്മ ബാബു**

(20.04.1976 - 03.05.2022)

കേരളത്തിൽ വയനാട് ജില്ലയിലെ പുതുമലയുള്ള ഒരു ക്രൈസ്തവ കുടുംബത്തിൽ 1976 ഏപ്രിൽ 20 ന് സഹോദരി ലൈസാമ്മ ജനിച്ചു. അവളുടെ ചെറു പ്രായത്തിൽ തന്നെ പിതാവ് ശ്രീ. ദേവസ്യ നിത്യതയിൽ പ്രവേശിച്ചു. അവളുടെ മാതാവ് ശ്രീമതി റോസമ്മ കൂലി വേല ചെയ്ത് അഞ്ചു മക്കളെ പോറ്റി വളർത്തി. മേപ്പാടി സി എസ് ഐ ഇമ്മാനുവേൽ ദൈവാലയത്തിലൂടെ ആത്മീകമായി വളരുവാൻ ദൈവം അവരെ സഹായിച്ചു. സഭാ ആരാധനയിലും സണ്ടെസ്കൂളിലും അവർ പതിവായി സംബന്ധിച്ചിരുന്നു. അങ്ങനെ അവർ ദൈവവചനം പഠിച്ചു.

## രക്ഷിക്കപ്പെടുന്നു:

ശ്രീമതി. റോസമ്മ മക്കളെ സണ്ടെ സ്കൂളിൽ വിടുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നു. അവളുടെ തുച്ഛമായ വരുമാനം കൊണ്ടു കുടുംബത്തെ പോറ്റുക തുഷ്കരമായിരുന്നിട്ടും അവൾ സകല കാര്യത്തിനും ദൈവത്തിൽ

ആശ്രയിക്കുകയും ദൈവസന്നിധിയിലൽ മുട്ടു മടക്കുകയും ചെയ്തിരുന്നു. സഹോദരി ലൈസാമ്മ പത്താം ക്ലാസ്സ് പാസ്സായി. തുടർന്നു ദൈവശാസ്ത്ര പഠനം നടത്തണമെന്നും അങ്ങനെ ദൈവവേല ചെയ്യണമെന്നും ആഗ്രഹിച്ചു. ദൈവീക നടത്തിപ്പിൽ സഹോദരി തിരുവല്ല, നവജീവോദയത്തിലുള്ള ബൈബിൾ മിഷനറി ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു പഠിച്ചു. 1992 ൽ പഠനം ആരംഭിച്ച് 1994 ൽ ബൈബിൾ & ഇവാൻജലിസം കോഴ്സ് വിജയകരമായി പൂർത്തീകരിച്ചു. ഈ പഠനകാലയളവിൽ സഹോദരി ക്രമീകൃതമായ രീതിയിൽ വേദപുസ്തകം പഠിച്ചു. യേശുവിനെ വ്യക്തിപരമായി അറിഞ്ഞു. അവിടെയുള്ള കൂട്ടായ്മ, പ്രാർത്ഥന, അദ്ധ്യാപനം തുടങ്ങിയവ അവളെ വിശ്വാസത്തിൽ വളർത്തി. സുവിശേഷം ആരും അറിയിച്ചിട്ടില്ലാത്ത മേഖലയിൽ സുവിശേഷവേല ചെയ്യണമെന്ന ഉറച്ച തീരുമാനം എടുത്തു.

## മിഷനറിയാകുന്നതിനുള്ള ദൈവവിളി

സഹോദരി ലൈസാമ്മ ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും തുടങ്ങി. FMPB യെ കുറിച്ചു അറിഞ്ഞപ്പോൾ ഒരു മിഷനറിയായി പോകുന്നതിനു താൽപര്യപ്പെട്ടു. FMPB യിൽ അപേക്ഷ അയച്ചു. കോട്ടയത്തു നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്തു. മിഷനറിയായി തിരഞ്ഞെടുത്ത ലൈസാമ്മയെ ഒരു വർഷത്തെ പരിശീലനത്തിനായി ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്കു അയച്ചു. അങ്ങനെ 1994 മെയ് 24 ന് ലൈസാമ്മ FMPB യിൽ മിഷനറിയായി ചേർന്നു. പരിശീലനം പൂർത്തകരിച്ച ലൈസാമ്മയെ ഉത്തർപ്രദേശിലെ ഗോണ്ടയിലേക്കു ഹിന്ദി ഭാഷ പഠിക്കുന്നതിനായി അയച്ചു. അവിടെ നിന്നു മാൾട്ടോ ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നതിനായി ജാർഖണ്ഡിലേക്കു അയച്ചു. ദൈവം അവൾക്കു പാടുവാനുള്ള കഴിവ് നൽകിയിരുന്നു. അവൾ പതിവായി മാൾട്ടോ ഗാനങ്ങൾ ആലപിക്കുകയും സ്ത്രീകളെയും കുട്ടികളെയും ആത്മീകമായി ഉത്സാഹിപ്പിക്കുകയും ചെയ്തു വന്നു. വളരെ ശാന്തസ്വഭാവക്കാരിയായ ലൈസാമ്മയുടെ അതിഥി സത്കാര ശീലം പ്രസിദ്ധമായിരുന്നു.

## വിവാഹ ജീവിതം:

സഹോദരി ലൈസാമ്മയും ശ്രീ. ബാബു പി കെയും തമ്മിലുള്ള വിശുദ്ധ വിവാഹം 1997 നവംബർ മൂന്നിന് ബർഹർവ സി എൻ ഐ ഗുഡ് ഷെപ്പേർഡ് ചർച്ചിൽ വെച്ചു നടത്തി. പിന്നീട് ബാബു FMPB യിൽ ചേർന്നു മാൾട്ടോ ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുവാനൻ തീരുമാനിച്ചു. അങ്ങനെ നവ ദമ്പതികളായ ഇവർ 2001 മാർച്ച് 2 ന് FMPB യിൽ ചേർന്നു. അവരുടെ കുടുംബ ജീവിതത്തിൽ മൂന്നു മക്കളെ നൽകി ദൈവം ആശീർവദിച്ചു. മൂത്ത മകൻ യോശുവ 1998 ജൂലൈ 24 ന് ജനിച്ചു. പിന്നീട് അവർ ഉത്തർപ്രദേശിലെ കച്ചുവായിൽ മിഷനറി പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന നാളിൽ 2002 സെപ്റ്റംബർ 10 ന് ഇരട്ടകുട്ടികളായ ജസ്സിയെയും ജാനസിനെയും നൽകി ദൈവം അനുഗ്രഹിച്ചു. ഇപ്പോൾ മൂത്ത മകൻ യോശുവ ജാർഖണ്ഡിൽ EFICOR എന്ന സംഘടനയോടു ചേർന്നു ദൈവവേല ചെയ്യുന്നു. ഇളയ കുട്ടികൾ പ്രഫഷണൽ കോഴ്സ് പഠനം നടത്തുന്നു.

## മിഷനറി ജീവിതം.

കച്ചുവായിലെ പഠനത്തിനു ശേഷം ബാബു - ലൈസാമ്മ മിഷനറി കുടുംബത്തെ ജാർഖണ്ഡിലെ ശുശ്രൂഷ തുടരുന്നതിനായി അയച്ചു. ബർഹൈറ്റ് മിഷൻ വയൽ കേന്ദ്രമാക്കി അവർ തങ്ങളുടെ സഭാസ്ഥാപന ശുശ്രൂഷ ആരംഭിച്ചു. അവർ വേഗത്തിൽ മാൾട്ടോ ഭാഷ പഠിച്ചു ഗ്രാമം ഗ്രാമമായി സുവിശേഷം പ്രഘോഷിച്ചു. ദൈവം അവരുടെ ശുശ്രൂഷയെ മാനിച്ചു നൂറു കണക്കിനു ആത്മാക്കളെ നൽകി അനുഗ്രഹിച്ചു. 2007 ൽ അവരുടെ പ്രവർത്തന കേന്ദ്രം ബർഹർവായിൽ നിന്നു ബോറിയോയിലേക്കു മാറ്റി. പിന്നീട് ബദരിയ ഗ്രാമത്തിലേക്കു നീങ്ങി. കഠിനാദ്ധ്വാനികളായ

അവർ മാൾട്ടോ ജനതയുടെ രക്ഷക്കു വേണ്ടി തങ്ങളുടെ ജീവനും സമ്പത്തും ചിലവഴിക്കുന്നതിനു ഒരിക്കലും മടി കാണിച്ചില്ല. 2014 ൽ ലൈസാമ്മയും റവ. ബാബുവും തീൻപഹാഡിൽ നിന്നും പാലാമുവിലേക്കു മാറി പ്രവർത്തനം തുടർന്നു. 2018 ൽ ബാബുവിനു ഇസ്റ്റേൺ ഗാഞ്ചറ്റിക്ക് റീജിയന്റെ ചുമതല നൽകി. 2021 ൻെറ രണ്ടാം പാദം വരെ ഈസ്റ്റേൺ ഗാഞ്ചറ്റിക്ക് റീജണൽ സെക്രട്ടറിയായി ബാബു സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. മാൾട്ടോ സമുദായത്തിന്റെ സമഗ്രമായ വികസനത്തിനു ഈ കുടുംബം നൽകിയ സംഭാവനയും ത്യാഗവും എടുത്തു പറയേണ്ടത് തന്നെ യാണ്.

## നിത്യഭവനത്തിലേക്കുള്ള വിളി

ശ്രീമതി ലൈസാമ്മ നല്ല ഒരു പ്രാർത്ഥന പോരാളിയായിരുന്നു. മാൾട്ടോ സമുദായത്തിന്റെ മദ്ധ്യത്തിൽ അത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന മിഷനറി കഠിനമായ തലവേദനയും മറ്റു ശാരീരിക അസ്വസ്തയും നിമിത്തം 2011 ജനുവരിയിൽ സിഎംസി വെല്ലൂരിൽ പരിശോധനക്കായി വന്നു. തലച്ചോറിൽ ഒരു മുഴ വളരുന്നതായി കണ്ടെത്തി. CMC ഡോക്ടറന്മാർ നല്ല ചികിത്സ നൽകിയതിനെ തുടർന്നു അവൾ മിഷൻ വയലിലേക്കു മടങ്ങി. തന്റെ ഭർത്താവ് റവ. പി കെ, ബാബുവിനോടു ചേർന്നു മാൾട്ടോ ജനത്തിനു വേണ്ടി പത്തു വർഷം കഠിനമായി അധ്വാനിച്ചു. വീണ്ടും അവൾ പല വിധ രോഗങ്ങൾ നിമിത്തം ചികിത്സക്കായി കേരളത്തിലേക്കു മടങ്ങി വന്നു. ഭാര്യ ലൈസാമ്മ ചികിത്സക്കു വിധേയമായ നാളുകളിൽ റവ. ബാബു മൊബലൈസേഷൻ ശുശ്രൂഷയെ സഹായിച്ചു. 2021 സെപ്റ്റംബറിൽ ലൈസാമ്മക്കു മസ്തിഷ്കാഘാതം ഉണ്ടായി. ശരീരത്തിന്റ ഇടതു ഭാഗത്തെ അതു ഗുരുതരമായി ബാധിച്ചു. കേരളത്തിൽ കൊച്ചിക്കു സമീപത്തുള്ള കോലഞ്ചേരി മെഡിക്കൽ കോളജിൽ പ്രവേശിച്ചു ചികിത്സിച്ചു. സഹോദരി ലൈസാമ്മയുടെ സംസാര ശേഷിയെയും അതു കാര്യമായി ബാധിച്ചിരുന്നു. ആരോഗ്യത്തിൽ കാര്യമായ മെച്ചമുണ്ടായില്ല. ഡോക്ടറന്മാരുടെ പരിശ്രമത്തിനു കാര്യമായ ഫലമുണ്ടായില്ല. 2022 മെയ് മൂന്നാം തീയതി ലൈസാമ്മ നിത്യതയിൽ പ്രവേശിച്ചു. ജാർഖണ്ഡിലെ മാൾട്ടോ സമുദായത്തിന്റെ ഉന്നമനത്തിനായി നീണ്ട 26 വർഷം ചെയ്ത ശുശ്രൂഷക്കായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. അനേക ജീവിതങ്ങളിൽ നിത്യ ജീവൻ ഉറപ്പാക്കിയ സഹോദരി ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.

ഭൗതിക ശരീരം ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം കൊച്ചിക്കടുത്തുള്ള പുത്തൻകുരിശ് സെമിത്തേരിയിൽ കർത്താവിന്റെ മഹത്വ പ്രത്യക്ഷതിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ സംസ്കരിച്ചു. റവ. പി. കെ. ബാബുവിന്റെയും മൂന്നു മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പുനരുത്ഥാനത്തിന്റെ പ്രത്യാശ നൽകി നമ്മുടെ ദൈവമായ കർത്താവ് അവരെ ആശ്വസിപ്പിക്കുമാറാകട്ടെ.

– റവ. ഡോ. ഇ രാജൻ, FMPB

റവ. ബാബുവിന്റെ സഭയായ ചർച്ച് ഓഫ് മോതിരപ്പള്ളി സഭയിലെ മൂപ്പന്മാരും വിശ്വാസികളും കർത്താവിന്റെ പോർക്കളത്തിൽ ധീരമായി പോരാടിയ മിഷനറി വനിതക്കു ആദരപൂർവ്വമായ യാത്രയയപ്പു നൽകി. ക്രമീകരണങ്ങൾക്കു നേതൃത്വം നൽകിയ സഭയിലെ മൂപ്പന്മാരോടും വിശ്വാസികളോടുമുള്ള FMPB കുടുംബത്തിന്റെ സ്നേഹവും കടപ്പാടും നന്ദിയും അറിയിക്കുന്നു. FMPB യിലെ 25 ലധികം മിഷനറിമാർ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. നമ്മുടെ സഹോദരിയുടെ സംസ്കാര ശുശ്രൂഷയിൽ സാന്നിധ്യത്താലും പ്രാർത്ഥനയാലും ആലോചനകളാലും സഹായിച്ച കേരള മൊബലൈസേഷൻ മേഖലയിലെ പ്രവർത്തകരും സഹകാരികളുമായ എല്ലാവരോടുമുള്ള നന്ദിയെ അറിയിക്കുന്നു.

– റവ. തോമസ് മാത്യു,
സെക്രട്ടറി കേരള സോൺ

പിന്തുടരേണ്ട കാൽപാടുകൾ

# വ്യക്തിപരമായ സാക്ഷ്യത്തിന്റെ ശക്തി



ഇ. സ്റ്റാൻലി ജോൺസ്

ഇരുപതാം നൂറ്റണ്ടിലെ വിശ്വപ്രസിദ്ധനായ ആഗോളതലത്തിൽ അറിയപ്പെടുന്ന മിഷനറിയും സുവിശേഷകനുമാകുന്നു ഇ. സ്റ്റാൻലി ജോൺസ്. ഇന്ത്യയിലെ ഒരു മിഷനറി, സുവിശേഷകൻ, സമാധാനത്തിന്റെയും സാർവത്രിക സാഹോദര്യത്തിന്റെയും വക്താവ് എന്ന നിലയിൽ ഡോ. സ്റ്റാൻലി 70 വർഷം ലോകമെമ്പാടും സഞ്ചരിച്ചു. തന്റെ കഴിവിന്റെ പരമാവധി ജോൺസ് യേശുക്രിസ്തുവിന്റെ നിരന്തര സാക്ഷിയായി നിന്നു. പ്രസിഡണ്ട് ഫ്രാങ്ക്ളിൻ ഡി റൂസ്വെൽറ്റ്, ഗാന്ധി, ബിമാറോ അംബേദ്കർ എന്നിവരുടെ ഉറ്റമിത്രമായിരുന്ന ജോൺസ്, മാർട്ടിൻ കിങ് ജൂനിയർ പോലെയുള്ള അനേക ലോക നേതാക്കന്മാർക്കു പ്രചോദനമായിരുന്നു.

1938 ൽ ടൈം മാഗസിൻ അദ്ദേഹത്തെ "ലോകത്തിലെ ഏറ്റവും ശ്രേഷ്ഠനായ മിഷനറി സുവിശേഷകൻ" എന്നു വിളിച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്തിനു അതിരുകളില്ലായിരുന്നു. ഒരു വർഷത്തിലെ 50 ആഴ്ചകളും സഞ്ചരിച്ച് പതിനായിര കണക്കിന് പ്രസംഗങ്ങൾ ചെയ്തു. പലപ്പോഴും ഒരു ദിവസം രണ്ടു മുതൽ ആറു വരെ പ്രഭാഷണങ്ങൾ നടത്തിയിരുന്നു. യേശുക്രിസ്തുവിനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ സാക്ഷ്യം - അദ്ദേഹം പ്രസംഗിക്കുന്നത് കേൾക്കുകയോ എഴുതിയ പുസ്തകങ്ങൾ വായിക്കുകയോ ചെയ്ത - ദശലക്ഷങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കുന്ന സ്വാധീനം ചെലുത്തി. കാലങ്ങൾ കഴിയുന്തോറും അദ്ദേഹത്തിന്റെ സ്വാധീനവും വർദ്ധിച്ചു.

ഡോ. ബില്ലിഗ്രഹാം തന്റെ സ്വന്തം ജീവിതത്തിൽ ഡോ. ജോൺസ് ചെലുത്തിയ സാക്ഷ്യത്തെ കുറിച്ചു എഴുതുന്നു, "ജീവിതത്തിന്റെ രാത്രികളിൽ പൂക്കുന്നതു സമൃദ്ധിയായ ഫലം നൽകുമെന്നു ഡോ. ജോൺസ് തീർച്ചയായും മനസ്സിലാക്കിയിരുന്നു. ഇതെല്ലാം പരിഗണിച്ചാണ് വഴിയാത്രയിൽ അവൻ എല്ലാത്തിനനെയും തൊട്ടത്. നിത്യതയിലേക്കുള്ള യാത്രയിൽ അർത്ഥപൂർണ്ണമായ ജീവിതം നയിക്കുന്നതിന് യോഗ്യമായ സാക്ഷ്യമാകന്നു ഡോ. ജോൺസിന്റെ ജീവിതം. 87-ാം വയസ്സിലുണ്ടായ മസ്തിഷ്കാഘാതം തന്റെ ശരീരത്തെ ബലഹീനപ്പെടുത്തിയതിനൊപ്പം സംസാര ശേഷിയെയും ബാധിച്ചു. എന്നിരുന്നാലും അവസാന പുസ്തകമായ 'The divine Yes' ജോൺസ് എഴുതി. തന്റെ പ്രീയപ്പെട്ട ഇന്ത്യയിൽ മരിക്കുന്നതിനു മുമ്പ് ചക്ര കസേരയിൽ ഇരുന്നു കൊണ്ട് യരുശലെമിലെ ലോക കോൺഗ്രസിനെ അഭിസംബോധന ചെയ്തു".

മേരിലാന്റിലെ ബാൾട്ടി മോറിൽ 1884 ജനുവരി 3 ന് എലി സ്റ്റാൻലി ജോൺസ് ജനിച്ചു. കെന്റക്കിലുള്ള വിൽമേറിലെ ആസ്ബറി കോളജിലേക്കു മാറുന്നതിനു മുമ്പ് സിറ്റി കോളജിൽ ഹ്യസ്വമായി നിയമം പഠിച്ചു. 1905 ഫെബ്രുവരിയിൽ ജോൺസും മൂന്നും സുഹൃത്തുക്കളും ചേർന്നു നടത്തിയ ഒരു സ്വകാര്യ പ്രാർ

ത്ഥനയിൽ രാത്രി പത്തു മണിക്ക് പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ആ മുറിയിൽ പ്രവേശിച്ചതായി തോന്നി. മറ്റു വിദ്യാർത്ഥികളും അവരോടൊപ്പം ചേർന്നു. അസ്ബറി കോളജ് ക്യാമ്പസിൽ ഉണർവ്വ് ആരംഭിച്ചു പിന്നീട് വിൽമോർ പട്ടണത്തിലും ചുറ്റുപാടും അത് വ്യാപിച്ചു. പാപത്തിന്റെ ഏറ്റു പറച്ചിലുകളും ശക്തമായ പ്രാർത്ഥനകളും കർത്താവിനോടുള്ള ആഴമായ സമർപ്പണവും അവിടെ ഉണ്ടായി. ജോൺസ് തന്റെ ആത്മീയ ആത്മകഥയിൽ വിവരിച്ചത്, “ഈ ഉണർവ്വ് ഉന്നതൻ എന്ന ബോധത്തിൽ നിന്ന് എന്നെ സ്വതന്ത്രനാക്കി. ഭാവിയിൽ ഒരു മിഷനറിയായി പ്രവർത്തിക്കുന്നതിനു എന്നെ സജ്ജനാക്കി. മിഷൻ വയലിലേക്കു നേരിട്ടു എന്നെ വിളിച്ചാക്കിയ പരിശുദ്ധാത്മാവിലേക്കു എന്റെ കാതുകൾ തുറന്നു.

1907 ൽ അസ്ബറിയിൽ നിന്നു ജോൺസ് ബിരുദം സംമ്പാദിച്ചു. മെഥടിസ്റ്റ് എപ്പിസ്കോപ്പൽ സഭയിലെ ബോർഡ് ഓഫ് മിഷന്റെ കീഴിൽ ഒരു മിഷനറിയായി ഇന്ത്യയിലേക്കു വന്നു. ഇന്ത്യയെ വിപുലമായ തോതിൽ സുവിശേഷീകരിക്കുക എന്ന മെഥടിസ്റ്റ് ബോർഡ് മിഷന്റെ പദ്ധതിയിലൂടെ ജോൺസ് ഇന്ത്യൻ പട്ടണങ്ങളിൽ വിശാലമായ യോഗങ്ങൾ സംഘടിപ്പിച്ചു അതിനെ തുടർന്നു പൊതു ഹാളുകളിൽ കഠിനമായ ചോദ്യങ്ങളെ അഭിമുഖീകരിച്ച് സംവാദങ്ങൾ സംഘടിപ്പിച്ചു. എല്ലാ മതവിഭാഗത്തിലെ വിശ്വാസികളെയും ക്ഷണിച്ചു വട്ടമേശ സമ്മേളനങ്ങൾ നടത്തി. ഈ വട്ടമേശ സമ്മേളനങ്ങളിലൂടെ സംഭാഷണം പ്രൊഫഷണൽ ശൈലിയിൽ നിന്നു വ്യത്യസ്ഥമായി കൂടുതൽ അടുപ്പവും വ്യക്തിപരവുമാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഇത്തരത്തിലുള്ള ആദ്യ മീറ്റിംഗിൽ തന്നെ അദ്ദേഹത്തിനു നിരവധി ഹൈന്ദവ സുഹൃത്തുക്കളുടെ സദസ്സുണ്ടായിരുന്നു. അവരോടു അദ്ദേഹം തന്റെ വ്യക്തിപരമായ മാനസാന്തരവും തുടർന്നുള്ള അനുഭവങ്ങളും വിവരിച്ചു.

ജോൺസിന്റെ ക്രിസ്തേശുവിലുള്ള അനുഭവം തന്റെ ശ്രോതാക്കളുടെ ഹൃദയത്തെ സ്പർശിച്ചു. ജോൺസ് ഒരിക്കൽ പറഞ്ഞു ഇത്തരത്തിലുള്ള സമ്മേളനങ്ങൾ നടത്തിയ 30 വർഷത്തെ അനുഭവത്തിൽ ഒരിക്കൽ പോലും മുമ്പ് യേശുവിനെ കണ്ടെത്തി എന്ന അവകാശവാദമുള്ള ഒരാളെ പോലും കാണുവാൻ സാധിച്ചിട്ടില്ല. ഒരു ഹൈന്ദവൻ സ്വയം ദൈവമായി ധ്യാനിക്കുന്നതിനാൽ ഇന്ത്യക്കാരുടെ മനസ്സ് ദൈവവുമായുള്ള കൂട്ടായ്മയല്ല തേടുന്നത് പിന്നെ ദൈവവുമായുള്ള ഏകീഭാവമാണ്. ഞാൻ ദൈവമാകുന്നു എന്ന് അന്തരംഗം പറയുന്നു. എന്നിരുന്നാലും ജോൺസ് പറയുന്നു “ഇത് അന്തരംഗ പല്ലവിയാണ് അല്ലാതെ യാഥാർത്ഥ്യമല്ല. ജീവിതം ഒരിക്കലും തിരികെ ലഭിക്കയില്ല. അതേ സമയം യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ പറയുന്ന യേശുക്രിസ്തുവുമായി സമ്പർക്കം പുലർത്തുന്നവരെ താൻ കണ്ടെത്തിയിട്ടുണ്ട്. അവർക്കു ദൈവം ഒരു യാഥാർത്ഥ്യമാകുന്നു. അവർക്കു ദൈവവുമായി കൂട്ടായ്മയുണ്ട്. ഇതാണ് ക്രിസ്തീയ സമീപനത്തിന്റെ പ്രത്യേകത”

യേശുക്രിസ്തുവിലൂടെ കൊണ്ടുവന്ന അനുരജ്ഞനം മുഴു ലോകത്തിനും വേണ്ടിയുള്ളതാണെന്നതിനു ഊന്നൽ നൽകിയതിനാൽ ജോൺസിന്റെ ശുശ്രൂഷയും അതിന്റെ സ്വാധീനവും വേഗത്തിൽ ലോക പ്രസിദ്ധമായി. ഇന്ത്യയിലെ ആശ്രമ പ്രസ്ഥാനം പുനഃസ്ഥാപിക്കുന്നതിനു വേണ്ട സഹായം ചെയതു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുമിച്ചു ചില ദിനങ്ങൾ താമസിച്ച് യേശുക്രിസ്തുവിലുള്ള സത്യം കൂടുതൽ ഗ്രഹിക്കുന്നതിനുള്ള അവസരം. ജോൺസ് തുടർന്നു ക്രിസ്തീയ ആശ്രമങ്ങൾ ലേകമെമ്പാടും സ്ഥാപിക്കുന്നതിനായി ശ്രമിച്ചു. ഈ നാളുകളിൽ ജോൺസ് അപെൻഡിക്സ് പൊട്ടി

ഓപ്പറേഷൻ ചെയ്യുവാൻ കഴിയാത്ത അവസ്ഥയിലെത്തി. അദ്ദേഹത്തിന്റെ രോഗത്തിന്റെ വേദനയോടൊപ്പം പ്രവർത്തനത്തിന്റെ ഉത്തരവാദിത്വവും വർദ്ധിച്ചു. സ്റ്റാൻലിക്കു ഒരു ദശലക്ഷം ജനങ്ങളുള്ള ഒരു ജില്ലയുടെ ഉത്തരവാദിത്വം നൽകി. പിന്നീട് അത് രണ്ടായി ഒടുവിൽ അദ്ദേഹം നാലു ജില്ലയുടെ ചുമതലയും കൂടാതെ മെഥഡിസ്റ്റ് പ്രസിദ്ധീകരണ ഭവനത്തിന്റെ ചുമതലയും വഹിച്ചു.

അദ്ദേഹത്തിന്റെ ആത്മകഥയിൽ നിന്ന്, മാനസിക സമ്മർദ്ദവും ശാരീരിക രോഗവും വളരെ കൂടുതലായിരുന്നു. തൽഫലമായി എട്ടര വർഷത്തിനൊടുവിൽ അവധിയെടുത്തു അമേരിക്കയിലേക്കു പോകുവാൻ ഉത്തരവ് ലഭിച്ചു... ഞാൻ ദൈവാലയത്തിലേക്കു പോയി മുഴങ്കാലിൽ നിന്നു പ്രാർത്ഥിച്ചു, എനിക്കല്ല കർത്താവെ മറ്റുള്ളവർക്കായ്, ദൈവം എന്നോടു സംസാരിച്ചു, ഞാൻ നിന്നെ വിളിച്ച വിളിക്കനുസൃതമായി പ്രവർത്തിക്കുവാൻ നീ തയ്യറാണോ? എന്റെ ഉത്തരം അല്ല കർത്താവേ, ഇതുവരെ ഞാൻ പ്രവർത്തിച്ചു. എന്റെ ശേഷി എല്ലാം അവസാനിച്ചു. എനിക്കു മുന്നോട്ടു പോകുവാൻ കഴികയില്ല. നീ ആ പ്രശ്നങ്ങൾ എന്റെ കയ്യിൽ തരിക. അതിനെ കുറിച്ചു ആകുലപ്പെടരുത്. ഞാൻ അതു കൈകാര്യം ചെയ്തു കൊള്ളാം. ആകാംഷയോടെയുള്ള എന്റെ മറുപടി: കർത്താവേ, വിലപേശൽ ഞാൻ ഇവിടെ നിറുത്തുന്നു. ഞാൻ ഒരു നല്ല മനുഷ്യനാണെന്ന ബോധ്യത്തോടെ മുട്ടിൽ നിന്നെഴുന്നേറ്റു.

1930 ൽ ജോൺസിന്റെ സുവിശേഷീകരണ പ്രവർത്തനം ആറു ഭുഖണ്ഡത്തിലേക്കും വ്യാപിപ്പിച്ചു. യുദ്ധാനന്തര ജപ്പാനിൽ അദ്ദേഹം പത്തു സന്ദർശനങ്ങൾ നടത്തി. ജപ്പാനിലെ ഡോ. കഗാരയോടു ചേർന്നു ദൈവ രാജ്യ മുന്നേറ്റ പ്രസ്ഥാനം ആരംഭിച്ച് ക്രിസ്തുവിന്റെ ആയിരക്കണക്കിനു അനുയായികളെ ചേർത്തു. സഭകളുടെ ഐക്യത്തിനായുള്ള ആദ്ദേഹത്തിന്റെ താൽപര്യത്താൽ അമേരിക്കയിൽ 500 ലധികം സദസ്സിൽ അദ്ദേഹം പ്രസംഗിച്ചു. അദ്ദേഹം എഴുതിയ 28 പുസ്തകത്തിലൂടെ ലഭിച്ച വരുമാനം മുഴുവനും സ്കോളർഷിപ്പ് നൽകുന്നതിനും സുവിശേഷീകരണ പ്രവർത്തനത്തിനുമായി സഭക്കു നൽകി. അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ സുവിശേഷീകരണവും മിഷനറി പ്രവർത്തനവും സഭയുടെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിനും സഭയിൽ സമാധാനവും സാമൂഹ്യ സാക്ഷ്യവും വർദ്ധിക്കുകയും ചെയ്തു. എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് 1928 ൽ അദ്ദേഹം നിരസിച്ചു. സിറാക്കൂസ് യൂണിവേഴ്സിറ്റി, ഡ്യൂക്ക് യൂണിവേഴ്സിറ്റി, മറ്റു അനേക സ്കൂളുകളിൽ നിന്നു അദ്ദേഹത്തിനു ഓണററി ബിരുദങ്ങൾ ലഭിച്ചു. 1961 ഗാന്ധി സമാധാന അവാർഡ് ലഭിച്ചു. രണ്ടു പ്രാവശ്യം സമാധാനത്തിനായുള്ള നോബൽ പ്രൈസിനായി ശുപാർശ ചെയ്തു.

ഓരോ തലമുറയും കുറച്ചു ക്രിസ്തീയ നേതാക്കന്മാരെ നൽകുന്നു. ക്രിസ്തുവിനോടുള്ള അവരുടെ ജീവിത പ്രതിബദ്ധതയും ആത്മീയ വരങ്ങളും അവരുടെ ജീവിത കാലഘട്ടത്തിനപ്പുറം വിശ്വാസം വളർത്തുന്നത് തുടരുന്നു. ഡോ. ഇ. സ്റ്റാൻലി ജോൺസ് (1984 –1973) അത്തരത്തിലുള്ള ഒരു വ്യക്തിയായിരുന്നു. സുവാർത്ത പ്രഘോഷിക്കുമ്പോൾ വിരോചിതമായ ഒരു പൊതുജീവിതത്തിൽ ബാഹ്യമായി പ്രതിഫലിപ്പിക്കുന്ന പ്രതിബദ്ധതയുള്ള ആന്തരിക ജീവിതം നയിക്കുവാൻ ഡോ. ഇ. സ്റ്റാൻലി ജോൺസ് നമ്മെ വെല്ലുവിളിക്കുന്നു. ഇത്തരത്തിലുള്ള അനേക വീരനായകന്മാർ നമ്മുടെ തലമുറയിൽ ഉദിച്ചുയരുമാറാകട്ടെ.

***സഹോ. ഡേവിഡ് ബന്നി***

# പാടൽ ഖാദി സഭാ ചരിത്രം

## ആരംഭം മുതൽ സെപ്റ്റംബർ 2016 വരെ

### അഹ്വ മിഷൻ വയൽ സഹായാദ്രി റീജയൻ ഗുജറാത്ത് (വെസ്റ്റേൺ) സോൺ



*എഴുതിയത്*
**റവ. എൽ മാസിലാമണി**

ഗുജറാത്തിലെ ഡാങ്സ് ജില്ലയിലുള്ള ഒരു കൊച്ചു ഗ്രാമമാകുന്നു പാടൽ ഖാദി. ഇവിടെ 178 കുടുംബങ്ങളിലായി 813 ജനങ്ങൾ വസിക്കുന്നു. പാടൽഖാദി ഗ്രാമത്തിന്റെ വിസ്തീർണ്ണം എട്ടു ചതുരശ്ര കിലോമീറ്ററാകുന്നു. ഇവിടെയുള്ള ജനങ്ങളിൽ 386 പേർക്കു മാത്രമേ എഴുത്തും വായനയും അറിയുകയുള്ളു. ആകെ ജനസംഖ്യയുടെ 63% (512) മാത്രമേ തൊഴിലുള്ളു.

### ശുശ്രൂഷയുടെ ആരംഭം

1985 ൽ FMPB സ്ഥാപിച്ച ചിക്കിലി സഭയാണ് പാടൽഖാദി സഭ സ്ഥാപിക്കുന്നതിനു മർമ്മ പ്രധാനമായ പങ്കുവഹിച്ചത്. ഈ ഗ്രാമത്തിലെ ജിപ്രുബൻ ഡൊഗ്രബായ് ബർദിയ തന്റെ രോഗത്തിന്റെ സൗഖ്യം തേടി ചിക്കിലി ദൈവാലയത്തിൽ ചെന്നു. അവൾക്കു തന്റെ രോഗത്തിനു സൗഖ്യം ലഭിച്ചു. പാടൽഖാദി ഗ്രാമത്തിൽ അവൾ ക്രിസ്തീയ വിശ്വാസം പ്രായോഗികമാക്കി. 2004 ൽ അവൾ നിര്യാതയായി. ചിക്കിലി സഭയിലേക്കു പോയ രണ്ടാമത്തെ വ്യക്തി ജാനുബായി സിത്താർബായി ബർദിയ. തന്റെ മകന്റെ സൗഖ്യത്തിനായിട്ടാണ് പോയത്. ദൈവം പൈതലിനെ സൗഖ്യമാക്കി. ജാനുബായി തന്റെ ഗ്രാമത്തിലെ രോഗികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും അവരെ ചിക്കിലി സഭയിലേക്കു പോകുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. സക്കാർബായി പുനിയബായി ഗൽവി സാക്ഷ്യപ്പെടുത്തുന്നത്: തന്റെ ഭാര്യ ഉദരവേദനയാൽ കഷ്ടപ്പെട്ടപ്പോൾ ജാനുബായി, ചിക്കിലി ദൈവാലയത്തിലേക്കു പോകുവാൻ എന്നെ നിർബന്ധിച്ചു. അവൻ പറഞ്ഞത് ആഭിചാര പ്രവർത്തകന്റെ അടുക്കൽ ചെന്നപ്പോൾ തേങ്ങയും കോഴിയും ബലി കൊടുക്കുന്നതിനായി ആവശ്യപ്പെട്ടു. എന്നാൽ അതു നൽകാതെ ചിക്കിലി ആലയത്തിലേക്കു പോയി. സഭാമൂപ്പനായ ജതാർബായി തന്റെ ഭാര്യക്കു വേണ്ടി പ്രാർത്ഥിച്ചു. 15 ദിവസത്തിനുള്ളിൽ ദൈവം അവളെ സൗഖ്യമാക്കി.

ജാനുബായിയുടെ പ്രാർത്ഥനയാലോ ചിക്കിലി ദൈവാലയത്തിൽ പോകുന്നതിനാലോ ഒരോരുത്തരായി സൗഖ്യം പ്രാപിച്ചു. ചിലർ ലവ്ചാലി മാറനാഥ സഭയിൽ പോയിയും വിടുതൽ പ്രാപിച്ചു. പാടൽഖാദി ഗ്രാമത്തിൽ നിന്നു 15 – 20 പേർ ഡോളിയമ്പാർ ഗ്രാമത്തിൽ പോയി ആരാധനയിൽ പങ്കെടുത്തിരുന്നു. പാടൽഖാദി ഗ്രാമവും അവിടെയുള്ള വിശ്വാസി ഭവനങ്ങളും ക്രമമായി സന്ദർശിക്കുന്നതിനു വേണ്ട ക്രമീകരണം മിഷനറി ചെയ്തു. പാടൽഖാദി ഗ്രാമത്തിൽ ഭവന സന്ദർശനം നടത്തുന്നതിനും ഭവനക്കൂട്ടായ്മ നടത്തുന്നതിനും സുവിശേഷകരായ നാനുബാ

യിയും ജീവല്യബായിയും നേതൃത്വം നൽകി. 1996 മുതൽ അവിടെ രാത്രി യോഗങ്ങൾ നടത്തി വന്നു. ഈ യോഗ ങ്ങൾ ഗംഗാബായി ഖേരബായിയുടെ ഭവനത്തിലാണ് നടത്തിയത്. 2003 മുതൽ ഗംഗാബായിയുടെ വസ്തുവിൽ പണിത താൽക്കാലിക ആലയത്തിൽ വെച്ചുള്ള ആരാധനക്കു സുവിശേഷകർ നേതൃത്വം നൽകി.

## സഭയുടെ വളർച്ച

90 വ്യക്തികൾ സഭയിലെ അംഗങ്ങ ളായി. 1998 ൽ ഉണ്ടായ കഠിനമായ പീഢ നത്തിൽ ചില കുടുംബങ്ങൾ പിന്മാ റിപോയി. അവരിൽ പലരിലുമുള്ള മദ്യാസക്തിയും പിന്മാറ്റത്തിന്റെ കാര ണമായിരുന്നു.

- 2003 ൽ ഗംഗബായിയുടെ വസ്തുവി ലാണ് താൽക്കാലിക ദൈവാലയം നിർമ്മിച്ചത്. അങ്ങനെ ഏഴുവർഷ കാലം ആഴ്ച തോറുമുള്ള യോഗ ങ്ങൾ അവിടെ നടത്തി.
- വാർളി സമുദായത്തിൽ നിന്നു രണ്ടു കുടുംബം, ഭീൽ സമൂഹത്തിൽ നിന്നു നാലു കുടുംബം, കുക്ന ജാതിയിൽ നിന്നും 26 കുടുംബം എന്നിവരും ഗുബിടിയ ഗ്രാമത്തിൽ നിന്നും ഒരു കുടുംബവും (ചിക്കിലി സഭയിലെ മൂപ്പൻ) ഇവിടെ ആരാധനയിൽ വന്നു സംബന്ധിച്ചിരുന്നു.
- താൽക്കാലിക ദൈവാലയം വളരെ ചെറുതായിരുന്നു. വിശ്വാസികൾ മിഷനറി ഡി. ഏബ്രഹാമിനോടു ഒരു വലിയ ദൈവാലയം പണിയുന്നതിനു ആവശ്യപ്പെട്ടു.
- ദൈവാലയം പണിയുന്നതിനാവശ്യ മായ വസ്തു (45 അടി നീളവും 30 അടി നീളവും) ജാനുബായി ബുട്ടെ ബായി ഗാധ്വി ദാനമായി നൽകി.
- വിശ്വാസികളെല്ലാവരും ദൈവാലയ നിർമ്മാണത്തിനു സന്നദ്ധ സേവനം ചെയ്തു. ദൈവാലയത്തിനാവശ്യ മായ തടിയും അവർ ദാനമായി നലകി.
- ദൈവാലയത്തിന്റ നിർമ്മാണം 15.3.2008 ൽ ആരംഭിച്ചു. 10.10.2008 ൽ പണി പൂർത്തീകരിച്ചു. പുതു തായി പണിത ദൈവാലയത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ 14.10.2008 ൽ ന ടത്തി. സമർപ്പണ ശുശ്രൂഷയിൽ മിഷ നറിമാരായ ഡി. ഏബ്രഹാം, എസ് അരുൾരാജ്, സ്പോൺസറന്മാർ തുട ങ്ങിയവർ പങ്കെടുത്തു.

വസ്തു ദാനമായി നൽകിയ ജാനുബായി ഗാദ്‌വിയുടെ സാക്ഷ്യം. പുതിയ ദൈവാ ലയത്തിന്റെ വസ്തു ദാനമായി നൽകിത് ജാനുബായി ബുട്ട ബായി ഗാദ്‌വി



1991 മുതൽ ജാനുബായി യേശുവിൽ വിശ്വസിക്കുന്നു. ലുവ്ച്ചാലി ദൈവാ ലയത്തിലെ ആരാധനയിൽ ഇദ്ദേഹം സംബന്ധിച്ചിരുന്നു. ഇയാളുടെ മകൻ സന്തറാം ജാനു രോഗത്താൽ വല ഞ്ഞു. വിട്ടുമാറാത്ത പനിയാൽ അവൻ കഷ്ടപ്പെട്ടു. കാശിറാം ബായി പോ സാല്യ ബായി അവനെ ലവ്ച്ചാലി സഭ യിലേക്കു പറഞ്ഞുവിട്ടു. അയാൾ മുമ്പ് ഒരു ക്രിസ്ത്യാനിയായിരുന്നു. മന്ത്ര വാദിക്കു 50,000 ത്തിലധികം രൂപയും പത്തു കോഴികളെയും നൽകി. അയാൾ ലവ്ച്ചാലി ദൈവാലയത്തിൽ സംബ ന്ധിച്ചതിനെ തുടർന്നു മകനു സൗഖ്യം ലഭിച്ചു. പിന്നീട് അവൻ പോക്കാടിയ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധി ച്ചു. പുതിയ ദൈവാലയം പണിതതിനെ തുടർന്നു ഇയാൾ ഇവിടുത്തെ ആരാ ധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. ദൈവം ജാനുബായിയുടെ സകല പ്ര വർത്തനങ്ങളെയും ആശീർവദിച്ചു.

## അത്ഭുതങ്ങൾ

### ലഖുബായി മങ്കൽ ബായി ബോായെ & സുൻതി ബൻ



വർഷബായിയുടെ മകൾ ചെറപ്രായത്തിൽ തന്നെ ആസ്മ രോഗത്താൽ വളരെയധികം കഷ്ടപ്പെട്ടു. അവളെ അഹ്വ ആശുപത്രിയിലേക്കു കൊണ്ടുപോയി. അവൾക്കു സൗഖ്യം ലഭിച്ചില്ല. പരമ്പരാഗതമായി അവർ ചെയ്യുന്ന എല്ലാ പൂജാകർമ്മങ്ങളും ചെയ്തു. ആഭിചാര പ്രവർത്തകർ ആവശ്യപ്പെട്ട പണവും നൽകി. എന്നിട്ടും അവന്റെ മകളുടെ ആരോഗ്യസ്ഥിതിക്കു മാറ്റം ഉണ്ടായില്ല. ഗംഗാബായി അവനോടു പറഞ്ഞു എന്റെ കൂടെ ഒരു പ്രാർത്ഥന യോഗത്തിൽ വരുകയാണെങ്കിൽ നിന്റെ മകൾക്കു സൗഖ്യം ലഭിക്കും. അങ്ങനെ അർ ഒരുമിച്ചു പ്രാർത്ഥനയിൽ സംബന്ധിച്ചു. ആ നാളുകളിൽ അവിടെ ഞായറാഴ്ച ആരാധന ഇല്ലായിരുന്നു. എല്ലാ ശനിയാഴ്ചയും രാത്രിയോഗങ്ങൾ മാത്രമാണ് നടത്തിയിരുന്നത്. അഞ്ചു ദിവസത്തിനുള്ളിൽ അവൾ സൗഖ്യം പ്രാപിച്ചു. അവൾ ഇപ്പോൾ +2 പാസ്സായി നേഴ്സിങ് പഠനത്തിനൊരുങ്ങുന്നു.

### സുനിൽബായി കോപ്യബായി പവാർ & നെട്ടുബൻ

2002 ൽ സുനിൽബായിയുടെ മകൾ അമിന കൊച്ചു പെൺകുട്ടിയായിരുന്നു. അവൾക്കു അതിസാരം പിടിപെട്ടു. അവളെ അഹ്വ ആശുപത്രിയിലേക്കു കൊണ്ടു പോയി. അവൾക്കു ഗ്ലൂക്കോസ് നൽകി. മൂന്നു മന്ത്രവാദികൾ അവളുടെ സൗഖ്യത്തിനായി പൂജകൾ നടത്തി. പൂജക്കായി തേങ്ങയും കോഴികളെയും ഒക്കെ സംഭാവന ചെയ്തു. നാലു ദിവസം കൊച്ചു കുഞ്ഞ് പാലു പോലും കുടിച്ചില്ല. അവർ ജാനുബായിയെ പ്രാർത്ഥനക്കായി വിളിച്ചു. അന്നു രാതിയിൽ പൈതലിനു വേണ്ടി പ്രാർത്ഥിച്ചു. നേരം വെളുത്തപ്പോഴെക്കും കുഞ്ഞിൽ സൗഖ്യം കണ്ടു തുടങ്ങി. തുടർന്നു ദൈവം പൈതലിനെ പൂർണ്ണമായി സൗഖ്യമാക്കി. ഇപ്പോൾ അവൻ സഭയുടെ മൂപ്പനായി പ്രവർത്തിക്കുന്നു.

### ലളിതബൻ രാമൻബായി ഗദ്‌വി

ലളിതബായിയുടെ ഭർത്താവ് അടിക്കടി പനിയാൽ കഷ്ടപ്പെടുമായിരുന്നു. ഓരോ പ്രാവശ്യവും തനിക്കുണ്ടാകുന്ന പനി രണ്ടു മാസത്തോളം നീണ്ടു നിൽക്കുമായിരുന്നു. പല മരുന്നുകളും കഴിച്ചെങ്കിലും ഒന്നും പ്രയോജനപ്പെട്ടില്ല. അയാളുടെ മുത്തശ്ശി പാറുബൻ പറഞ്ഞു നീ ദൈവാലയത്തിൽ ചെന്നാൽ നിനക്കു സൗഖ്യം ലഭിക്കും. അവർ ജാനുബന്നിനെ പ്രാർത്ഥനക്കായി വിളിച്ചു. അവൻ പ്രാർത്ഥിച്ചു ദൈവം നാലു ദിവസത്തിനുള്ളിൽ അവനെ സൗഖ്യമാക്കി. അങ്ങനെ അവർ ക്രമമായി ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. ആ സമയത്തു അവിടെ താൽക്കാലിക ദൈവാലയം ആയിരുന്നു.

### സോനുബായി മനുബായി ഗാദ്‌വി



ഏഴു വർഷം കുടുംബ ജീവിതം പിന്നിട്ട ഇവർക്കു മക്കൾ ജനിച്ചിരുന്നില്ല. ഒരു പൈതലിനെ ലഭിക്കുന്നതിനായി അവർ പല സ്ഥലങ്ങളും സന്ദർശിച്ചു. എല്ലാം വൃഥാവിലായി. സെത്രിയാമ്പ ഗ്രാമത്തിലുള്ള അവരുടെ ബന്ധു സിതാര ബായി അവരോടു പറഞ്ഞു

ദൈവാലയത്തിൽ ചെന്നു പ്രാർത്ഥിച്ചാൽ ദൈവം പൈതലിനെ നൽകിയനുഗ്രഹിക്കും. അവരുടെ ആലോചന പ്രകാരം അവർ ആലയത്തിൽ ചെന്നു. ദൈവസഭ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. അവർ ആരംഭത്തിൽ കോടമാൽ സഭയിലാണ് പോയിരുന്നത്. പിന്നിട് അവരുടെ സ്വന്തക്കാർ സംബന്ധിക്കുന്ന ഗുമ്പിടിയ സഭയിൽ പോകുന്നു. അവരുടെ മൂത്ത മകൾക്കു ഇപ്പോൾ 18 വയസ്സുണ്ട്.

## സഭയിലെ പ്രവർത്തനങ്ങൾ

എൽ മാസിലാമണി കുടുംബം, ബത്തുവേൽ ഭരതൻ കുടുംബം, ഡി അബ്രഹാം കുടുംബം, ഭാസ്കർ ബായി കുടുംബം എന്നീ മിഷനറിമാർ ഇവിടെ പ്രവർത്തിച്ചു. സന്നദ്ധ സുവിശഷകനായ രമേശ്ബായിയും സുവിശേഷകനായ സുരേഷ് ബായിയും ഈ സഭയിൽ ശുശ്രൂഷ ചെയ്തു.

പാടൽഖാദി സഭയെ 2013 ഏപ്രിൽ മാസത്തിൽ സി എൻ ഐ ഗജുറാത്ത് മഹായിടവകയിൽ ലയിപ്പിച്ചു. പില്ലൈ ദേവി പാസ്റ്ററേറ്റിൽ ഉൾപ്പെടുന്നതാണ് ഈ സഭ. ഈ സഭയിലെ ആറു കുട്ടികൾ FMPB യുടെ കെർഗാം ബാലഭവനത്തിലും രണ്ടു പേർ ഖാമ്ഌ NMS ബാലഭവനത്തിലും പഠിക്കുന്നു.

## പ്രാർത്ഥനാവിഷയങ്ങൾ

- വോട്ടേഴ്സ് ലിസ്റ്റിൽ 735 പേർ ഉണ്ട്. 100 പേർ മാറനാഥ സഭയിൽ സംബന്ധിക്കുന്നു. ആകെ 200 വ്യക്തികൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവരും രക്ഷിയിലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക.
- വിശ്വാസികളെ ശിഷ്യത്വത്തിലേക്കു വളർത്തുന്നതിനു കൂടുതൽ ഊന്നൽ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.
- വിശ്വാസകൾ സുവിശേഷീകരണത്തിൽ പങ്കാളികളായി തങ്ങളുടെ സ്വന്തക്കാരെയും സ്നേഹിതരെയും രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക
- ജനം വിശ്വാസത്തിലേക്കു വരുന്നതിന്റെ പ്രധാന തടസ്സം മദ്യാസക്തിയാകുന്നു.
- രോഗികൾക്കു മാത്രമുള്ളതാണ് ദൈവാലയം എന്ന ചിന്ത ജനങ്ങളിൽ ഉരുവായിരിക്കുന്നു. ഈ ചിന്ത ജനമനസ്സുകളിൽ നിന്നു ഇല്ലാതാകേണ്ടതിനും എല്ലാ മനുഷ്യർക്കും പാപമോചനം ആവശ്യമാണെന്നു ഗ്രഹിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## കൃഷിഭൂമിയെ കാട്ടു മൃഗങ്ങളിൽ നിന്നും ദൈവം സംരക്ഷിച്ചു.

മഹാരാഷ്ട്രയിൽ ഗാഡ്ച്ചന്ദുറിലെ റാഹെപ്പള്ളി ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി ടോംഗു കോതകെ തന്റെ കൃഷിയിടത്തെ കാട്ടു മൃഗങ്ങളിൽ നിന്നു സംരക്ഷിക്കേണ്ടതിനു പകരം ഉപവാസ പ്രാർത്ഥനയിൽ സംബന്ധിക്കുന്നതിനു പോയി. പ്രാർത്ഥന കഴിഞ്ഞു മടങ്ങിവന്നപ്പോൾ അവളുടെ കൃഷിയിടത്തെ മാത്രം മൃഗങ്ങൾ ആക്രമിച്ചിട്ടില്ല, ദൈവത്തിന്റെ വീര്യം പ്രവർത്തിക്കുന്ന കരങ്ങൾ കണ്ടു ഗ്രാമീണർ അത്ഭുതപ്പെട്ടു.

## ജൂൺ 1
## ബുധൻ

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

രാംസിങ് ബായി,
സുകന്തി ബത്തുൽ,
ഊർമ്മിള ബൻ,
വിനയരാജ് എം,
വസാവ പച്ചിയബായി,
കമലേശ് സിങ്കാബായി,
പട്ടേൽ ദേവു ബായി,
റെയിച്ചൽ ജോയ്സ്,
ഗവിത് ജമുബൻ,
ക്രൂന്താജ്ഞലി പായ്ക്ക്,
വസാവ സുനിൽ കുമാർ,
ബോർസാത് ബാബുബായി,
വസാവ രമേശ്ബായി,
പ്രിതി ബല പ്രധാൻ,
സൗമി ഏബ്രഹാം,
ഹോശിയാൽ നായക്,
കോക്കാനി ഭാരതിബൻ,
യാദവ് സരസ്വതിബഹൻ,
വസാവ ആജുബായി,
ബോഡാർ അമൃത് ബായി
സർക്കാർ രാജേഷ് ബായി
ജയന്തി കാർത്തികേയൻ
ലാമാനി രത്ന
ജലീൻ ജയ പ്രദ,
കുമാരൻ ജി,
തിമ്മാന @ തിമോത്തി,
സുനന്ത കുൽക്കർണി,
ശ്രിനിവാസ വി,
മീനാഖി ബീറോ,
വസാവ അരവിന്ദ് കാലുസിങ്,
തദ്‌വി മനിഷ ഹനിയ,
ജയറാണി സുകിൻലാൽ,
പവാർ ദിനേശ്
ഗോണ്ട് ദേവു വിശ്രാം,
റാഡെ ലക്ഷ്മിബൻ നവാസുബായി

## ജമ്മു

### സാമ്പ

**ഡേവിഡ് അയ്യർ & മാൻപ്രീത് കൗർ**



ആഗ്രചക്ക് ഗ്രാമത്തിലെ രണ്ടു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിശ്വാസികളും സഭാമൂപ്പന്മാരും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു. ജത്വാൾ ഗ്രാമത്തിലെ ഷാലുവിനെ ദൈവം പൈശാചിക ബന്ധനത്തിൽ നിന്നു വിടുവിച്ചു. കരൾ സംബന്ധമായ രോഗത്തിൽ നിന്നു സുഞ്ചാലി ഗ്രാമത്തിലെ തർസെമിനെ കർത്താവ് സൗഖ്യമാക്കി.



സാമ്പ ജില്ലയിലെ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ വഴി തെറ്റിക്കുകയും പ്രവർത്തനത്തെ ശല്യപ്പെടുത്തുകയും ചെയ്യുന്ന രേഡിയാൻ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മഹാഷ, രാജ്പുട് എന്നീ സമുദായത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാത്‌ലി ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വൈദ്യുതഘാതമേറ്റു കാലിനു പൊള്ളലേറ്റ പൊങ്ങാൽ ഗ്രാമത്തിലെ വിക്രമിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസം ഉപേക്ഷിക്കുന്നതിനു വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന ഗ്രാമത്തലവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സാമ്പ പ്രദേശത്തു ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 2 വ്യാഴം

### ജന്മദിനാശംസകൾ

ശമുവേൽ സുബ്രമണി ജി,
സോമാ ബായി വാലു ബായി,
ബിഭാബ പാനി, സുന്ദർ ദുരൈ വൈ,
സുനിൽ പ്രസാദ് സിങ്, വിമല പീറ്റർ പ്രഭാകരൻ,
ശിവഗാമി സ്റ്റീഫൻ, വസാവ സുനിത ബൻ,
നിഷ ആനന്ദൻ, ജോത്സന ജറാൾഡ് സേവ്യർ

### നാരോട്:

**ജീവർ ജോഷ്വ & പ്രീയ ദേവി**

11 ഗ്രാമങ്ങളിലുള്ള 670 വ്യക്തികളോടു സുവിശേഷം അറിയിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എതിർപ്പിനെ തുടർന്നു നാഗരി, ഫിലാർ എന്നീ ഗ്രാമങ്ങളിൽ താത്കാലികമായി നിർത്തിവെച്ച ഞായറാഴ്ച ആരാധന വീണ്ടും ആരംഭിച്ചു. പിലാർ ഗ്രാമത്തിലെ മുകേഷ് കുമാറിനെ ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും പന്ദോരി ഗ്രാമത്തിലെ ധാസുവിനെ കഠിന ജ്വരത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. കഴിഞ്ഞ ഏഴു മാസമായി ഫാക്ടറിയയിൽ നിന്നും ശബളം ലഭിക്കാതിരുന്ന നാനാൻ ഗ്രാമത്തിലെ ഗണേശ് രണ്ടു ദിവസം പ്രാർത്ഥിച്ചപ്പോൾ കുടിശിഖയോടു കൂടി ശമ്പളം മുഴുവൻ ലഭിച്ചു.

മുമ്പുണ്ടായിരുന്ന പ്രതികൂലം നിമിത്തം പരസ്യമായി യോഗങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല. സാഹചര്യങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. നരോട് പ്രദേശത്തെ നാസ സമുദായത്തിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഉപദ്രവിക്കുന്നതിനായി ആളുകളെ സംഘടിപ്പിക്കുന്ന പടാനിയ ഗ്രാമത്തിലെ ഗയാൻ സിങിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഇതു നിമിത്തം വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു ഭയപ്പെടുന്നു. നാഗ്രി ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോൾദി, മിന്റു എന്നീ കുടുംബങ്ങൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. മൂലക്കുരു രോഗത്തിൽ നിന്നു ഷാഷിയെയും, തലയിൽ ട്യൂമർ ബാധിച്ച തർശെമിനെയും നാഗ്രി ഗ്രാമത്തിലെ കരൾ സംബന്ധമായ രോഗത്തിൽ നിന്നു നിക്കയെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആർ എസ് പുര & അഖ്നൂർ

**ചുങ്ലെൻലാൽ സിങ്സി & ഹൊയ്തിൻ മാതെ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രംഗ്പൂർ ഗ്രാമത്തിലെ രണ്ടു കുടുംബങ്ങൾ സുവിശേഷത്തോടു താലപര്യം കാണിക്കുന്നു. എല്ലാ വിശ്വാസികളും മൂപ്പന്മാരും തങ്ങളുടെ ഗ്രാമത്തിലുളളവരെ സുവിശേഷത്താൽ നേടുന്നതിനായി പ്രവർത്തിക്കുന്നു.

പൈശാചിക ബന്ധനത്തിൽ നിന്നു മീന കുമാരി പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ വഴിതെറ്റിക്കുന്നതിനായി ദുരുപദേശം പരത്തുകയും ശുശ്രൂഷയെ ഉപദ്രവിക്കുകയും ചെയ്യുന്ന അഗ്രാചക്ക് ഗ്രാമത്തിലുളളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവനാമ മഹത്വത്തിനായി ശുശ്രൂഷയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത സഭാമൂപ്പന്മാർക്കായി പ്രാർത്ഥിക്കുക. അഖ്നൂർ പ്രദേശത്തുള്ള വാൽമികി ജനവിഭാഗത്തിന്റെ മദ്ധ്യ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭഗത്, ബത്വാൾ എന്നീ സമൂദായം പൂർണ്ണമായി സുവിശേഷത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജന്മനാ കാഴ്ചക്കു പ്രയാസമുളള അഗ്രചക്കിലെ അശ്വനിക്കു അത്ഭുത സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാം സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിൽ സുവിശേഷത്തോടു താൽപര്യം ഉളളവർ ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന ഗ്രാമത്തലവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ആർ എസ് പുരയിൽ ആരാധനയോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
3
വെള്ളി

## ജന്മദിനാശംസകൾ

എഡ്വേർഡ് സാം,
ഗ്ലോറി റോബർട്ട് രാജലിംഗം,
വേദിയപ്പൻ എൽ, പോൾ ദാനിയേൽ വി ,
വിജയകുമാർ കെ, രാസ്മിത പരിദ,
രൂപ കുമാരി, ബാല മുരുകൻ വി,
യേശുമണി മയിൽസ്വാമി,
അന്തോണി രാജം കെ, ആശപ്രഭത,
വാൽവി എജു അരവിന്ദ്

# ഹിമാചൽ പ്രദേശ്

### ജീയോറി

**ജാംഖോഗാം ഹായോകിപ് & ഐറിൻ**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തെറ്റായ രോഗനിർണ്ണയം നടത്തി മരുന്നു നൽകിയെങ്കിലും ബാബ്ലി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. പുതിദേവിയുടെ മകനെ മദ്യപാനത്തിൽ നിന്നു ദൈവം വിടുവിച്ചു. പൈശാചിക ബന്ധനത്താൽ കെട്ടിടത്തിന്റെ മുകളിൽ നിന്നു ചാടാൻ ഒരുങ്ങിയ മാനിഷയെ ദൈവം പ്രാർത്ഥന കേട്ടു വിടുവിച്ചു.

പുതിയ സ്നേഹിതർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ഒരുങ്ങുന്ന ഗുലബ്ദാസി, റീന, സജന, മാങ്കി ദേവി, ജതിൻ, തിലുറാം, ദുലംപട്ടി, മുസ്കാൻ, ദ്രാംദാലി, ഭാദുറാം എന്നിവരുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. മിനിഷ, ലക്ഷ്മി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗികളായ അജയ്പൂർ, ഷിന്ത ദേവി, അവളുടെ മകൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗിയായ അപസ്മാര രോഗിയായ അജ്ഞന, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന റീന, നടക്കാൻ കഴിയാത്ത ചന്ദ്രകല എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക..

### തണെദാർ

**വുമ്പിയാകല്ലാൽ & നിയാങ്ഖാൻമാൻ**

ഏട്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മഹേന്ദറും കുടുംബവും യേശുവിലുള്ള വിശ്വാസം പുതുക്കി.സഞ്ചരിച്ചിരുന്ന വാഹനം തലകുത്തനെ മറിഞ്ഞുണ്ടായ അപകടത്തിൽ ലുകേഷിനെ കർത്താവ് രക്ഷിച്ചു.

കാച്ചിൻ ഘാട്ടി, നർക്കന്ദ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമങ്ങളിലെ രണ്ടു കുടുംബവുമായി ബന്ധമുണ്ട്. പുതിയ വിശ്വാസികൾ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. സുരേഷ്, രമേശ്, സുനിത, പിങ്കി, പ്രഭ, ആഷ്ലി, റിതിക്, പാർവതി, ഖാമ്പു എന്നീ കുടുംബങ്ങൾ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ആത്മഹത്യ ചിന്ത ഇല്ലാതായി!

മദ്ധ്യപ്രദേശിൽ ദുൽക്കോത് മിഷൻ വയലിലുള്ള തടാർ ഗ്രാമത്തിൽ വസിക്കുന്ന റോമ വൈദ്യുതാഘാതത്താൽ ശരീരം മുഴുവൻ ബാധിക്കപ്പെട്ടു കഷ്ടപ്പെടുകയായിരുന്നു. സൗഖ്യത്തിനായി ധാരാളം പണം ചിലവിട്ടു ചികിത്സിച്ചെങ്കിലും ഒരു ഫലവും കിട്ടിയില്ല. വിഷം കഴിച്ച് ആത്മഹത്യ ചെയ്യുവാൻ അവൾ ആഗ്രഹിച്ചു. ഈ അവസരത്തിൽ അവൾ സുവിശേഷം കേൾക്കുന്നതിനിടയായി. ദൈവം അവളെ അത്ഭുതകരമായി സൗഖ്യമാക്കി. ആത്മഹത്യ ചിന്ത അവളെ വിട്ടുമാറി. ഇപ്പോൾ അവൾ കുടുംബമായി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.




## ജന്മദിനാശംസകൾ

ജമീമ ദാനിയേൽ,
കരോടോ ബിശ്വോ രജ്ജൻ,
എബി ജ്ഞാന സെലിൻ എസ്,
വസാവ നിത കുമാരി, ജീവർ ജോയേശ്വ ഇ,

### റിക്കോങ്പിയോ

**പാപ്ലു പരശെത് & കൽപന മാല്ലിക്**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിലെ 235 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. വിശ്വാസികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. പ്രാർത്ഥനയാൽ സുർഗീതിന്റെ ഭവനത്തിൽ സമാധാനം സ്ഥാപിതമായി. നൈൻസിങിന്റെ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു.

കിൽപ, തോങി, ചാസു എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളും സുവിശേഷകരും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നതിനു സുവിശേഷ വിരോധികൾ എടുക്കുന്ന പദ്ധതികൾ പരാജയപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പുതിയ വിശ്വാസികളുടെയും സഭാമൂപ്പന്മാരുടെയും മറ്റു നേതാക്കന്മാരുടെയും പരിശീലന പ്രോഗ്രാമുകളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

### കർസാങ്

**പവൻകുമാർ & പ്രത്യാശിനി ദേവി**

ദേവേന്ദ്ര കുമാർ കുറെ നാളുകൾ ആരാധനയിൽ സംബന്ധിക്കാതിരുന്നു. എന്നാൽ ഇപ്പോൾ തന്റെ സ്നേഹിതരോടൊപ്പം ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. അപകടത്തിൽ പെട്ട ഹിത്തെന്ദ്ര സിങിനെ കർത്താവ് സൗഖ്യമാക്കി. റാമ്പൂറിലേക്കുള്ള യാത്രമദ്ധ്യേ സന്ദീപ് കുമാറിനു തന്റെ ബാഗ് നഷ്ടപ്പെട്ടെങ്കിലും അതിലുള്ളിലെ ഒന്നും നഷ്ടപ്പെടാതെ ബാഗ് തിരികെ ലഭിച്ചു.

വിശ്വാസത്തിൽ നിന്നു സാവധാനം പിന്മാറിപ്പോകുന്ന പങ്കജും ഭാര്യയും വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിക്കും സന്നദ്ധ സുവിശേഷകനും നല്ല താമസ സൗകര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ വിദ്യാലയത്തിൽ പഠിക്കുവാനായി പോകുന്ന മിഷനറിയുടെ മകൾ എയ്ഞ്ചൽ ഗ്ലോറിക്കായി പ്രാർത്ഥിക്കുക. മിഷനറി കുടുംബവും പൈതലും സന്തോഷത്തോടിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അന്നി: ജിൻസ്വാം & ചോങ് ഹോയ് കിം,

**എ ശങ്കർ & രൂത്ത് മേരി**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 350 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. പിന്മാറ്റത്തിലായിരുന്ന രണ്ടു കുടുംബം ഇപ്പോൾ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു. വീടിന്റെ മേൽക്കൂരയിൽ നിന്നു വീണ ദരംദാസിന്റെ ശരീരത്തിൽ ഒടിവുകളുണ്ടായെങ്കിലും ദൈവം കൃപയാൽ ജീവൻ രക്ഷിച്ചു.

ചാവായ്, ദലാഷ്, ബസന്ത്പൂർ, സുനി എന്നീ പ്രദേശങ്ങളിലേക്കു പ്രവർത്തനം വ്യാപിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മേലുദ്യോഗസ്ഥന്റെ തെറ്റിദ്ധാരണ മൂലം നഷ്ടപ്പെട്ട ജോലി വിശ്വാസിയായ സന്തോഷിനു തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുശീലയുടെ ഇടുപ്പിലുള്ള രോഗപ്രയാസം - ഡോക്ടറന്മാർ എല്ലിനുണ്ടാകുന്ന കാൻസർ എന്നി സംശയിക്കുന്നു - സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ 5 ഞായർ

## ജന്മദിനാശംസകൾ

സുധാകരൻ ബി, മായിൽസാമി ജോസഫ് റ്റി, ബ്യൂല സുലോചന ജെ, എഫ്രയിം മല്ലി, ശിവശങ്കരൻ @ ജപശീലൻ, യെൽമുൽവാർ സ്വപ്നിൽ രാമലു, രാമപുരം പെദേക്ക മാത്യു, നരേന്ദ്ര കുമാർ, ശങ്കർ എ

## പഞ്ചാബ്

### ബുധ്ലാഡ: സജ്ജീബ് ആനന്ദ് & പ്രസ്തുത ആനന്ദ്

33 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 20 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. തൽവാടി ഗ്രാമത്തിലെ നിക്കി കൗറും കുടുംബവും പിന്മാറ്റത്തിൽ നിന്നും വിശ്വാസത്തിലേക്കു തിരകെ വന്നു. പൈശാചിക ബന്ധനത്തിൽ നിന്നും കിർണ കൗർ, ലച്ചു കൗർ, ചരൺജീത് കൗർ, മീര കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

യുവജനങ്ങൾ മിഷനറിമാരാകുവാൻ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. മൂനക്ക് ഗ്രാമത്തിലെ ഷംഷെർ സിങ് കരളിലുണ്ടായ കാൻസറിൽ നിന്നും അദ്ദേഹത്തിന്റെ ഭാര്യ പാൽ കൗർ മഞ്ഞപിത്തത്തിൽ നിന്നും ടൈഫോയ്ഡിൽ നിന്നും വിടുതൽ പ്രാപിച്ചു. ഹർബാൻസ, അമൻദീപ്, കമാൽദീപ്, മുസ്കാൻ, സർബജിത്, കോമൾ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഫസിൽക്കാ: ജറുയേൽ പാനി & ജ്യോത്സാന റാണി

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പത്തു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. മൂന്നു ഗ്രാമങ്ങളിൽ സത്സാംഗ് നടത്തി. രണ്ടിടങ്ങളിലായി നടത്തിയ സുവിശേഷീകരണ യജ്ഞത്തെ ദൈവം അനുഗ്രഹിച്ചു. പിന്മാറ്റക്കാരായ രണ്ടു കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വന്നു ഇപ്പോൾ ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്നു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച വീണ റാണി, ജസ്വിന്ദർ കൗർ എന്നിവർക്കു മക്കൾക്കു ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേമഹ രോഗത്തിന്റെ തീവ്രതയാൽ വിരലിലെ ഉണങ്ങാത്ത മുറിവിനാൽ നടക്കുവാൻ കഴിയാത്ത വീണ റാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കിർണ റാണി വിടുതൽ പ്രാപിക്കേണ്ടതിനും മുഴുകുടുംബവും യേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. ദേശ് രാജിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കാൻസർ സൗഖ്യമായി

രാജസ്ഥാനിൽ കെർവാര മിഷൻ ഫീൽഡിലുള്ള സൻജിയ ഗ്രാമത്തിൽ പാർക്കുന്ന കാന്തിബായ് ഭഗോര 2016 മുതൽ കഴുത്തിൽ ഉണ്ടായ കാൻസർ മുഴയാൽ കഷ്ടപ്പെടുകയായിരുന്നു. അവൻ പല പ്രകാരത്തിലുള്ള ചികിത്സക്കു വിധേയനായി, എന്നാൽ എല്ലാം വ്യർത്ഥമായി. അവൻ തന്റെ സഹോദരന്റെ കൂടെ വല്ലപ്പോഴുമൊക്കെ ആരാധന യോഗത്തിനു വരുമായിരുന്നു. ഒരു നാൾ ആരാധനക്കു ശേഷം വിശ്വാസികളെല്ലാവരും ചേർന്ന് മുഴയിൽ എണ്ണ പൂശി പ്രാർത്ഥിച്ചു. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു അവനു പൂർണ്ണ സൗഖ്യം നൽകി. അവനും അവന്റെ കുടുംബാംഗങ്ങളും യേശുവിന്റെ അനുയായികളായി തീർന്നു. ഹല്ലെലുയ്യാ!!




## ജന്മദിനാശംസകൾ

ഉദിപ്ത കുമാർ ബാഗ്,
ശ്യാമള ഷാമിനു മാത്യു
പുഷ്പം മഹേന്ദ്രൻ,
ബുക്കിയ ഝാൻസിബായ്

### ബത്തിണ്ട

**പ്രതാപ് രഹാങ് & രാശ്മി,**
**ദിലീപ് ഗിമ്പാൽ**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 880 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. മദ്യപാനിയായ മാൽക്കിത് പ്രാർത്ഥനയുടെ ഫലമായി മദ്യപാനം ഉപേക്ഷിച്ചു ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും ബാഗ സിങ് വിടുതൽ പ്രാപിച്ചു.

ഭർത്താവിന്റെ വേർപാടിൽ ദുഃഖിതയായ ലൗപ്രീതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങൾ മാനസികമായും ശരീരികവുമായി ഉപദ്രവിക്കുന്നു. ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കതെ ബുദ്ധിമുട്ടിക്കുന്നു. ലൗപ്രീത് വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൽതി കൗറിനു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ മുന്ന കുമാറിന്റെ എയ്ഡ്സ് രോഗിയായ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാൽജിത് സിങ് തന്റെ ഭാര്യയുമായുള്ള പിണക്കം മാറി ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### തോഷാം

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

രണ്ടു ഗ്രാമങ്ങളിലുള്ള 200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. തോഷാം ഗ്രാമത്തിൽ നിന്നു അഞ്ചു പേരും ജിന്ദിൽ നിന്നു ഒരാളും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനുകൂലമല്ലാത്ത സാഹചര്യത്തിൽ നടത്തിയ പരസ്യ യോഗത്തിലൂടെയും രാത്രിയോഗത്തിലൂടെയും ഏതാണ്ട് 150 പേരോളം സുവിശേഷം ശ്രവിച്ച് അനുഗ്രഹം പ്രാപിച്ചു. നമ്മുടെ വിശ്വാസികളുടെ മക്കളായ ബോരാജ്, ബാർസി, ധാനി മാഹു എന്നിവർ കുട്ടികളുടെ ക്ലാസ്സുകളിലൂടെ ദൈവവചനം പഠിച്ച് അനുഗ്രഹീതരായി തീർന്നു.

പൈശാചിക ബന്ധനത്തിൽ നിന്നു കിരാവർ ഗ്രാമത്തിലുള്ളവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓട് രാജപുത്രർ, വാൽമികി എന്നീ സമുദായത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദാനിമാഹുവിലെ സീത റാം, ഭോജ്രാജിലെ കല, ധനാക്കിലെ സണ്ണിയുടെ പിതാവ്, ബർദുവിലെ ദൂപ് സിങ്, ധാങിലെ നാസിബ്, പ്രേം നഗറിലെ ബൻസി എന്നിവർ മദ്യത്തിൽ നിന്നും മയക്കു മരുന്നിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരത്തിൽ നിന്നും കേൾവിയും സംസാരവും പരിമിതമായ വിജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുകവലിക്കു അടിമയായ കവിതയുടെ വിടുതലിനായും അവൾ കാഴ്ച ശക്തി വീണ്ടെടുക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഭോജ്രാജിലെ രോഹിത്, അഞ്ജലി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനും അവരുടെ അധരങ്ങളുടെ ബലഹീനത മാറി സംസാരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ജൂൺ 7 ചൊവ്വ

### ജന്മദിനാശംസകൾ

എലിസബേത്ത് കരുണാകരൻ, ഡെയ്സി യിസ്രായേൽ ദാനിയേൽ, മാണിക്യം പി, ഗമിത് സാരുബൻ, ആലിസ് ഷീബ

### രത്തിയ

### കാർത്തികേയൻ & ജയന്തി

മൂന്നു ഗ്രാമങ്ങളിലുള്ള 100 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. മൂന്നു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സരോജും അവളുടെ മകളും പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരായി. ജോണി & ആരതി ദമ്പതികൾക്കു മൂന്നു വർഷത്തിനു ശേഷം മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു.

ജക്കാൽ ഇടത്താവളത്തിലുള്ള ശുശ്രൂഷ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിത റാണി, നാൻസി എന്നിവരെ ടൈഫൊയ്ഡ് രോഗത്തിൽ നിന്നും ജഗദീഷിനെ മൂത്രാശയ സംബന്ധമായ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭിണിയായ പ്രീയ ഗുരുപ്രീതിന്റെ രക്തത്തിലെ പ്ലേറ്റ്ലന്റിന്റെ അളവ് കുറയുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തെ തുടർന്നു അബോധാവസ്ഥയിലായ ഇന്ദിറിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. മഞ്ജു റാണി, സരോജ് റാണി, സുക്‌വിന്ദർ, വീർപാൽ കൗർ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പെഹോവ

### ബോർസാത് ബാബുബായി & സരസ്വതിബൻ

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു വർഷം മക്കളില്ലാതിരുന്ന മനീഷിനു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനെ തുടർന്നു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. തൈറൊയ്ഡ് നിമിത്തം അഞ്ചു വർഷത്തിലധികമായി ശരീരത്തിൽ നീർവീക്കമുണ്ടായ രജനിയെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. അപസ്മാര രോഗത്തിൽ നിന്നു സമീർ ദൈവകൃപയാൽ സുഖം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ബട്ടേരി, ഖുഷാൽ എന്നിവരെ കർത്താവ് വിടുവിച്ചു.

മാൻസ്, സിവാൻ, ദരംപുര, പുദ്രി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. കൈത്താൽ ഗ്രാമത്തിലെ അൻമോളിനെ നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നും ദരമ്പുര ഗ്രാമത്തിലെ നിതുവിനെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർവാല

### മിന്തു കുതും & സുബ്രഭ ബാഗ്

രണ്ടു ഗ്രാമങ്ങളിലുള്ള 60 പേരോടു സുവിശേഷം പ്രഘോഷിച്ചു. 22 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു കുടുംബം ഞായറാഴ്ച ആരാധനയിൽ പതിവായി സംബന്ധിക്കുന്നു. മദ്യാസക്തിയിൽ നിന്നു ബർവാല ഗ്രാമത്തിലെ മഹേന്ദ്രയെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

ഗൈബിപൂർ ഗ്രാമത്തിലെ ചമാർ ജനവിഭാഗം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഈ സമുദായത്തിന്റെ മദ്ധ്യേ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ മദ്യത്തിന്റെയും പുകവലിയുടെയും അടിമത്വത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഒമ്പതു മാസം പ്രായമുള്ള ലവോയന എന്ന പൈതൽ കൈകാലുകൾ ചലിപ്പിക്കുവാൻ കഴിയാതെ തളർന്നിരിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ നട്ടെല്ലിനു ക്ഷയം സംഭവിച്ചു ശയ്യാവലംബനായിരിക്കുന്ന മാൻപ്രീതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീരം മുഴുവൻ തളർന്ന രാജുവിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ മുൻ സഭാമൂപ്പൻ ഒമിറാൻ പക്ഷാഘാതത്താൽ കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ 8 ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ജോൺ സുന്ദർ സിങ്,
ദീപ്തിലാൽ മാലി,
തിലകവതി ത്യാഗരാജൻ,
സൗന്ദര്യ രേഖ വ്യാസു ബാബു

# ഉത്തർഖാണ്ഡ്

## മാൽഡാൻചൗർ

### ശിശുപാൽ & അനിത

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മജ്ബി സിക്ക് ജനങ്ങളുടെ മദ്ധ്യത്തിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിച്ചു. നമ്മുടെ വിശ്വാസികൾക്കു നല്ല വിളവ് നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ മിഷനറിയെയും കുടുംബത്തെയും മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും ദൈവം വിടുവിച്ചു.

പിനുമാദര ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ബോഗ്പൂർ, താരി എന്നീ ആരാധനക്കൂട്ടങ്ങളിൽ പുതിയ പ്രാർത്ഥന സെല്ലുകൾ ആരംഭിച്ചു. വിശ്വാസികൾ തങ്ങളുടെ സ്വന്തം ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു മുൻകൈയെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു സച്ചിൻ, ഷിങ്കു, ബാന്തി എന്നിവരെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബാസ്പൂർ

### ക്രിസ്ത്യൻ പ്രകാശ് & സുമിത്രബെൻ

ആഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 340 വ്യക്തികൾ ആദ്യമായി സുവിശേഷം ശ്രവിച്ചു. വിവിധ ജാതി സമൂഹത്തിൽ ഉള്ള 28 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അപകടത്തിൽ പെട്ട രകേഷിനെ കർത്താവ് സൗഖ്യമാക്കി. തളർവാതത്തിൽ നിന്നു ആദിത്യയും ക്ഷയരോഗത്തിൽ നിന്നു അമനും സുഖം പ്രാപിച്ചു.

ജീസസ് ഫിലം ദർശിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഷിന്റെ കൗറിന്റെ തലയിലുള്ള നീർവീക്കവും താരോ ബായിയുടെ ശരീരത്തിലെ ചൊറിച്ചിലും സാവത്രി ബന്നിന്റെ ഹൃദയ സംബന്ധമായ രോഗവും സുഖം ആകേണ്ടതിനായി പ്രാർത്ഥിക്കുക.

# ഡൽഹി

## പട്പർഗഞ്ച്

### പി ജി ക്രിസ്റ്റോഫർ & മേബൽ

ഉയിർപ്പു ഞായറാഴ്ച ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബാൽവന്ത് നഗറിൽ സുവിശേഷം പ്രഘോഷിക്കുകയും ഫിലിം പ്രദർശിപ്പിക്കുകയും ചെയ്തു. ഗുരുദീൻ കാൻസർ രോഗത്തെ അതിജീവിച്ചു. ദൈവാലയത്തിന്റെ പരിസരത്തു കാലാപം ഉണ്ടായെങ്കിലും ആരാധന യോഗങ്ങൾ തടസ്സമില്ലാതെ നടത്തി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ പോകുന്ന 45 വ്യക്തികൾക്കായി പ്രാർത്ഥിക്കുക. ഗൗരി, ലത, സുശീല, മഞ്ജു, ആശ, സർവേശ്, ജയലക്ഷ്മി, രുക്മണി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ വലയുന്ന രാംകിഷോർ, മഹേന്ദ്ര, ദേവേന്ദർ, ധാവമണി എന്നിവരുടെയും നേത്ര സംബന്ധമായ രോഗത്താലും കരൾവീക്കത്താലും ഭാരപ്പെടുന്ന സുവിശേഷകൻ പ്രേമചന്ദാനന്ദിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**9**

**വ്യാഴം**

## ജന്മദിനാശംസകൾ

കോയിൽ പുഷപം എൽ,
ജോശില സുന്ദരി ബായി,
സെൽവമ്മാൾ റ്റി,
സാഗരിക പ്രധാൻ

# രാജസ്ഥാൻ

### രാജസ്ഥാൻ റീജിയൻ

**അമിർ കന്ത് ഡിഗാൾ & നിരോള**

26 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എട്ടു ഗ്രാമങ്ങളിലുള്ള 1281 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പയോട്ട ഗ്രാമത്തിലെ സുമിത്രക്കു 12 വർഷത്തിനു ശേഷം മക്കൾ ജനിച്ചു. തപുക്കാര ഗ്രാമത്തിലെ സൊപ്ന പത്തു വർഷത്തെ കുടുംബ ജീവിതത്തിൽ പ്രാർത്ഥനയെ തുടർന്നു ഒരു കുഞ്ഞിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. അതിർത്തി പ്രദേശത്തുള്ള ഗംഗാനഗർ ജില്ലയിൽ സുവിശേഷം അറിയിക്കുന്നതിനു പട്ടാള ഉദ്യോഗസ്ഥർ നമുക്കു അനുവാദം നൽകി.

രാജസ്ഥാനിലുള്ള ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വൈത്താൽ മിഷൻ വയലിലെ അൽവാർ ജില്ലയിലുള്ള നട് ജനവിഭാഗത്തിന്റെ സമ്പൂർണ്ണ രൂപാന്തരീകരണത്തിനായി പ്രാർത്ഥിക്കുക. അനൂപ്ഘട്ട്, സങ്കാരിയ, ശ്രീഗംഗനഗർ, തപുകാർ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ശ്രീ ഗംഗാനഗർ

**ബോടാർ അമൃതബായ് & സുവേര മാർത്ത**

13 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വേദപുസ്തകത്തിലെ ഫിലിപ്പോസിനെ പോലെ രേണുക ഗ്രാമത്തിലെ രാജ്കുമാർ, പൊർക്കാമിനെ ക്രിസ്തുവിങ്കലേക്കു നയിച്ചു. പാസ്റ്ററന്മാർ ആരും സമിപത്തില്ലാത്തതിനാൽ പൊർക്കാം വിശ്വാസത്തിൽ സ്വയം വളരുന്നു.

ഹനുമാൻ, ജഗദീഷ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനിയായ മാൻജിത് സിങ് നമ്മുടെ പ്രവർത്തനത്തെ ഉപദ്രവിക്കുന്നു. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**കാജുവാല: വി കുമർ & പാട്രീഷ്യ തമിഴ് സെൽവി**

അഞ്ചു ഗ്രാമത്തിലുള്ള 60 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. മിഷനറിയുടെ ഭവനത്തിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. പുതിയ സ്നേഹിതരായ രോഷൻ സിങ്, ബോല സിങ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സമീപ ഗ്രാമത്തിലുള്ള അവരുടെ സ്നേഹിതരോടും സ്വന്തക്കാരോടും സുവിശേഷം അറിയിക്കുന്നതിനു മിഷനറിമാരുടെ കൂടെ ഉത്സാഹത്തോടെ പോകുന്നു.

കജുവാല ഗ്രാമത്തിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോഗിന്ദർ സിങിന്റെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അപസ്മാരത്തിൽ നിന്നും റീന വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. TVS കമ്പനി ജോലിക്കാരായ ജീത്തു, ബോൽജിന്ദർ, ഖാൻ, സന്ദീപ് എന്നിവർ നമ്മുടെ മിഷനറി പുതിയ സ്ഥലത്തു താമസമാക്കുന്നതിനു വേണ്ട സഹായം നൽകി. ഇവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**10**

**വെള്ളി**

## ജന്മദിനാശംസകൾ

പോൾ രവി രാജ്, തോമസ് ആർ,
നാഗരാജൻ എം, രാജേശ്വരി പ്രധാൻ,
നേത്രാവതി മുത്തുകുമാർ
പോളിൻ മേരി ജി

### അജിത്ഗട്

**ജയ്ബീർ സിങ് & ദേവി റാണി**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 200 വ്യക്തികൾ ആദ്യമായി സുവിശേഷം ശ്രവിച്ചു. നാലു വിശ്വാസികൾ 40 ദിവസം ഉപവാസമായിരുന്നു പ്രാർത്ഥിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അതിന്റെ ഭയത്തിൽ നിന്നും സജ്ജയിയെ ദൈവം വിടുവിച്ചു.

ആസ്മ രോഗത്തിൽ നിന്നും അനിതയും വീഴ്ചയെ തുടർന്നു നടക്കുവാൻ കഴിയാത്ത ദാപ്ലി ദേവിയെയും ഒമ്പതു വർഷത്തോളം പഴകിയ ചുമ, പനി എന്നിവയിൽ നിന്നു ലേകേഷിനെയും കർത്താവ് സൗഖ്യമാക്കി. പ്രീയങ്ക, നാനാക് എന്നിവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ഹസൈറാൻ

**രാജൻ & ജപ മലർ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബാത്പുര ഗ്രാമത്തിൽ രാത്രി യോഗം നടത്തി. നമ്മുടെ വിശ്വാസികളുടെ ബന്ധുക്കളിൽ ചിലർ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ഡൽഹിയിൽ ജോലിക്കു പോയ ബിഹോൽപൂർ ഗ്രാമത്തിലെ ദേവന്ദ് പൈശാചിക ബന്ധനത്താൽ കാണാതെ പോയി. എന്നാൽ പ്രാർത്ഥനയുടെ ഫലമായി ദൈവകൃപയാൽ അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു.

പുതുതായി കണ്ടെത്തിയ ലജോർ ഗ്രാമത്തിലെ റാണി അലിഗഞ്ച് ഗ്രാമത്തിലെ റാമ എന്നിവർക്കു (നിരവധി തവണ ഗർഭഛിദ്രം സംഭവിച്ചിട്ടുള്ള) മക്കൾ ജനിക്കേണ്ടതിനായും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പ്രിത്വിദർവാജയിലെ യുവ വിശ്വാസിയായ റിങ്കി വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവളുടെ വിവാഹത്തിന്റെ സാമ്പത്തീക ആവശ്യം നിറവേറ്റാൻ വിധവയായ മാതാവിനു പ്രാപ്തിയില്ലാത്തതിനാൽ ആശങ്കപ്പെടുന്നു. അലിഗഞ്ചിലെ ശോഭിത് സർക്കാർ പരീക്ഷ വിജയിക്കേണ്ടതിനായും ദൈവത്തിൽ മാത്രം ആശ്രയിച്ച് വിശ്വാസ ജീവിതത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതുതായി കണ്ടെത്തിയ ആലിഗഞ്ചിലെ നീലം കുടുംബം, ബാത്പുരയിലെ മാണിക് ചന്ദ് കുടുംബം, കാമ്പിലെ ഉർമ്മിള കുടുംബം, ഫത്തെഗാഡിലെ പ്രതാപ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വി ബി എസ് നടത്തുന്നതിനു പരിശീലനം പൂർത്തീകരിച്ച യൗവ്വനക്കാരായ സപ്ന, സുഖ്ദേവി, രാജ്വീർ, ബാബുലി, നീതേഷ്, റാണി എന്നിവർക്കായി പ്രാർത്ഥിക്കുക. ഒന്നര വയസ്സായ പൈതലുള്ള ഭാത്പൂര ഗ്രാമത്തിലെ സ്മിത ഭർത്താവ് കുൽദീപുമായി ചേർന്നു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ യേശുവിനെ കർത്താവായി അംഗീകരിച്ചു ആരാധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 11 ശനി

### ബർത്താന

**സുരേഷ് മാൾട്ടോ & പ്രേമലത**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മെഹാന ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചു ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. മൂച്ച ഗ്രാമത്തിലെ നജ്റീനയുടെ കഴുത്തിലുണ്ടായ മുഴയും കാക്ലാപൂർ ഗ്രാമത്തിലെ ലക്ഷ്മിയുടെ ഗർഭപാത്രത്തിലെ നീർവീക്കവും സൗഖ്യമായി. സജ്ജുവിന്റെ ചത്തുപോയ ആട് പ്രാർത്ഥനയെ തുടർന്നു ജീവിച്ചു.

പുതിയ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. മാതിരമാമ്പൂറിലെ ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പുനരാരംഭിച്ചു. നമ്മുടെ സുവിശേഷകൻ വിജയ് കുമാർ, രാകേഷ്, വിശ്വാസിയായ വിജയ് സിങ് എന്നിവർക്കെതിരെയുള്ള വ്യാജ കേസ് ഇല്ലാതേകേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തമായ മഴയിൽ തകർന്നു പോയ മോർച്ച ദൈവാലയത്തിന്റെ മേൽക്കൂരയുടെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേഗത്തിൽ വളരുന്ന ഈ സഭയുടെ ഹാൾ വലുതാക്കി നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരൈയ ഗ്രാമത്തിലെ പിന്മാറ്റക്കാരായ അഭിഷേക് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വൈശാലി എന്ന അഞ്ചു വയസ്സുള്ള പൈതൽ സംസാരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കമൽ കിഷോർ, സുനിത എന്നീവരുടെ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളായ നാഗ്ഗല സുന്ദർ, ഹലുക് പുര, അസാത് പുര പിൽക്കുണ, തിർകി മാദ്ദിയാൻ എന്നിവരെ ഭയപ്പെടാതെ മേലക് സഭയിലെ വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സിക്കാന്ദ്ര

**പൊന്നു സ്വാമി & ചിത്ര**

കച്ചിമഹത്തോലി ഗ്രാമത്തിലെ ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഗുരാധി ഗ്രാമത്തിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ 150 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പുക്കറായൻ ഗ്രാമത്തിൽ ക്ലസ്റ്റർ തലത്തിൽ യുവജന പരിശീലന പ്രോഗ്രാം നടത്തി. പുക്കറായൻ, സിക്കന്ദ്ര, റാണിയ എന്നീ മിഷൻ വയലുകളിൽ നിന്നുള്ള 65 യുവജനങ്ങൾ പങ്കെടുത്തു. സിക്കന്ദ്രയിൽ ഒരാഴ്ച താമസിച്ച് നട് ജനങ്ങളുടെ മദ്ധ്യെ സുവിശേഷീകരണ പ്രവർത്തനം നടത്തി.

നിട്ടാര ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കയിൽ കാൻസർ ബാധിച്ച പ്രമോദിന്റെയും അധരത്തിൽ കാൻസർ ബാധിച്ച ഉമാശങ്കറിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സമുദായ കലഹം നിമിത്തം അസ്വസ്തമായ കൻകാരിയ ആരാധന സമൂഹത്തിനു അരാധനക്കായി ഒരു സ്ഥലത്തു ഒരുമിച്ചു കൂടുന്നതിനു സാധിക്കുന്നില്ല.

**ജൂൺ 12 ഞായർ**

## ജന്മദിനാശംസകൾ

മോങ്ക്വായി ഷോം ബി, പ്രിൻസി സാം പോൾ
വസാവ തോമസ് ബായി, മധു സുമിത പാനി
അജിത് പാണ്ഡ്യൻ സി

**കാൺപൂർ : ശ്രീനിവാസൻ & ഷീബ**

72 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 53 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ജിൻജക്കിൽ ക്ലസ്റ്റർ തലത്തിൽ നടത്തിയ യുവജന യോഗത്തിൽ 45 വ്യക്തികൾ പങ്കെടുത്തു. യുവ നേതാക്കന്മാരുടെയും ആത്മാക്കളെ ആദായപ്പെടുത്തുന്നതിനു താൽപര്യമുള്ളവരുടെയും ഒരു ക്യാമ്പ് ബസ്തിയിൽ സംഘടിപ്പിച്ചു.

മാത്രമ്പൂരിലെ ദൈവാലയ നിർമ്മാണം പുനരാരംഭിച്ചു. നമ്മുടെ പ്രവർത്തനത്തെ എതിർക്കുകയും സുവിശേഷകരെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഷാഫൂദ് ഗ്രാമത്തിലെ കാതിയൂർ, നരേന്ദർ, ഗോരെലാൽ, ദേവാനന്ദ, ജാസ്വന്ത് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബസ്തിയിലെ നമ്മുടെ മിഷനറി ലിൻചിങിന്റെ ഭാര്യ പുംസോച്ചിനു പ്രസവത്തോടുള്ള ബന്ധത്തിൽ നടത്തിയ ഓപ്പറേഷൻ ചെയ്ത ഭാഗത്തു അണുബാധയും പുകച്ചിലും വേദനയും അനുഭവപ്പെട്ടതിനെ തുടർന്നു വീണ്ടും ഓപ്പറേഷൻ ചെയ്യേണ്ടിവന്നു. മിഷനറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

**പാൽ : മഹേന്ദ്രൻ & പുഷ്പം**

നമ്മുടെ സഭയിൽ നടത്തിയ പ്രത്യേക കുടുംബ യോഗത്തിൽ 35 കുടുംബങ്ങൾ പങ്കെടുത്തു. പലവിധ പ്രതിബന്ധങ്ങൾക്കിടയിലും ബലോന, നാഗരദാസ് എന്നീ ഗ്രാമങ്ങളിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. അക്ഷരഭ്യാസമില്ലാത്ത വൃദ്ധയായ മീരയുടെ പ്രാർത്ഥന കേട്ടു ദൈവം ഒന്നര വയസ്സുള്ള കുഞ്ഞിന്റെ വിട്ടുമാറാത്ത പനി സൗഖ്യമാക്കി. പ്രാർത്ഥനയുടെ ഫലമായി മൂന്നു വയസ്സുള്ള ബാലനെ ദൈവം നടക്കുമാറാക്കി. മദ്യാസക്തിയിൽ നിന്നും ദൈവം രേഷ്മയെ വിടുവിച്ചു.

കാലടെക് ഗ്രാമത്തിലെ വിശ്വാസികൾ ആവേശത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. . ഗോവിന്ദ്, രേശ്മ എന്നിവർ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോവിന്ദ്, രേശ്മ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്റു, സുനിത എന്നിവർക്കു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരമാസകലം പരുക്കൾ വന്ന രിത്തിഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മൂന്നു പ്രാവശ്യവും ജീവനില്ലാത്ത കുഞ്ഞിനു ജന്മ നൽകിയ രാധക്കു ഈ പ്രാവശ്യം സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കർത്താവിന്റെ അത്ഭുത കരം!

പഞ്ചാബിൽ ബട്ടാല മിഷൻ വയലിലെ ദീവാനിവാല ആരാധനക്കൂട്ടത്തിലുള്ള നമ്മുടെ വിശ്വാസി വിക്കി വിവിധ തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളാൽ കഷ്ടപ്പെടുകയായിരുന്നു. അവസാനം അദ്ദേഹത്തിനു കാൻസർ രോഗമാണെന്നു ഡോക്ടറന്മാർ കണ്ടെത്തി. കുടുംബം മുഴുവൻ ആകുലചിത്തരായി നമ്മോടു പ്രാർത്ഥനക്കു അപേക്ഷിച്ചു. സഭ ഒരുമിച്ചു അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവീക സൗഖ്യത്തിനായി വിക്കിയും ദൈവത്തോടു പ്രാർത്ഥിച്ചു. ഒരാഴ്ചക്കു ശേഷം അവർ ആശുപത്രിയിൽ ചെന്നു പരിശോധിച്ചപ്പോൾ കാൻസർ സെല്ലുകളെല്ലാം ശരീരത്തിൽ നിന്നും അപ്രത്യക്ഷമായി. ദൈവത്തിനു മഹത്വം!

**ജൂൺ**
# 13
**തിങ്കൾ**

## ജന്മദിനാശംസകൾ

ഗെദ്ദാം ശ്രീനിവാസ റാവു,
ജപറാണി ജോൺസൺ,
സാഗരിക മോഹിനിമാല ഖോര

### ധാർ
### കരുണാകർ ഗർദ & ഗീതാഞ്ജലി

മാലിപുറ ഗ്രാമത്തിൽ നടത്തിയ ഭജനയിൽ അനേക പുതിയ വ്യക്തികൾ പങ്കെടുത്തു. സീതാപട് ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. കൽസാദ, പത്താടെ എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഇവിടെയുള്ള ജനങ്ങൾ സുവിശേഷത്തോടു താൽപര്യം പ്രകടിപ്പിക്കുന്നു.

മാനവരനെർ പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുടക്ക ഗ്രാമത്തിലെ പുതിയ സ്നേഹിതർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷൻ വയലിലുള്ള യുവജനങ്ങൾ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു ദുർഗ്ഗബായി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക..

### നേപാനഗർ : ജുബരാജൻ ഭരതൻ & ഷീബ ജാസ്മിൻ

11 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പ്രത്യേകമായി സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുത്ത 80 വിശ്വാസികൾ അനുഗ്രഹം പ്രാപിച്ചു. നമ്മുടെ വിശ്വാസികളുടെ വയലുകളിൽ നല്ല വിളവുകൾ നൽകി ദൈവം അവരെ അനുഗ്രഹിച്ചു. രണ്ടു വർഷത്തെ പ്രാർത്ഥനയുടെ ഫലമായി ബാമ്ലപാട്ട് ഗ്രാമത്തിലെ ദിനേശ്, ജഹാഗി എന്നിവർക്കെതിരെയുള്ള വ്യാജ കേസ് ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 65 വയസ്സുള്ള ദുലി മായ് എന്ന സ്ത്രീ നെഞ്ചുവേദനയിൽ നിന്നും ആശങ്കകളിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം അവൾ ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയെ അസഭ്യം പറയുന്ന ജയ്റാമിന്റെ മാനസന്തരത്തിനും സമാധാന ജീവിതത്തിനുമായി പ്രാർത്ഥിക്കുക. 9 മാസം പ്രായമുള്ള കൊച്ചുമകന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന രാംലാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### നിവാലി : ചന്നമല്ലപ്പ & രൂപ

ഏഴു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിലുള്ള 257 പേരോടു സുവിശേഷം പങ്കുവെച്ചു. രണ്ടു സ്ഥലങ്ങളിൽ സംഘടിതമായി സുവിശേഷവേല ചെയ്തു. ബാൽസമുദ് ഗ്രാമത്തിൽ സംഘടിപ്പിച്ച വിശ്വാസികളുടെ പരിശീലനം പ്രോഗ്രാമിൽ 87 വ്യക്തികൾ സംബന്ധിച്ചു.

ചാതാലി ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഘോലിയപാനി ദൈവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക ക്ഷയ രോഗത്തിൽ നിന്നു സോബി ബായി സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു കവിത ബായി സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ സ്വന്തക്കാരുടെ മദ്ധ്യെയുള്ള സുവിശേഷീകരണ പ്രവർത്തനം ശക്തമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**
**14**
**ചൊവ്വ**

## ജന്മദിനാശംസകൾ

ജോത്സന റാണി ജറുയെൽ പോൾ,
ലാൽമണി ഡിഗാൽ

## ബീഹാർ

**അരാരിയ : എം ആനന്ദൻ & നിഷ**

രണ്ടു ഗ്രാമങ്ങളിൽ ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. രക്തം ശർദ്ദിക്കുന്നതിൽ നിന്ന് രാജൻ ദേവി, ബൈജന്തപൂർ എന്നിവർ വിശ്വാസികളുടെ പ്രാർത്ഥനയാൽ സൗഖ്യമായി. കൊടുങ്കാറ്റിലും പേമാരിയിലും വീട് തകർന്നു വീണപ്പോൾ രമേശ് ബായ് ദേവ്, സാൽദേവ് റിഷിദേവ് എന്നിവരെ കർത്താവ് പരിപാലിച്ചു.

മുഷാഹാർ, മണാൽ എന്നീ വിഭാഗത്തിലുള്ള വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. സന്തോഷ് പോസ്വാന്റെ മോഷ്ടിക്കപ്പെട്ട മോട്ടർ സൈക്കിൾ തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തേശുവിലുള്ള വിശ്വാസം മൂലം രവിന്ദർ മണ്ഡലിനെ ശല്യപ്പെടുത്തുന്ന ഭാര്യയുടെയും ബന്ധുക്കളുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

**തേലോ**

**പോൾരാജ് പി & ജപ ജ്യോതി**

44 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പുതുതായി നിർമ്മിച്ച കാസ്ഗാവസ കിന്ദുവ എന്നീ ദൈവാലയങ്ങളുടെ സമർപ്പണ ശുശ്രൂഷ അനുഗ്രഹകരമായി നടത്തി. ബാഗ്മുണി ആരാധനക്കൂട്ടത്തിലെ വിശ്വാസികളുടെ പ്രാർത്ഥന ദൈവം കേട്ടു വിഷ പാമ്പിന്റെ ദംശനമേറ്റ റെജീന ഹസ്താക്കിനെ ദൈവം സൗഖ്യമാക്കി. കഴിഞ്ഞ മൂന്നു മാസമായി നടക്കുവാൻ കഴിയാത്ത ആറു വയസ്സുള്ള സോനാമുനി മാറാണ്ടിയെ കർത്താവ് സൗഖ്യമാക്കി.

തൽജാരി, ബസ്കോ, കിന്തുവ, ബാസിന, താരാപൂർ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാസ്നപൂർ ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചൈൽഡ് ഡവലപ്മെന്റ് സെന്ററിലുള്ള കുട്ടികൾ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായും ശാരീരികമായും ആത്മീകമായും വളരേണ്ടതിനായും പ്രാർത്ഥിക്കുക. തളർവാതത്താൽ ശയ്യാവലംബരായ എഴു വയസ്സുള്ള റോസ്മില്ല മുർമ്മുവിന്റെയും ആറു വയസ്സുള്ള ഹേബൽ മുർമ്മുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രോഗബാധിതനായ രൂബൻ മാറാണ്ടിയുടെയും ക്ഷയ രോഗിയായ ലൂക്കാസ് ബസ്കയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥന കേട്ടു കാതിൽ മുഴങ്ങിയ സംഗീതം നിന്നു.

മഹാരാഷ്ട്രയിൽ മാന്ദന മിഷൻ വയലിലെ നമ്മുടെ വിശ്വാസിയുടെ ബന്ധുവായ കാലിബായ് കാതിലെ വേദനയാൽ ഭാരപ്പെട്ടു. അടുത്തുള്ള മന്ത്രവാദിയുടെ അടുക്കൽ ചെന്നു. അയാൾ അവളുടെ കാതിൽ ഊതി അതിനെ തുടർന്നു അവളുടെ കാതിൽ സംഗീത സ്വരം കേട്ടു കൊണ്ടിരുന്നു. ഇതൊരു ശല്യമായതിനെ തുടർന്നു അവൾക്കു ഉറങ്ങുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ ജോലി ചെയ്യുന്നതിനോ കഴിഞ്ഞില്ല. കാലിബായിയെ നമ്മുടെ ആരാധന യോഗത്തിൽ കൂട്ടിക്കൊണ്ടു വന്നു. വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവളുടെ കാതിൽ മുഴങ്ങിയ സംഗീത സ്വരം നിലെച്ചു. ഇപ്പോൾ അവൾക്കു ഉറങ്ങുന്നതിനും ഭക്ഷണം കഴിക്കുന്നതിനും ജോലി ടെയ്യുന്നതിനും സാധിക്കുന്നു. ദൈവത്തിനു സ്തോത്രം!

**ജൂൺ**
**15**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സെലീന അരുൾ രാജ്, ഐലീൻ ചന്ദ്രൻ
പുനിത മെയിൻരാജ്, അരുളാനന്ദം എം
ലത ഐസക്ക്, മറിയാൾ കുമാരവേൽ
ആൽബി ഹരീസ്, പൊന്നു സ്വാമി എസ്
ഡേവിഡ് എസ്, ദേബദത്ത ലിമ
ഹോസെൻ ജറായ്
ക്ഷിരോദ് പ്രതാപ് ഡൊഗ്രി

### ബർഹർവ

**കൃഷൻ കുമാർ & ശാന്തി ലാൽ**

ഏഴു വ്യക്തികൾ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. വിശ്വാസികളെയും മിഷനറിമാരെയും സുവിശേഷകരെയും ഉപദ്രവിക്കുകയും 32 ദിവസം ജയിലിൽ ഇടുകയും ചെയ്ത സോനജോടി ഗ്രാമത്തിൽ വീണ്ടും സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. മൂലക്കുരു രോഗത്തിൽ നിന്നു പാർവ്വതി ദേവിയെ കർത്താവ് സൗഖ്യമാക്കി. ഉപജീവന മാർഗ്ഗം തേടി കുടിയേറി പോയ ബുച്ചൻ ദേവിയും മകളും സുരക്ഷിതരായി തിരികെ വന്നു. അവർ കുടിയേറി പോയ ഇടങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു.

സത്യാന്വേഷികളായ 10 പേർ ഞായറാഴ്ച ആരാധനയിൽ പതിവായി പങ്കെടുക്കുന്നുവെങ്കിലും യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചിട്ടില്ല. 11 പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. ഏതു തരത്തിലുള്ള എതിർപ്പിനെയും നേരിടുവാൻ തക്ക വിധം വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നു മുകുൽ സാഹയും മാനസിക രോഗത്തിൽ നിന്നു സുധീർ രവിദാസും വിവിധ രോഗങ്ങളിൽ നിന്നു വിദ്യാധർ ചന്ദും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മൺട്രോ :

**മിർജ്യോ & സെലീന ഹസ്ത**

അപസ്മാരത്തിൽ മാരാങിനെയും ക്ഷയ രോഗത്തിൽ നിന്നു ഗംഗ്ദി ഗ്രാമത്തിലെ തോമസ് ടുഡുവിനെയും തളർവാതത്തിൽ നിന്നു ബരേഡി ഗ്രാമത്തിലെ പ്രിയ ഹെംബ്രത്തെയും അന്ധതയിൽ നിന്നും ജോബോ ഗ്രാമത്തിലെ മരംഗ്ബായ് മൂർമ്മുവിനെയും മാനസിക രോഗത്തിൽ നിന്നു മിക്ര ഗ്രാമത്തിലെ ബാസന്തി മുർമ്മുവിനെയും കർത്താവ് സൗഖ്യമാക്കി. പിന്മാറ്റക്കാരായ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വന്നു.

വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ഡുമാറിയ ഗ്രാമത്തിലെ സഭമൂപനെ ശരീരത്തിലുണ്ടായ നീർവീക്കം, വേദന എന്നിവയിൽ നിന്നും ഡുംഗ്രി ടോളയിലെ തിമോത്തി കിസ്കുവിനെ വിഷാദ രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസാഹ, ഹരിയാല എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾ സാക്ഷ്യ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## വിശ്വാസത്തിൽ ശക്തൻ!

ജാർഖണ്ഡിൽ മൺട്രോ മിഷൻ വയലിലെ മേഘിൽ ഗ്രാമത്തിലുള്ള എസ്ഥേർ മുർമ്മു കന്നുകാലികളെ തൊഴുത്തിലേക്കു പ്രവേശിപ്പിക്കുന്ന വേളയിൽ കണ്ണിൽ മുറിവേറ്റു. മേൽക്കൂര പണിത മുളയുടെ കമ്പ് കണ്ണിൽ കൊണ്ടു മുറിഞ്ഞു ചോര വന്നു. ഉടനെ തന്നെ അവളെ ഭാഗൽപൂർ ആശുപത്രിയിൽ ചികിത്സക്കായി കൊണ്ടുപോയി. ഒരാഴ്ച മുമ്പ് അവളുടെ മകൾ സ്കൂളിലേക്ക് സൈക്കിളിൽ പോകുമ്പോൾ പാലത്തിൽ നിന്നു താഴെ വീണു. ഇതു നിമിത്തം അക്രൈസ്തവർ ക്രിസ്തുയേശുവിലുള്ള അവളുടെ വിശ്വാസത്തെ ചോദ്യം ചെയ്തു. എന്നാൽ ഒരു നിമിഷം പോലും അവൾ നിരാശക്ക് ഇട നൽകിയില്ല പകരം അവൾ വിശ്വാസത്തിൽ ഉറച്ചു നിന്നു. ദൈവകൃപയാൽ അവൾ സുഖം പ്രാപിച്ചു വരുന്നു. ദൈവത്തിനു സ്തോത്രം!




## ജന്മദിനാശംസകൾ

ജോൺസൺ ശങ്കർ ഐ,
സുശീല വിജയകുമാർ,
ബിനിത് പ്രസാദ് ഭരതൻ,
എലിയ ചന്ദ്രൻ എസ്

### സന്താൾ ശിഷ്യത്വ ശുശ്രൂഷ

**സുധാകരൻ & ഫ്ളോറൻസ്**

ബേൽഡിഹ മിഷൻ വയലിലെ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. ധംധമിയ മിഷൻ വയലിൽ മൂന്ന് സ്ഥലത്തു വേദപഠനക്കൂട്ട നേതാക്കൾക്കു പരിശീലനം നൽകി. വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രായമായവരെ സന്താളി ഭാഷ പഠിപ്പിച്ചു. ഷോട്ടഗഗരിയിൽ നടത്തിയ വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ 55 വ്യക്തികൾ പഠനം പൂർത്തീകരിച്ചു.

ഷോട്ടഗഗരിയിൽ വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ പഠനം പൂർത്തീകരിച്ചവർ തടർന്നു വേദപുസ്തകം വായിച്ച് സ്വയം വളരേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു ദിവസത്തെ പരിശീലനത്തിനു ശേഷം മേരി വേദപുഠനക്കൂട്ടം ആരംഭിച്ചു. അവളുടെ പരിശ്രമം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സാവിത്രി മുർമ്മു, റജീന മാറാണ്ടി എന്നീ രണ്ടു യുവതികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റാംഘട് : **തിമോത്തി സെന്തിൽ & മുത്തു സെൽവി**

22 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 16 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബോക്ക പാസ്റ്ററേറ്റിലെ പിന്മാറ്റക്കാരായ വിശ്വാസികൾ വിശ്വാസത്തിലേക്കു തിരികെ വന്നു ഉണർവ്വ് പ്രാപിച്ചു. ഞായറാഴ്ച ആരാധനയിൽ ക്രമമായി പങ്കെടുത്തതിന്റെ ഫലമായി പുതിയ വിശ്വാസികൾ ദുരാത്മ ഭയത്തിൽ നിന്നു മുക്തരായി.

ഡോള, ബാൽവ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ബിരുദത്തിനു പഠിക്കുന്ന മക്കൾ അവർ ആയിരിക്കുന്ന ഇടത്തു വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അല്ക്രൈസ്ത വരെ വിവാഹം കഴിച്ച് പിന്മാറ്റത്തിലായ വിശ്വാസികൾ യഥാസ്ഥാനപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ജയ്പൂർ

**അശോക് നായക് & സുരഭി**

നൂറു പേരോടു സുവിശേഷം പങ്കുവെച്ചു. 12 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കഠിനമായ ചൂടിൽ നിന്നു നമ്മുടെ മിഷനറിമാരെയും സുവിശേഷകരെയും ദൈവം പരിപാലിച്ചു.

പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജേന്ദ്രയും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബടാ മൗടിയിൽ വിശ്വാസികൾക്കു ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കുന്നതിനു ഒരു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാന്തി ജാമ്ടയുടെ കുടുംബം വിശ്വാസജീവിതത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 17 വെള്ളി

## ജന്മദിനാശംസകൾ

എഡ്വിൻ സെൽവരാജ് ആർ,
രാജദുരൈ എൻ, കവിത

### റാണെശ്വർ :

**തങ്സൗ, ഉപ്ദേശ് കുമാർ**

23 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു ഗ്രാമങ്ങളിൽ പ്രദർശപ്പിച്ച ഫിലിം 45 പേർ കണ്ടു. മൂന്നു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറായി.

മാനസിക രോഗിയായ ലുക്കി മാറാണ്ടിയെയും അപസ്മാര രോഗികളായ സജ്ജിത് ടുഡു, ജിയോമുനി മുർമ്മു, ബാബുസോൾ മാറാണ്ടി എന്നിവരെയും ക്ഷയ രോഗിയായ പുലിസ് മാറാണ്ടിയെയും വൃക്ക രോഗിയായ ചുങ്കി ബാസ്കിയെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാസന്തി സൊറൻ, സംഗീത ഹസ്ദാക്, ജോസഫ് ഹസ്ദാക്, ദേവദാസ് ടുഡു, ശാന്തി മാറാണ്ടി, മാന്ത്രി മാറാണ്ടി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ഇട്ടഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ്മ & മാനിനി ബബർത്ത**

63 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 180 പേരോടു സുവിശേഷം പങ്കുവെച്ചു. പരിശീലനം പൂർത്തീകരിച്ച ഒരു മിഷനറി കുടുംബത്തെ ഈ മിഷൻ വയലിൽ പുതുതായി നിയോഗിച്ചു.

ഇവിടെയുള്ള എല്ലാ പ്രാർത്ഥനക്കൂട്ടങ്ങളും ശരിയാവണ്ണം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ആത്മീക വളർച്ച പ്രാപിച്ചു ആത്മാക്കളെ ആദായപ്പെടുത്തുന്ന ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാദമ്പാടി ഗ്രാമത്തിലെ സൈല മുർമ്മു, താല മുർമ്മു, മിരി ബ്സകെ, സുനി ബസ്രെ, ഗുബിൻ കിസ്കു, മാരൻ ഹസ്ദാക്, മുനി സൊറൻ, റോമ ഹസ്ത, എന്നീ കുടുംബങ്ങളും, അല്താപൂർ ഗ്രാമത്തിലെ സുനിൽ മുർമ്മു, സോനാതി മുർമ്മു എന്നീ കുടുംബങ്ങളും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദൈവരാജ്യം അന്വേഷിക്കുന്നതിലെ അനുഗ്രഹം!

മദ്ധ്യപ്രദേശിലെ ദാബ്ര മിഷൻ വയലിൽ പ്രവർത്തിക്കുന്ന നമ്മുടെ മിഷനറി സതികാന്ത് പരിച്ചയുടെ മകൾ സോഫിയ ഗ്രേസ് കഠിനമായ ചൂടിനാലും രക്തം നഷ്ടപ്പെട്ടതിനാലും കഷ്ടപ്പെട്ടു. ഡോക്ടറന്മാർ അവൾക്കു രക്തം നൽകണമെന്നു ആവശ്യപ്പെട്ടു. അതിനാൽ അവളെ ഝാൻസിയിലേക്കു ചികിത്സക്കായി കൊണ്ടുപോകണം. എന്നാൽ അന്നു ദുഃഖ വെള്ളിയാഴ്ചയായതിനാൽ രണ്ടു ആരാധനക്കൂട്ടങ്ങളിൽ ആരാധന ക്രമീകരിച്ചിരുന്നു. ചികിത്സ താമസിച്ചാലുണ്ടാകുന്ന ഗുരുതരാവസ്ഥ മനസ്സിലാക്കിയ കുടുംബാംഗങ്ങൾ അവളെ ഝാൻസിയിലേക്കു കൊണ്ടുപോകുവാൻ നിർബന്ധിച്ചു. എന്നാൽ മിഷനറി ദമ്പതികൾ കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു മകൾക്കു ഭക്ഷണവും പഴങ്ങളും നൽകിയിട്ട് പൈതലിനെ ദൈവകരങ്ങളിൽ ഏല്പിച്ചിട്ട് അവർ കതകു പൂട്ടി ദുഃഖ വെള്ളിയാഴ്ച ആരാധനക്കായി കടന്നു പോയി. അവർ പൈതൽ മുറിയിൽ അടച്ചിട്ടിട്ടു പോകുമ്പോൾ അവളുടെ ശരീരം മഞ്ഞപിത്ത രോഗിയുടെതു പോലെയായിരുന്നു. എന്നാൽ അവർ മടങ്ങി വന്നപ്പോൾ മകളുടെ ശരീരത്തിന്റെ നിറം സാധാരണ നിലയിലായി അവളെ ആരോഗ്യമുള്ളതായി കണ്ടു. ദൈവം മിഷനറിമാരുടെ പ്രാർത്ഥന കേട്ടു. ദൈവരാജ്യ പ്രവർത്തനത്തിനു മുൻഗണന നൽകിയ മിഷനറിമാരുടെ വിശ്വാസത്തെ ദൈവം മാനിച്ചു.

## ജൂൺ 18 ശനി

### പക്കുവഹാട്

**രാമകൃഷ്ണ @ ഏലീയ & അജ്ഞലി**

പത്തു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായയി സ്വീകരിച്ചു. റാബി ടുഡുവും കുടുംബവും വിശ്വാസത്തിലേക്കു തിരികെ വന്നു ഞായറാഴ്ച ആരാധനയിൽ ക്രമമായി സംബന്ധിക്കുന്നു. ദൈവാലയം പണിയുന്നതിനായി വസ്തു ദാനം ചെയ്യുന്നതിനു ഹെബ്രോനും കുടുംബവും തയ്യാറായി. കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന സംഘത്തിന്റെ പിടിയിൽ നിന്നും സോളമൻ ടുഡുവിനെ ദൈവം പരിപാലിച്ചു.

മാണിക്പൂറിലെ അവിനാശ് മാറാണ്ടി, സൽബോനി ഗ്രാമത്തിലെ പാണു ഹസ്താക്ക്, രംഗമാട്ടിയ ഗ്രാമത്തിലെ ചിരൺചിത് മുർമ്മു, ശോഫാൽ മുർമ്മു, രാജു മുർമ്മു, പിച്ചാര ഗ്രാമത്തിലെ നിമായ് കിസ്കു, ഹോടാട്പാറ ഗ്രാമത്തിലെ ചുണ്ട മാറാണ്ടി, കുചകന്ദോർ ഗ്രാമത്തിലെ സോർക്കാർ മാറാണ്ടി, ഹെലൻഡങ്ക ഗ്രാമത്തിലെ ബുജുരു ഹോബ്രം, മട്ടോള ഗ്രാമത്തിലെ സക്കാൽ ടുഡു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ ചുർക്കി ടുഡു, ഗണേശ് മുർമ്മു, ചിരൺജിത് സൊറൻ, സുനിൽ ഹസ്താക് എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സൊനേശ് മുർമ്മു, ബാബുലാൽ മുർമ്മു, സനിജാലി കിസ്കു, സോനാമുനി ബസ്കെ, വകിൽ ഹെബ്രം, സുജോൻ ഹെബ്രം, ഹൊപ്ന സൊറൻ, റാബി ടുഡു, മാലി ടുഡു എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### താപാൻ :

**ആർ കിങ്സ്ലി ലിവിങ്സ്റ്റൻ & ഡെൽഫിൻ**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ ഭവനം ഭവനമായി സുവിശേഷം അറിയിച്ചു. 2000 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. അപസ്മാരം നിമിത്തം മൂന്നു ആഴ്ച ശയ്യാവലംബയായിരുന്ന ദെബോ സൊറനെ കർത്താവ് സൗഖ്യമാക്കി.

നേഹമ്പ, നുറുൾ, ബാസ്പാട, നക്കദാർ, തൗസി, ബോനഹാർ, മുരൈപൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ബോനഹാർ ഗ്രാമത്തിലെ സുനിൽ മുർമ്മു, ജേത്ത സൊറൻ, പരിമൾ സൊറൻ, സുധീർ സൊറൻ, തൗസി, നേഹമ്പ, താപൻ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ ശല്യപ്പെടുത്തുകയും വിശ്വാസികളെ ഉപദ്രവിക്കുകയും ചെയ്യുന്ന നേഹമ്പ ഗ്രാമത്തിലെ സരോധനി ഹസ്താക്കിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ജാംബോനി : **എഫ്രയിം മല്ലി & പ്രോസൺസിത**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സാബാർ ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. രണ്ടു ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു.

സാമർലേബ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ജമ്പോനി ഗ്രാമത്തിൽ പ്രവർത്തിക്കുന്നതിനു സ്വദ്ദേശ സുവിശേഷകനെയും സന്നദ്ധ സുവിശേഷകനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീപ് ടീമിന്റെ സഹായത്തോടെ വലിയൊരു കൂട്ടം ജനങ്ങളെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോനാസെലം ഗ്രാമത്തിലെ കുദിറാം സെൻ തളർവാതത്തിൽ നിന്നു സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 19 ഞായർ

### ജന്മദിനാശംസകൾ

സെൽവിൻ യേശുദാസ്,
ജോതിലക്ഷ്മി ജെ

## അസം

### നോർത്ത് ഈസ്റ്റ് റീജിയൻ

**സി എച്ച് ജോൺ & വേണി**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജീന മമോറ, സോനാലിതാകോ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. മജുലി ഗ്രാമത്തിൽ നടത്തിയ പോലിസ് പരിശോധന വിശ്വാസികൾ ധൈര്യപൂർവ്വം കൈകാര്യം ചെയ്തു.

പുതിയ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും അമിതമായ വ്യാപാരം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ജിന മാമോറ, റിഗ്ബെ, സോനാലി ടാകോ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ വിശ്വാസികൾ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഡെൻസിങിന്റെ മകൾ ലിസയെ കർത്താവ് തൊട്ട് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അസമിലുള്ള എല്ലാ വിശ്വാസികളും മാസം തോറും അഞ്ചു വ്യക്തികളെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

**ചാമ്പ : വിനോദ് കുമാർ സിങ് & പ്രാവതി മണി**

അക്വില്ല, പ്രിസ്കില്ല ദമ്പതി യോഗത്തിൽ പത്തു കുടുംബങ്ങൾ പങ്കെടുത്തു. പൗണി ഗ്രാമത്തിൽ ആഴ്ച തോറും ആരാധന യോഗം നടത്തുന്നതിനു ഗായത്രി സാഹു കുടുംബം തങ്ങളുടെ ഭവനം തുറന്നു നൽകി. കേൾവി ശക്തിയില്ലാത്ത കുസും ലതയെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ വലയുന്ന തോയ, രാധിക എന്നിവരെയും ദൈവം വിടുവിച്ചു.

അപസ്മാര രോഗിയായ അയൻ ബഞ്ചാരെയുടെയും കാൻസർ രോഗിയായ ഗംഗധാറിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വേനൽക്കാല കെടുതിയിൽ നിന്നു മിഷനറിയെയും കുടുംബത്തെയും ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിനക്കെതിരായി വരും ആയുധം ഒന്നും ഫലിക്കയില്ല!

രാജസ്ഥാനിൽ ശ്രീ ഗംഗനഗർ മിഷൻ വയലിലെ നമ്മുടെ വിശ്വാസിയായ മക്കൻ സിങ്ങിന്റെ സഹോദരൻ മൻജീത് സിങിനു അവരുടെ ഗ്രാമത്തിലുള്ള നമ്മുടെ പ്രവർത്തനത്തെ കുറിച്ചു വലിയ അഭിപ്രായമൊന്നുമില്ല. അതു കൊണ്ട് അയാൾ നമ്മുടെ പ്രവർത്തനം സംബന്ധമായി വീഡിയോയും ഫോട്ടോയും ഒക്കെ എടുത്തു പട്ടാളക്കാർക്ക് അയച്ചു കൊടുത്തു. കാരണം ഈ ഗ്രാമം പാകിസ്ഥാൻ അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. അടുത്ത ദിവസം മിഷനറി പ്രാർത്ഥന നടത്തുന്നതിനായി ആ ഗ്രാമത്തിൽ വന്നപ്പോൾ പട്ടാള ആഫീസറന്മാർ അദ്ദേഹത്തെ പരിശോധിച്ചു. തിരിച്ചറിയൽ കാർഡും, വാഹനത്തിന്റെ പേപ്പറുകളും വേദപുസ്തകവുമെല്ലാം പരിശോധന വിധേയമാക്കി. മിഷനറിയെ ഗ്രാമത്തലവന്റെ അടുക്കൽ നടത്തി കൊണ്ടു പോയി. ഈ അവസരം പ്രയോജനപ്പെടുത്തി മിഷനറി ആ ഉദ്യോഗസ്ഥനോടു സുവിശേഷം പങ്കുവെച്ചു. പ്രാർത്ഥനയാൽ മാജിവാല ഗ്രാമത്തിലെ വിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടായ അത്ഭുത പ്രവർത്തികളും വിവരിച്ചു. തുടർന്ന് ഉദ്യേഗസ്ഥൻ ഉന്നത അധികാരെ വിളിച്ചു മിഷനറിക്കും ശുശ്രൂഷക്കും അനുകൂലമായ റിപ്പോർട്ട് നൽകി. ഉദ്യോഗസ്ഥൻ തന്റെ മൊബൈൽ നമ്പർ മിഷനറിക്കു നൽകിയിട്ടു ആരെങ്കിലും ഉപദ്രവിച്ചാൽ അദ്ദേഹത്തെ വിളിക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം മിഷനറിയോടു പറഞ്ഞു 'നിങ്ങൾ നല്ല കാര്യമാണ് ചെയ്യുന്നത് അതിനാൽ വേല തുടരുക'.

## ജൂൺ 20 തിങ്കൾ

### ജന്മദിനാശംസകൾ

സെലീന ജോയ്സ് ജോൺ,
കാർത്തികേയൻ എസ്, വിജയകുമാർ ആർ,
വസവരാജ കെ, ഭൂപതി പി,
കൃഷൻ കുമാർ, ലുൻജലാൽ സോങ്താറ്റ്

### ലഖൻപൂർ

**അരുൺ കുമാർ & സാരഥി**

ആറു ഗ്രാമങ്ങളിലുള്ള 250 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. വിശ്വാസികൾക്കായി സംഘടിപ്പിച്ചു ത്രിദിന ക്യാമ്പിൽ 400 പേർ പങ്കെടുത്തു. ക്യാമ്പിന്റെ മുഴുവൻ ചിലവും വിശ്വാസികൾ വഹിച്ചു. ഏഴു വയസ്സുള്ള ബാലൻ ആതാർസ് അർപൻ മൂത്രത്തിലുണ്ടായ അണുബാധയാൽ വളരെ ക്ഷീണിതനായി, ശരീരം മുഴുവൻ നീർവീക്കമുണ്ടായ അവന്റെ ചികിത്സാ ചിലവു വഹിക്കുവാൻ മാതാപിതാക്കൾക്കു പ്രാപ്തിയില്ല. വിശ്വാസികൾ അവനു വേണ്ടി പ്രാർത്ഥിച്ചു ഡോക്ടറന്മാർക്കു അവനോടു ദയ തോന്നി. സർക്കാരിന്റെ പദ്ധതിയിലുൾപ്പെടുത്തി അവനു സൗജന്യ ചികിത്സ നൽകി. അവൻ സൗഖ്യം പ്രാപിച്ചു.

പദ്ധതിയിട്ടിരിക്കുന്ന ഫിലിം പ്രദർശനങ്ങൾ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ബൈക്ജാമിലെ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ ആരംഭിക്കേണ്ടതിനായും അതിന്റെ ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. മാനസിക സൗഖ്യമില്ലാത്ത നമ്മുടെ ആരാധനയിൽ സംബന്ധിക്കുന്ന പൻവാരി, പുൽമാതി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മസ്തിഷ്കാഘാതത്താൽ വലയുന്ന ചെറു ബാലൻ അൽബിനേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരിക്കുന്ന ദോദകേസര സഭയിലെ വിശ്വാസികൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒഡിഷ

**റായ്രംഗ്പൂർ : ശമുവേൽ & ഹവീല**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സുവിശേഷത്തോടു താൽപര്യം കാണിച്ചു ആരാധന യോഗത്തിൽ സംബന്ധിക്കുന്ന മങ്കൽ സമദ്, സുനിൽ കദക്കി, സജ്ഞൈജ പൂർത്തി എന്നീ കുടുംബങ്ങൾ പാർക്കുന്ന ഡൊങ്കപാനി പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. ദോദ സാഹിയിലുള്ള പിന്മാറ്റക്കാരായ വിശ്വാസികൾ തിരകെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു വർഷത്തിലധികമായി ശരീരത്തിൽ നീർവീക്കമുള്ള റാണോഹെബ്രം സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജു ബോദ്രയുടെ കാലിലെ നീർക്കോൾ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

ഗ്രാമത്തിലെ കുഴൽ കിണറിൽ നിന്നും വെള്ളമെടുക്കുവാൻ അനുവദിക്കാതെ ജ്യോസ്നയെ ഉപദ്രവിക്കുന്നു. പുതിയ സ്നേഹിതരായ സുധർശൻ കുടുംബം, ചാന്ദു മാറാണ്ടിയുടെ രക്ഷിതാക്കൾ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ ജെമയെ നെഞ്ചു വേദനയിൽ നിന്നും ബിർസിങ് ബാരിയെ ക്ഷയ രോഗത്തിൽ നിന്നും ദുന നായക്കിനെ കാൻസർ, വൃക്ക സംബന്ധമായ രോഗം എന്നിവയിൽ നിന്നും ഗുരുബ മുണ്ടയെ മാനസിക രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 21 ചൊവ്വ

### ജന്മദിനാശംസകൾ

ഗെത്സിയ പോൾരാജ്,
ജോൺകുമാർ സി,
സുവേര മാർത്ത ബോടാർ

### ദെക്കനാൽ

**സാന്തു മാറാണ്ടി, സുരേഷ് മാൾട്ടോ**

ചൂലിയ ഗ്രാമത്തിലെ 15 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു കുടുംബം ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നു. കോട്സാഹി ഗ്രാമത്തിലെ ശയ്യാവലംബയായിരിക്കുന്ന നമ്മുടെ വിശ്വാസി ഗോപാലി ഹൊൻഹാഗയെയും മഞ്ഞപിത്ത രോഗിയായ ജുമ്കി മുണ്ടയെയും കർത്താവ് സൗഖ്യമാക്കി.

എതിർപ്പിനെ തുടർന്നു നിർത്തിവെച്ച കോരഗാടിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമീണരുടെ എതിർപ്പിന്റെ മദ്ധ്യത്തിലായിരിക്കുന്ന ബുധഗാഡിയ ഗ്രാമത്തിലെ പുതിയ വിശ്വാസി കുടുംബം അമൻ സാനിയ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ ബിജയ് ചട്ടാർ, തളർവാതത്താൽ കഷ്ടപ്പെടുന്ന ഗംഗ ഹെബ്രം, മാനസിക രോഗിയായ ബോളോന്ദ ഗ്രാമത്തിലെ സൽഷിങ് സോയ്, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ബോളോന്ദ ഗ്രാമത്തിലെ കരൻ താമൂലിയ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കോരഗൈയ ഗ്രാമത്തിലെ ദൈവാലയ വസ്തു സംബന്ധമായ പ്രശ്നം പരിഹരിച്ച് ദൈവാലയ നിർമ്മാണം വേഗത്തിൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പല്ലഹാര

**ബസുദിയോ മാൾട്ടോ & ബാസന്തി**

രണ്ടു ഗ്രാമങ്ങളിലുള്ള 19 വ്യക്തികളോടു സുവിശേഷം അറിയിച്ചു. എതിർപ്പുകളുടെയും പീഡനത്തിന്റെയും മദ്ധ്യത്തിൽ മാമലപോഷി ഗ്രാമത്തിലെ വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കുന്നു. മിഷൻ വയൽ തലത്തിൽ നടത്തിയ യുവജനയോഗം വലിയ അനുഗ്രഹകരമായിരുന്നു.

അനക്കാട്, ഹരിച്ചന്ദ്പൂർ, തെൽക്കോയ് എന്നീ താലൂക്കുകളിലേക്കു നമ്മുടെ പ്രവർത്തനം വ്യാപിക്കുന്ന ശുശ്രൂഷ അനുഗ്രഹകരമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകനു അനുയോജ്യമായ സ്ഥലത്തു താമസിക്കുന്നതിനു വീട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യത്തിൽ കഴിയുന്ന മാമലപോഷി ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. യുവജനസമ്മേളനത്തിൽ പങ്കെടുത്തവർ കർത്താവിന്റെ സാക്ഷികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ബായകുമ്തിയ ഗ്രാമത്തിലെ രാജു ജുവാങ്, ഫുൽബാരി ഗ്രാമത്തിലെ യശോദ, ഡാമ്രു എന്നിവർ മാനസിക രോഗത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### പുള്ളിപ്പുലിയിൽ നിന്നും രക്ഷപ്പെട്ടു

ഗുജറാത്തിൽ അഹ്വ മിഷൻ വയലിലെ ബാവറിയ ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി കൈലാസ് ബായി വിറകു ശേഖരിക്കുന്നതിനായി വനത്തിലേക്കു പോയി. പെട്ടെന്നു ഒരു പുള്ളിപ്പുലി അവന്റെ മേൽ ചാടിവീണു, പിന്നീട് അത് ഓടിപ്പോയി. പുള്ളിപ്പുലിയുടെ നഖം കൊണ്ടു ശരീരം മുഴുവൻ മുറിവേറ്റെങ്കിലും ജീവൻ രക്ഷപ്പെട്ടു. ദൈവത്തിനു മഹത്വം!

ജൂൺ
22
ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഷൺമുഖം ആർ എസ്, ഈവ്‌ലിൻ പാക്കിയ, മഹേന്ദ്രൻ എ

## ഗുജറാത്ത്

### മോതപോണ്ട

**ശമുവേൽ സുബ്രമണി & സുശീല**

ഉക്കാല ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ദോദാദ്കുവ ഗ്രാമത്തിൽ രാത്രിയോഗങ്ങൾ ആരംഭിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നു കക്കാദ്ബായി, സന്തോഷ് ബായി എന്നിവരെ ദൈവം പരിപാലിച്ചു. കറങ്ങിക്കൊണ്ടിരുന്ന സീലിംഗ് ഫാൻ താഴെ വിണു എങ്കിലും ശൈലേഷ് ബായിയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു.

തുളസിബൻ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക ഗ്രാമങ്ങളിൽ വിബിഎസ് നടത്തുന്നതിനു യൗവനക്കാർക്കു നടത്തുന്ന പരിശീലനത്തിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്തിൽ നിന്നു രേഖബൻ പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹ്‌വ & ഡാങ്സ്

**ബീദുഷ് & പ്രീതി ബാല**

മോഗ്ര, തക്ലിപാട, ഖാമ്ബ്ള എന്നീ ഗ്രാമങ്ങളിൽ പുതിയ വിശ്വാസികളെ നൽകി ദൈവം അനുഗ്രഹിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സുലെ ഗ്രാമത്തിലെ ഉർമ്മിള ബന്നിനു അനുയോജ്യമായ ഒരു ജീവിത പങ്കാളിയെ ലഭിച്ചു. ഉപജീവന മാർഗ്ഗത്തിനായി വിവിധ ഇടങ്ങളിലേക്കു കുടിയേറി പോയ വിശ്വാസികൾ സുരക്ഷിതരായി സ്വന്ത ഗ്രാമങ്ങളിൽ മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക.

വിശ്വാസികളുടെ സഹകരണത്തോടെ ദുങ്കാർദ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈമാൾ ഗ്രാമത്തിലെ പുതിയ വിശ്വാസിയായ സെയിൽസ്ബായി വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുസാർദ, മോഹുപാദ, സഖാന എന്നീ ഗ്രാമത്തിലുള്ള ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച വിശ്വാസ് ഹായിയുടെയും ക്ഷയ രോഗത്താൽ വലയുന്ന കലമ്പ ഗ്രാമത്തിലെ അർജുൻ ബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗാദാദ് ഗ്രാമത്തിലെ ദിനേശ് ബായിയുടെ വസ്തു സംബന്ധമായ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മരണം സ്ഥിരീകരിച്ചെങ്കിലും വീണ്ടും ജീവൻ പ്രാപിച്ചു!

ആന്ധ്രാ പ്രദേശിൽ ഡാമലച്ചെരിവ് മിഷൻ വയലിൽ RMP ഡോക്ടറായ ഡോ. മുനി രത്നത്തെ കോവിഡ് 19 രോഗം ഗുരുതരമായി ബാധിച്ചു. വിശ്വാസിയായ ഭാര്യ ഡോക്ടറെ പ്രാർത്ഥനയോടു കൂടെ തിരുപ്പതി ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അനേക നാളുകളിലെ ചികിത്സകൾക്കു ശേഷം ഡേ. മുനി രത്നം മരിച്ചതായി ഡോക്ടറന്മാർ അറിയിച്ചു. അദ്ദേഹത്തിന്റെ ഭാര്യയും മറ്റു വിശ്വാസികളും ഡോക്ടറുടെ ജീവനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഈ സമയത്തു ഡോക്ടറുടെ കാലിലെ ചലനം അവിടെയുണ്ടായിരുന്ന നേഴ്സിന്റെ ദൃഷ്ടിയിൽ പെട്ടു. വേഗത്തിൽ ഡോക്ടറെ അവിടെ നിന്നു സമീപത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ ജീവൻ തിരികെ ലഭിച്ചു. ഡോക്ടറും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ഇന്ന് ഡോ. മുനി രത്നം പട്ടുരു പ്രദേശത്തുള്ള ക്രിസ്തീയ സഭയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നു.

## ജൂൺ 23 വ്യാഴം

### ജന്മദിനാശംസകൾ

അജയകുമാർ ലിമ, മീന കിങ്സ്ലി,
പ്രവീണ റാണി കുമാർ,
രാമസ്വാമി വി ജറോം

**ദരമ്പൂർ & കെർഘാം**

**വിഘ്നേശ്വരൻ എയ്ഞ്ചലിൻ**

ഒമ്പത് ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കോബ ഗ്രാമത്തിലെ ദൈവാലയ പണി ആരംഭിച്ചു. മലമുകളിലുള്ള ഈ സ്ഥലത്തേക്കു മലമ്പാതയിലൂടെ നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുക പ്രയാസമാണ്. ക്രിസ്തീയ വിശ്വാസം ഹേതുവാൽ സോമിബന്നിനെ ഉപേക്ഷിക്കുന്നതിനു ഭർത്താവ് ആഗ്രഹിച്ചെങ്കിലും പ്രാർത്ഥനയുടെ ഫലമായി അയാളുടെ മനസ്സിൽ മാറ്റമുണ്ടായി. താമ്ഹിനി ഗ്രാമത്തിലെ സൊന്തുബൻ പ്രസവ വേളയിൽ ഗുരുതരാവസ്ഥയിലൂടെ കടന്നു പോയെങ്കിലും ഒരു പൈതലിനു ജന്മം നൽകി.

സാന്തവ്രവിൻ ഗ്രാമത്തിലെ സോമിബന്നിന്റെ ഭർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യത്തിലും 30 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനായി തയ്യാറെടുക്കുന്നു. നാക്കിൽ കാൻസർ ബാധിച്ച സർക്കാർബായിയുടെയും നെഞ്ചുവേദനയാൽ കഷ്ടപ്പെടുന്ന കോബ ഗ്രാമത്തിലെ ലച്ചു ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ,**

**ജാവ്ട : പുഷ്പരാജ് & ജോതി, നിർമ്മല, ഹരിബാബു & പങ്കജം, പൊൻ അഗസ്റ്റിൻ & ജോയ്സ് ശോഭന, വെങ്കിട പ്രവീൺ & ബ്യൂല, അൽഫോൻസ് & ഷൈനി സ്നേഹ വർഗീസ്, സതീഷ് & ജയന്തി ക്രിസ്റ്റി, ബിജുലാൽ & സ്റ്റെഫി, ദാനിയേൽ രാജാമണി & സോഫിയ, രൂത്ത്, മൈന, ഗായത്രി, എയ്ഞ്ചൽ രാജ്**

നമ്മുടെ സ്കൂൾ കുട്ടികൾ ബോർഡ് പരീക്ഷ നല്ലവണ്ണം എഴുതി. പരീക്ഷ എഴുതുവാനായി സഞ്ചരിച്ച യാത്രകളിൽ ദൈവം അവരെ പരിപാലിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിൽ നിന്നും മിഷനറിമാരായ ദാനിയേൽ രാജമണിയും സോഫിയായും ഇവിടെ പ്രവർത്തിക്കുവാനായി കടന്നുവന്നു. ചെന്നയിൽ നിന്നുള്ള യുവജന വിഭാഗം നമ്മുടെ സ്കൂളും ബാലഭവനവും സന്ദർശിച്ചു. മിഷനറിമാർക്കും കുട്ടികൾക്കുമായി സംഘടിപ്പിച്ച പ്രത്യേക യോഗങ്ങൾക്കു നേതൃത്വം നൽകി. ഈ കഴിഞ്ഞ അദ്ധ്യായന വർഷം അത്ഭുതകരമായി നമ്മെ വഴിനടത്തിയ ദൈവത്തിനു സ്തോത്രം.

പത്ത്, പന്ത്രണ്ട് ക്ലാസ്സ് പഠനം പൂർത്തീകരിച്ച കുട്ടികൾ ഉന്നത പഠനത്തിനായി ദൈവഹിത പ്രകാരമുള്ള ശരിയായ കോഴ്സ് തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ നിന്നും അവധിക്കായി പുറത്തു പോകുന്ന കുട്ടികൾ ആരും തെറ്റായ വിഷയങ്ങൾക്കോ സാമൂഹ്യ മാധ്യമങ്ങൾക്കോ അടിമകളാകാതെയിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ സുഖകരമായ യാത്രയ്ക്കും അവർ എല്ലാവരും അടുത്ത അദ്ധ്യായന വർഷ പഠനത്തിനായി മനസ്സിനെ പുതുക്കി തയ്യാറെടുക്കേണ്ടതിനായും പ്രാർത്ഥിക്കുക. സ്കൂൾ കോമ്പൗണ്ടിൽ ജല ദൗർല്ലഭ്യമുള്ളതിനാൽ ഭൂമിയിലെ ജലനിരപ്പ് ഉയരേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**24**

**വെള്ളി**

## ജന്മദിനാശംസകൾ

പോൾരാജ് എബ്രഹാം പി,
പ്രത്യാശിനി ലിമ,
രാസ്മിത റാണി റൗട്ട്

### കാദോഡ്: രാംസിങ്ബായി വസാവ & ഉർമ്മിളബെൻ

സിവാനി, സത്പുര എന്നീ പ്രദേശത്തു സുവിശേഷീകരണ പ്രവർത്തനം നടത്തി. ബർഡോലി ഗ്രാമത്തിൽ നിന്നു മുന്നു പേരും വരേലി ഗ്രാമത്തിൽ നിന്നു മൂന്നു പേരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ക്ലോത്താൻ ഗ്രാമത്തിലെ സെജാലിനു നല്ല ജോലി നൽകി ദൈവം അനുഗ്രഹിച്ചു.

പുതിയ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിച്ചു വിശ്വാസത്തിൽ നില നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചാനബായി, രാഹുൽ ബായ് എന്നിവർ തങ്ങളുടെ തിന്മ പ്രവർത്തികൾ ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ട പ്രകാരം എല്ലാ ഗ്രാമങ്ങളിലും വിബിഎസ് തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### വിജയനഗർ: വിജയകുമാർ & സുശീല

കോക്കാറിയ, ഭാഗോര എന്നീ ജാതിക്കൂട്ടങ്ങളിൽ നിന്നായി 73 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഖാരവാസ്, സാമൈപൻവ എന്നീ ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തോടു താല്പര്യം കാണിക്കുന്നു. നാലു വർഷത്തോളം പൈശാചിക ബന്ധനത്തിലായിരുന്ന അമ്ദിയ ഗ്രാമത്തിലെ കാപുഗെന്നിനെ ദൈവം വിടുവിച്ചു. സാമ്പ്ളൈപാൻവ ഗ്രാമത്തിലെ ഉർദ്ദു ഭയ്യായെ പത്തു വർഷത്തിലധികം കഷ്ടപ്പെടുത്തിയ കരൾ സംബന്ധമായ രോഗത്താൽ ഉയർന്ന രക്ത സമ്മർദ്ദത്തിൽ നിന്നും ഉപവാസ പ്രാർത്ഥന വേളയിൽ ദൈവം വിടുവിച്ചു. ക്ഷയ രോഗത്തിൽ നിന്നും പ്രദീപ് ദബൈച്ച ഗ്രാമത്തലവനെ പ്രാർത്ഥനയിലൂടെ ദൈവം വിടുവിച്ചു.

ദൈവാലയം പണിയുന്നതിനായി വിശ്വാസികൾ വസ്തു ദാനമായി നൽകിയ സാമ്പ്ളൈപാൻവ, സിഗാരി എന്നീ ഗ്രാമങ്ങളിൽ വേഗത്തിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദബൈച്ച ഗ്രാമത്തിൽ അടുത്ത ഒന്നരവർഷം കൂടി ഗ്രാമത്തലവനായി തുടരുന്ന വ്യക്തി ദൈവാലയ നിർമ്മാണത്തെ എതിർക്കുന്നു. ദൈവാലയം പണിയുന്നതിനു വസ്തു ദാനമായി നൽകുന്നതിനു ഈ ഗ്രാമത്തിലുള്ള വിശ്വാസികൾ തയ്യാറാണ്. ഒരിക്കൽ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായ മജ്ജുള എന്ന യുവതി അവളുടെ കുടുംബാംഗങ്ങളുടെ ആഭിചാര പ്രവർത്തനം നിമിത്തം വീണ്ടും പൈശാചിക ബന്ധനത്തിലായി. വിടുതലിനായി പ്രാർത്ഥിക്കുക.

### മാൻസ: ചെല്ലദുരൈ & കനകനേശം

റാവോൾ, സെന്മ, പർമാർ, താക്കോർ, വാഘിരി എന്നീ സമുദായങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഉനാവ ഗ്രാമത്തലവൻ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനു പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തു. മഹേന്ദർ ബായ്, സുരേഷ് ബായ് എന്നിവരെ അപകടത്തിൽ നിന്നും ദൈവം രക്ഷിച്ചു. വാഘിരി ഗ്രാമത്തിലെ കുട്ടികൾക്കായി ക്ലാസ്സുകൾ ആരംഭിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന അഞ്ചു ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമരാപൂർ ഗ്രാമത്തിലെ പ്രഹ്ലാദ് ബായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാഘിരി സമുദായത്തിലെ കുട്ടികൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു ഉയർന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
25
ശനി

## ജന്മദിനാശംസകൾ

ജനില പൊൻ മലർ,
പ്രീയ ഹെത്സി

## മഹാരാഷ്ട്ര

### ദരണി

**ദാനിയാൽ മാർവേൽരാജ് & ജപശീലി ദാനിയേൽ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വെറ്റില മുറുക്കുന്ന സ്വഭാവത്തിൽ നിന്നു മുരൈനബായി വിടുതൽ പ്രാപിച്ചു. അടിക്കടി രോഗത്താൽ വലയുന്ന പിഞ്ചു പൈതലിന്റെ മാതാപിതാക്കൾ ദിനംതോറും വേദപുസ്തക വാക്യങ്ങൾ മനപാഠമായി പഠിക്കുന്നതിനും എഴുതുന്നതിനും തുടങ്ങിയപ്പോൾ ദൈവം പൈതലിനു പൂർണ്ണ സൗഖ്യം നൽകി.

ചെള്ളക്കു കാൻസർ രോഗം ബാധിച്ചു മൂക്കിലൂടെ പഴുപ്പു ഒഴുകുന്ന ഹിരലാലിന്റെ പിതാവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വീട്ടിലെ സാധനങ്ങളെല്ലാം നശിപ്പിക്കുന്ന, ഉറക്കമില്ലാതെ ആത്മഹത്യ പ്രവണത കാണിക്കുന്ന 23 വയസ്സുള്ള രാജേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### അക്കൽക്കുവ

**ജഗമോഹൻ സിങ് & സ്വാതി**

29 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 36 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. കാകർപാദ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. പുനർവാസൻ ഗ്രാമത്തിൽ ഷേർ സിങ് ദാദയെ നെഞ്ചു വേദനയിൽ നിന്നും മൂലക്കുരു രോഗത്തിൽ നിന്നും ദൈവം വിടുവിച്ചു.

എട്ടു ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനം തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടങ്ങളും ആത്മീക വർദ്ധനവ് പ്രാപിച്ച് സഭകളായി തീരേണ്ടതിനായി പ്രാർത്ഥിക്കുക.

### സാവ്ദ

**വെങ്കിടേഷ് & ഷീബ**

ആറു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനവും രാത്രിയോഗവും നടത്തി. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 244 വ്യക്തികൾ സുവിശേഷം ശ്രവിച്ചു.

കന്താരി ഗ്രാമത്തിലെ ഭൂവുടമ വിശ്വാസികൾ അവരുടെ വിശ്രമവേളകളിൽ നടത്തുന്ന പ്രാർത്ഥന നടത്തുന്നതിനെ തടഞ്ഞു. പൈശാചിക ബന്ധനത്തെ തുടർന്നു ചലന ശേഷി നഷ്ടപ്പെട്ടു ശയ്യാവലംബയായിരിക്കുന്ന ഉനദേവി ഗ്രാമത്തിലെ രാമ ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കിർദി ഗ്രാമത്തിലെ 12 വയസ്സുള്ള രാമസ്വാമി നല്ലവണ്ണം നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴുത്തിന്റെ ഒരു ഭാഗത്തുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്ന ഡാമുർണി ഗ്രാമത്തിലെ സോനി ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദീർഘകാലമായി നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന അമ്പാനി ഗ്രാമത്തിലെ ജബാലി ഭായിയുടെയും തളർവാതത്താൽ കഷ്ടപ്പെടുന്ന പൽവാദി ഗ്രാമത്തിലെ പർലാത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ജൂൺ 26 ഞായർ

# ജന്മദിനാശംസകൾ

ഇമ്മാനുവേൽ കാർത്തി പി

### ചാലീസ്ഗൗൺ : തിമോത്തി & മമ്ത

മാലെഗൗൺ, വാദ്ജയ് എന്നി ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തന ഫലമായി ഏഴു പുതിയ കുടുംബത്തെ നമുക്കു ലഭിച്ചു. കൽവാദി ഗ്രാമത്തിലെ ജ്യോതി ബായിക്കു രക്തത്തിലുണ്ടായ അണുബാധയെ തുടർന്നു ശരീരത്തിലുണ്ടായ മുറിവ് കഴിഞ്ഞ ആറുമാസത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി സുഖമായി.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചെങ്കിലും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മടിക്കുന്നവർ ധൈര്യപൂർവ്വം വിശ്വസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പൂജ, പൂനം, പൂജ കാർത്ത് സുഭം, നേഹ, മായ, ജ്യോതി നികിത, ചേതൻ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയം, മഞ്ഞപിത്തം എന്നീ രോഗങ്ങളിൽ നിന്നു ശീതൾ ബായി, രുക്മ ബായി എന്നിവർ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ട്യൂമർ ബാധിച്ച അശ്വനി, ഉദരത്തിൽ നീർവീക്കവും കരളിൽ അണുബാധയുമുള്ള രൂത്ത് ബായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ചോപ്ട് & സങ്വി ബാലഭവനം

### ഗോപീകൃഷ്ണൻ & മേനക

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഗാന്ദലി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തിയ പരിശീലന പ്രോഗ്രാമിൽ 15 വ്യക്തികൾ സംബന്ധിച്ചു. അവരുടെ പ്രദേശങ്ങളിൽ സുവിശേഷ വേല ചെയ്തു ആത്മാക്കളെ നേടുമെന്നു അവർ തീരുമാനം എടുത്തു.

നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ അവധിക്കാലത്തു ആത്മീകമായും ശാരീരികമായും ആരോഗ്യത്തോടെ ഇരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും അമൽഗൗൺ ഗ്രാമത്തിലെ കവിത സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂനത്തിനു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### മാന്ദന : പ്രവീൺ & മൗനിക

ദുദെക്കെദ ഗ്രാമത്തിൽ നടത്തിയ ഭജനയിൽ പങ്കെടുത്തു 70 പേർ അനുഗ്രഹം പ്രാപിച്ചു. ഗൗരമ്മാദ, പിമ്പറാള എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണത്തിലൂടെ 40 വ്യക്തികളും കെർളപാനി ഗ്രാമത്തിൽ നടത്തിയ ഫിലിം പ്രദർശനത്തിലൂടെ 40 വ്യക്തികളും യേശുവിനെ അറിഞ്ഞു. പാചകം ചെയ്യുന്ന വേളയിലുണ്ടായ വൈദ്യുതാഘാതത്തിൽ നിന്നു ഗീത ബായിയെ ദൈവം രക്ഷിച്ചു.

ഗോനോർ ഗ്രാമത്തിലെ വിശാലും അമ്മാവനും തമ്മിലുള്ള അടിപിടി വരെ എത്തിയ വസ്തു തർക്കം ശാശ്വതമായി പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു രവീൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മസ്തികത്തിൽ ട്യൂമർ ബാധിക്കുകയും കരളിൽ നിർ വീക്കമുണ്ടാകുകയും ചെയ്ത യോഗേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ 27**
**തിങ്കൾ**

## ജന്മദിനാശംസകൾ

ചാർലറ്റ് ജസിന്ത എസ്, ലില്ലി റാണി വിൻസന്റ്, ലൗച്ചിങ് എൻ

### മോൾഗി

### ഭരണീധരൻ & സെൽവറാണി

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ നടത്തിയ സുവിശേഷ മേളയിൽ 300 ആളുകൾ പങ്കെടുത്തു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ ഫിലിം പ്രദർശനം 110 ആളുകൾ കണ്ടു. അപസ്മാര രോഗത്തിൽ നിന്നും റോമില ബായിയെ നമ്മുടെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

ബാക്ക് ദാരി ഗ്രാമത്തിലുള്ള പത്വി, പർമാൻ എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ സുവിശേഷീകരണ പ്രവർത്തനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ദേവ്മൊഗ്രയുടെ ആരാധകരായി ആഭിചാര ക്രിയയിൽ ഏർപ്പെടുന്ന തോർ കെപാട ഗ്രാമത്തിലെ ഡോക്ടർ ഭാരത്, ജാസ്മബായി എന്നിവർക്കായി പ്രാർത്ഥിക്കുക. ഒരു കുഞ്ഞിനു ജന്മം നൽകിയതിനെ തുടർന്നു മാനസിക രോഗിയായ സില്ല ബായിയുടെയും ത്വക്കു രോഗത്താൽ വലയുന്ന ഈശ ബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കുന്തമോദി : മൂർത്തി & ഭാരതി

നാലു ഗ്രാമത്തിലെ 300 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രണ്ടു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജീവൻ അപകടപ്പെടുത്തുമെന്നു ഭയന്നു അപരിചിതരെ ഗ്രാമത്തിൽ പ്രവേശിപ്പിക്കാത്ത ചഞ്ചെലി ഗ്രാമത്തിൽ ആരാധന ക്കൂട്ടം ആരംഭിച്ചു.

നമ്മുടെ ശുശ്രൂഷയുടെ വളർച്ച വിവിധ പ്രകാരത്തിൽ തടസ്സപ്പെടുത്തുന്ന മുൻ സുവിശേഷകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്നവർ യേശുവിനെ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. ദേവഗാൻ, അഷ്ടബ എന്നീ മലമുകളിൽ ഒരുമിച്ചു കൂടുന്ന ജനങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വാടഫാളി : ബിദ്യുത്കുമാർ സിങ്, ഹേബൽ ഹെബ്രം

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കഴുത്തിലുണ്ടായ ട്യൂമറിൽ നിന്നു മന്ദു ബായി, സീതബായി എന്നിവരെ കർത്താവ് വിടുവിച്ചു.

പതിവായി ആരാധനയിൽ സംബന്ധിക്കുന്നുണ്ടെങ്കിലും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മടിക്കുന്ന ബിജ ദാദ, ജത്തു ബായി എന്നിവർക്കായി പ്രാർത്ഥിക്കുക. വിശ്വാസിയായ വിജയ് ദാദ ആരാധന യോഗത്തിലോ, മറ്റു ആത്മീക യോഗങ്ങളിലോ സംബന്ധിക്കുന്നില്ല. നമ്മുടെ സ്വദേശ സുവിശേഷകന്റെ ഭാര്യ ശാന്തി ബായിക്കു അടിക്കടി രോഗമുണ്ടാകുന്നു. ഈയടുത്ത നാളിൽ അവളെ ഒരു കാള ഇടിച്ചു താഴെയിട്ടതിനാൽ നടക്കുന്നതിനു ബുദ്ധിമുട്ടുന്നു. കമലേശ്, അശ്വിൻ, അർസിയ എന്നിവർ നമ്മുടെ സഭമൂപ്പന്റെ മക്കളാകുന്നു. യേശുവിൽ വിശ്വാസമില്ലാത്ത ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എട്ടു വർഷം മുമ്പ് വിവിഹിതരായ കുനിയ, നന്ദ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 18 വർഷത്തോളമായി തലയിൽ ട്യൂമർ ബാധിച്ച ലളിത ബായി ഇപ്പോൾ തലവേദനയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 28

**ചൊവ്വ**

## ജന്മദിനാശംസകൾ

ഡേവിഡ് രാജാസിങ്,
സെൽവി ദൈവനായകം

## കർണ്ണാടക

### ഗൗരിബിദാനനൂർ & മധുഗിരി

**ഫ്രാൻസിസ് ദുരൈസ്വാമി & ജയന്തി**

നൂറു വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ശ്വസന സംബന്ധമായ പ്രയാസത്താൽ അബോധാവസ്ഥയിലായ നാഞ്ചുണ്ടയെ ദൈവം സൗഖ്യമാക്കി. പ്രാർത്ഥനയുടെ ഫലമായി ഇരുകർ സഭയിലുള്ള എതിർപ്പുകൾ സാവാധാനത്തിൽ ഇല്ലാതാകുന്നു. ചില പ്രശ്നങ്ങളാൽ ആരാധനയിൽ സംബന്ധിക്കാതിരുന്ന രണ്ടു സഭാമൂപ്പന്മാർ പ്രാർത്ഥനയുടെ ഫലമായി ഇപ്പോൾ ആരാധനയിൽ പങ്കെടുക്കുന്നു.

സത്യയമ്മയെ രക്ത സ്രാവത്തിൽ നിന്നു വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരുന്ന പ്രാസാദും കുടുംബവും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ചവർ എല്ലാം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും സഭാമൂപ്പന്മാരും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മലൂർ

**കിഷന്ത ലിമ്മ & പ്രമീള**

ആറു ഗ്രാമങ്ങളിലുള്ള 600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ പ്രമീളയെ ദൈവം വിടുവിച്ചു. തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ പതിവായി സംബന്ധിക്കുവാൻ തുടങ്ങി.

ഞായറാഴ്ച ആരാധനയിൽ പങ്കെടുക്കുന്നവർ യേശുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു രാജപ്പയും രമേശും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വേമഗാൾ

**പോൾ സമ്പത്ത് & രാജം**

പ്രാർത്ഥനയുടെ ഫലമായി നാഗരത്തിനമ്മയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ആത്മാക്കളെ നേടുന്നതിനു 15 സ്ത്രീകൾക്കു പരിശീലനം നൽകി. നമ്മുടെ വിശ്വാസിയായ രാധയെ ഭർത്താവ് ഉപേക്ഷിച്ചെങ്കിലും പ്രാർത്ഥനയുടെ ഫലമായി അമ്മായിയമ്മ അവളെ സ്വീകരിച്ചു പ്രസവ സമയത്തു വേണ്ട എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തു.

നമ്മുടെ വിശ്വാസിയായ ശശികലയുടെ ഭർത്താവ് അവളെ ഉപേക്ഷിച്ചു. സത്യാന്വേഷകനായ രമേശ് മദ്യപാന സ്വഭാവത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഭവാനിയുടെ അമ്മായിയമ്മ അവളോടു പ്രസവ ശേഷം ഭർതൃ ഗൃഹത്തിലേക്കു തിരികെ വരരുതെന്നു താക്കീതു നൽകിയിരിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

ജൂൺ
29
ബുധൻ

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജപതങ്കം മാധവറായി, പോൾ രാജ് പി
വേദക്കർ ദിലീപ്ബായി,
സോണിയ റാണി ജന,
മിന്റു കുതും, മന്ന സിങ്

### ശ്രീനിവാസപുര

**ഹന്ന സിങ്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ മിഷനറിയുടെ പ്രാർത്ഥനയെ തുടർന്നു വിശ്വാസിയായ അക്ഷയയെ ആത്മഹത്യ പ്രവണതയിൽ നിന്നു ദൈവം രക്ഷിച്ചു. ആരാധന യോഗത്തിൽ പുതിയ വിശ്വാസികൾ സംബന്ധിക്കുന്നു. നമ്മുടെ വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു പുതിയ ആളുകളെ സഭയിലേക്കു നയിക്കുന്നു. ആരാധന യോഗത്തിൽ പങ്കെടുത്ത സിതമ്മ പെട്ടെന്നു മയങ്ങിവീണെങ്കിലും വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യമാക്കി.

ശ്രീനിവാസപുരത്തെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മാണത്തിനാവശ്യമായ ഇല്ക്ട്രിക് സാധനങ്ങളും പെയ്ന്റും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന വർഷയയുടെ കഴിഞ്ഞ പത്തു വർഷമായി അലട്ടുന്ന അപസ്മാര രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അംഗൻവാടി അദ്ധ്യാപികയായ ലക്ഷ്മി ദേവിയെ മേലുദ്യോഗസ്ഥർ ശല്യപ്പെടുത്തുന്നു. തളർവാതത്തിൽ നിന്നും നാരായണപ്പ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തന വേളയിലുണ്ടാകുന്ന എതിർപ്പുകൾ അനേകർ യേശുവിനെ സ്വീകരിക്കുന്നതിനു തടസ്സമാകുന്നു.

## ആന്ധ്രപ്രദേശ്

### കലക്കാദ

**വേദിയപ്പൻ & ലക്ഷ്മി**

രണ്ടു ഗ്രാമങ്ങളിലുള്ള 100 പേരോടു സുവിശേഷം പ്രഘോഷിച്ചു. ലക്ഷ്മിപുരത്തുള്ള ഈശ്വരമ്മ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നു. തളർവാതത്താൽ കഷ്ടപ്പെട്ട കോതമ്പള്ളി ഗ്രാമത്തിലുള്ള പ്രായമായ ലച്ചുമി അമ്മയെ ദൈവം തൊട്ടു അത്ഭുത സൗഖ്യം നൽകി.

ദേവലപ്പള്ളി ദൈവാലയത്തിന്റെ ചുറ്റുമതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദീപിക, ഷബാന, സോനി, ഗുരുനന്ദ, ആഞ്ജനേയാലു, കരുണ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദീപ്തി, സൊർണലത, വരലക്ഷ്മി, ഹീന, കത്രിനിസ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന പ്രഭാകർ, അപസ്മാരത്താൽ വലയുന്ന സുവേത്ത, ഹരിത, കാൻസർ രോഗിയായ റെഡ്ഡിയമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ 30**
**വ്യാഴം**

## ജന്മദിനാശംസകൾ

അസറിയ രാജ് കുമാർ,
വെങ്കിടേശൻ സി, വിഘ്നേശ്വരൻ എൻ,
ശിശു പാൽ

## തമിഴ്നാട്

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

മൂന്നു കുടുംബങ്ങൾ നമ്മുടെ ആരാധനയിൽ ക്രമമായി പങ്കെടുക്കുന്നു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

കോട്ടൈയൂർ ഗ്രാമത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. മുരുകൻ, അനാഹെ, പരൻതാമൻ, ശാന്ത കുമാർ, മഗാലിംഗം, കുമാർ, വനിത, അരുൾ ജ്യോതി, രവിശങ്കർ, ഹരെം കുമാർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എയ്ഞ്ചലിൻ മാന്ദന, സമില, അനിത എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാനോ സംസാരിക്കുവാനോ കഴിയാത്ത രസീത (12 വയസ്സ്), മാനസായ് ( ഏഴു വയസ്സ്) ഈ കുട്ടികൾക്കു ദൈവം അത്ഭുതം സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി തേടി വിവിധ സ്ഥലങ്ങളിലേക്കു കുടിയേറി പോയ വിശ്വാസികൾ അവർ ആയിരിക്കുന്ന സ്ഥലത്ത് വിശ്വാസത്തിൽ ഉറച്ചു നിന്ന് ആത്മാക്കളെ നേടേണ്ടതിനായി പ്രാർത്ഥിക്കുക. രവി, അശോകൻ, രാജ് എന്നിവർ മദ്യപാനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### തിരുവള്ളൂർ

**പോൾ ആനന്ദൻ & സാറാ ജോതി**

കാകകന്ദിഗൈയിലുള്ള യുവജനങ്ങൾ ആവേശത്തോടു കൂടി പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നു. കുടുംബത്തിൽ ഒരു യൗവനക്കാരൻ മരിച്ചിട്ടും കാഞ്ചനയും രാജക്കാന്തും കർത്താവിലുള്ള വിശ്വാസം പുതുക്കി. ദത്ത്ചനമൂർത്തിയുടെ കൃഷിയിടങ്ങളിൽ കാട്ടുപന്നിയുടെയും കരടികളുടെയും ശല്യം അടിക്കടി ഉണ്ടായിട്ടും നല്ല വിളവ് ലഭിച്ചു.

കാകകന്ദിഗൈയിലുള്ള ചന്ദ്രമ്മയെ ആസ്മ രോഗത്തിൽ നിന്നു ദൈവം വിടുവിക്കേണ്ടതിനും അവളുടെ അടിസ്ഥാന ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനും മക്കളുടെ സംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക. വിധവകളായ മുനിയമ്മയുടെയും എസ്ഥേർ ജീവയുടെയും ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവിയുടെ ഭർത്താവ് അവളെ മർദ്ദിക്കുന്നത് നിർത്തി യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

## സ്തോത്രം, ശക്തിയുള്ളള ആയുധം!

മഹാരാഷ്ട്രയിൽ സർഗണ മിഷൻ വയലിലുള്ള മജ്ജുള & സുരേഷ് കുടുംബത്തെ ദുരാത്മാവ് ഉപദ്രവിക്കുന്നു. അതിൽ നിന്നു മുക്തി നേടുന്നതിനായി അവർ പല മാർഗ്ഗങ്ങൾ അവലംബിച്ചെങ്കിലും എല്ലാം വ്യർത്ഥമായി. ഒരു ദിവസം മജ്ജുളയുടെ സമീപത്തുള്ള ഒരു ഭവന യോഗത്തിൽ നമ്മുടെ സുവിശേഷകരിൽ ഒരാൾ ഗാന ശുശ്രൂഷക്കു നേതൃത്വം നൽകുകയായിരുന്നു. അയൽവീട്ടിലിരുന്ന മജജുള ഒരു മണിക്കൂറോളം ആ ഗാനങ്ങൾ ശ്രദ്ധിച്ചു. പിന്നിട് അവളും രാത്രി പ്രാർത്ഥനയിൽ പങ്കെടുത്തു. ദൈവവചനം അവൾ ശ്രദ്ധിച്ചപ്പോൾ അവളുടെ ഹൃദയത്തിൽ സമാധാനം നിറഞ്ഞു കവിയുന്നതായി അനുഭവപ്പെട്ടു. മൂന്നു മണിക്കൂറോളം അവൾ അവിടെയിരുന്നു പാട്ടും പ്രാർത്ഥനയും ദൈവവചനവും ശ്രദ്ധിച്ചു. ആ യോഗത്തിൽ അവൾ വിടുതൽ പ്രാപിച്ചു. അനേക ദിനങ്ങൾക്കു ശേഷം ആ രാത്രിയിൽ അവൾ സമാധാനത്തോടെ ഉറങ്ങി. അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇപ്പോൾ അവൾ കുടുംബമായി യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു.

# മിഷനറി ആൽബം

# 372

നാഗലാന്റിൽ ബുറ നാംസിങ് ഗ്രാമത്തിലുള്ള ക്രിസ്തീയ മാതാപിതാക്കളായ Mrs & Mr. ബാംങ്ഷിങ് ഷോമിന്റെ ആറു മക്കളിൽ ഇളയവനായി സഹോ. മോഗ്വായ് ഷോം 1980 ജൂൺ 12 ന് ജനിച്ചു. അവന്റെ മാതാവ് അവനെ ആത്മീകനായി വളർത്തി സഭ നടപടികളിൽ പങ്കെടുക്കുന്നതിനായി ഉത്സാഹിപ്പിച്ചു. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ഒരു വിഷ പാമ്പ് അവനെ കടിച്ചു. ചികിത്സകളും മന്ത്രതന്ത്രങ്ങളും എല്ലാം വ്യർത്ഥമായി. അവന്റെ ശരീരം മുഴുവൻ നീരു വന്നു വീർത്തു. അവനു ഭക്ഷണം കഴിക്കുവാനോ കുടിക്കുവാനോ കഴിയാത്ത അവസ്ഥയിലായി. അവൻ മരണത്തിന്റെ വക്കിൽ എത്തി. അവന്റെ അമ്മ ഒരു ദൈവദാസനെ ഭവനത്തിൽ വിളിച്ചു വരുത്തി. ആ ദൈവദാസൻ മോഗ്വായിയോടു തന്റെ ജീവിതത്തെ ദൈവത്തിനു സമർപ്പിച്ചു കർത്താവിനോടു മാത്രം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അവൻ ദൈവസന്നിധിയിൽ തന്നെ സമർപ്പിച്ചു കൊണ്ടുള്ള പ്രാർത്ഥന ഉരുവിട്ടപ്പോൾ തന്നെ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഇത് അവന്റെ ജീവതത്തിന്റെ ഗതി മാറ്റിയ നിമിഷമായിരുന്നു. അവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ജീവിതാവസാനം വരെ കർത്താവിനെ സേവിക്കുമെന്നു സമർപ്പിക്കുകയും ചെയ്തു.

2005 മെയ് 7 നു മൊഗ്വായ് ഷോം FMPB യിൽ ചേർന്നു. മിഷനറി പരിശീലനത്തിനു ശേഷം നോർത്ത് വെസ്റ്റ് റീജിയനിലുള്ള ജീപ്പ് ടീമിലേക്കു നിയോഗിച്ചു. 2007 ൽ ഹരിയാനയിൽ ഹിസ്സാറിലുള്ള റീജിനൽ ഓഫിസിൽ നിയമിച്ചു. 2008 മുതൽ 2011 വരെ രത്തിയ മിഷൻ വയലിൽ പ്രവർത്തിച്ചു. 2012 മുതൽ 2013 വരെ കർണാൽ മിഷൻ വയലിലും 2014 മുതൽ 2015 വരെ ഝാൻസിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലും പ്രവർത്തിച്ചു.

ഹരിയാനയിൽ യമുന നഗറിലെ അക്രൈസ്തവ കുടുംബമായ Mrs & Mr. പ്രേംചന്ദിന്റെ ഒമ്പതു മക്കളിൽ ഇളയവളായി 1982 ഡിസംബർ ഒന്നിന് സഹോ. നിഷ ജനിച്ചു. 2005 ൽ അവളുടെ സഹോദരിമാരിൽ ഒരാൾ യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നിഷ സഹോദരിയുടെ മാനസാന്തരത്തിൽ സന്തോഷവതിയായിരുന്നില്ല. ഒരു ദിവസം ദുരാത്മാവ് അവളെ ബാധിച്ചു. അവളെ മന്ത്രവാദിയുടെ അടുക്കൽ കൊണ്ടു ചെന്നു. ഒരു മാസത്തിനകം ഇവൾ മരിക്കുമെന്നു അയാൾ പറഞ്ഞു. എന്നാൽ അവളുടെ ക്രിസ്ത്യാനിയായ സഹോദരി അവളെ ഒരു പാസ്റ്ററുടെ അടുക്കൽ പ്രാർത്ഥനക്കായി കൊണ്ടു ചെന്നു. ആ പാസ്റ്റർ പ്രവചനാത്മാവിൽ ഇവളെ ദൈവം സൗഖ്യമാക്കുമെന്നും തുടർന്നുള്ള ജീവിതകാലം അവൾ കർത്താവിനെ സേവിക്കുമെന്നും പറഞ്ഞു. ആ പ്രവചനം യാഥാർത്ഥ്യമായി. ദുരാത്മാവ് അവളെ വിട്ടുമാറി. 2013 ൽ അവൾ FMPB യിൽ മിഷനറിയായി ചേർന്നു.

2013 ജൂൺ 5 ന് സഹോ. മോഗ്വായ് ഷോം, സഹോദരി നിഷയെ വിവാഹം ചെയ്തു. കുടുംബമായി അവർ 2015 - 2019 വരെ ഉത്തർപ്രദേശിലെ പൊക്കറായൻ മിഷൻ വയലിൽ പ്രവർത്തിച്ചു. ഇപ്പോൾ ഇവർ ഉത്തർപ്രദേശിലെ റാണിയ ഫീൽഡിൽ പ്രവർത്തിക്കുന്നു.

ഇവർക്കു രണ്ടു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. മൂത്ത മകൻ ഹാർഷ് ഹമായ് ഷോം (21.6.2014) രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഇളയ മകൻ ബെയുക്കൻ ഹനോക്ക് ഷോം (30.5.2017)

ഈ മിഷനറി കുടുംബത്തെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.



**ശ്രീ. മൊഗ്വായ് ഷോം & ശ്രീമതി. നിഷ മൊഗ്വായ്**

# FINANCE DEPARTMENT

**Online Banking**

## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

ICICI - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

SBI - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

Indian Bank - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

**Kindly contact us at: finance@fmpb.org, WhatsApp: 7904648270**

## FOR THE KIND ATTENTION OF SUBSCRIBERS AND SUPPORTERS

The Payment Gateway of State Bank of India through internet is enabled for the contributors of FMPB. You are requested to avail the facility to remit the money.

You are requested to inform the purpose for which the money you deposit through **FMPB SB COLLECT** website.

To enter the gateway, please type **'FMPB SB COLLECT Online subscription'** and provide other details to make your transaction complete. This will help us to know your identity immediately and respond quickly to send receipts and acknowledgements.




In google search type: **FMPB SB Collect**

it will show **State Bank Collect - Online SBI**

**Tick the box**

☑ (Click check box to proceed for payment)

**Proceed**

State of Corporate / Institution: Select **All India**

Type of Corporate / Institution:
Select **Religious Institutions**

**Go**

Religious Institutions Name: **Friends Missionary Prayer Band**

**Submit**

Select Payment Category: **Donations and subscriptions**

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***